# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 0** തീയതി:.....................

## ആമുഖം

*"ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു; അങ്ങനെ, ഈ കാണുന്നവയെല്ലാം ദൃശ്യമായ തിൽ നിന്നല്ല ഉളവായത് എന്നു നാം വിശ്വാസത്താൽ അറിയുന്നു." - എബ്രായർ 11:3.*

*"ഈ കാണുന്നവയെല്ലാം ദൃശ്യമായതിൽ നിന്നല്ല ഉളവായത്,"* അടുത്ത മുപ്പതു ദിവസങ്ങളിലൂടെ നാം കടന്നുപോകുവാൻ പോകുന്ന പ്രാർത്ഥനാസമയ പരമ്പരയിൽ പ്രതിപാദിക്കുന്ന വിശ്വാസവീരരുടെ ജീവി തകഥകളെക്കുറിച്ച് വളരെ വ്യക്തമായ ഒരു കാഴ്ചപ്പാടു ലഭിക്കാൻ ഈ വാക്കുകൾ മാത്രം മതിയാകും.

വിശ്വാസത്തിന്റെ കാര്യം വരുമ്പോൾ ഒരേ ഒരു താരമേ നമ്മുടെ മുന്നിലുള്ളൂ. നമ്മുടെ മുന്നിലുള്ള സകല വീരരും വിശ്വാസം ആർജ്ജിച്ചത് ഈ താരത്തിൽ നിന്നുംമാത്രമാണ് - സർവ്വശക്തനായ നമ്മുടെ ദൈവം. ഈ പരമ്പരയിൽ നാം പഠിക്കുന്ന വീരഗണമെല്ലാം ഈ താരവുമായി മുഖാമുഖം നിന്നവരാണ്; അവർണ്ണനീയനും, ആൽഫയും ഒമേഗയും, ഞാൻ ആകുന്നവനും, സർവ്വശക്തനും, പരമാധികാരിയും, സ്വയം നിലനില്ക്കുന്നവനും, നിത്യനും, ശ്രേഷ്ടഉപദേഷ്ടാവും, ഇസ്രായേലിന്റെ പരിശുദ്ധനുമായ സ്വർഗ്ഗീ യനായ പിതാവായ ഈ താരത്തെ തന്നെ.

നമ്മുടെ വീരരിൽ ഒരാളായ മോശ തനിക്കുണ്ടായ അനുഭവത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരി ക്കുന്നു: *'അപ്പോൾ യഹോവ മേഘത്തിൽ ഇറങ്ങി അവന്റെ അടുക്കൽ വന്നു; യഹോവ തന്റെ നാമം ഘോഷിച്ചു: "യഹോവ, യഹോവയായ ദൈവം, കരുണയും കൃപയും ഉള്ളവൻ; ദീർഘക്ഷമയും മഹാദ യയും വിശ്വസ്തതയുമുള്ളവൻ. ആയിരങ്ങളോടു കരുണ കാണിക്കുന്നവൻ; അകൃത്യങ്ങളും അതിക്ര മവും പാപവും ക്ഷമിക്കുന്നവൻ;..."'* (പുറപ്പാട് 34:5-7). വിശ്വാസത്തിൽ രൂപാന്തരം വന്നവനും, ദൈവ ത്തെക്കുറിച്ചുള്ള തിരിച്ചറിവിൽ പുതുക്കപ്പെട്ടവനുമായാണ് മോശ തിരികെവന്നത്. അതിനുശേഷമുള്ള മോശയുടെ ജീവിതം വ്യത്യസ്ഥമായിരുന്നു.

ഈ വിശ്വാസവീരരെല്ലാം ദൈവത്തിൽ ആനന്ദിച്ചിരുന്നു, അവരുടെ വിശ്വാസം വർദ്ദിതമാകുവാനും ദൈവ ത്തിലുള്ള ആശ്രയം പൂർണ്ണമാകുവാനും ഇത് അവരെ സഹായിച്ചു. ഇയോബ്, തന്നെത്തന്നെ വിനയാ ന്വിതനാക്കി, ദൈവത്തെക്കുറിച്ച് ഇപ്രകാരം ഏറ്റുപറഞ്ഞിരിക്കുന്നു: *"അങ്ങേയ്ക്ക് എല്ലാം സാദ്ധ്യമെന്നും അങ്ങയുടെ ഉദ്ദേശമൊന്നും തടയാനാവുകയില്ലെന്നും ഞാൻ അറിയുന്നു."* (ഇയ്യോബ് 42:2). നൂറ്റാണ്ടു കൾക്കു ശേഷം, പ്രവാചകനായ ഏശയ്യാവിന് ദൈവം നല്കിയ ഉറപ്പിതാണ്: *"ആരംഭത്തിൽതന്നെ അവ സാനവും പൂർവ്വകാലത്തുതന്നെ ഭാവിയിൽ സംഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു; എന്റെ ആലോ ചന നിലനിൽക്കും; എനിക്കു ഹിതമായതൊക്കെയും ഞാൻ ചെയ്യും."* (ഏശയ്യ 46:10)

ദൈവകരത്തിന്റെ അതിശ്രേഷ്ടമായ ഒരു വീര്യപ്രവൃത്തിക്കു സാക്ഷ്യം വഹിച്ച നെബുഖദ്നെസ്സർ രാജാവ് തന്റെ സാമ്രാജ്യത്തിലെങ്ങുമുള്ള പ്രജകൾക്കായി ഈ കല്പന പുറപ്പെടുവിച്ചു: *"അവിടുന്ന് സകല ഭൂവാ സികളേയും ശൂന്യം എന്ന് എണ്ണുന്നു; സ്വർഗ്ഗീയ സൈന്യങ്ങളുടെയും ഭൂവാസികളുടെയും മധ്യേ അവി ടുന്ന് തിരുഹിതം നിറവേറ്റുന്നു. അവിടുത്തെ കൈകളെ തടയുവാനോ എന്തു പ്രവർത്തിക്കുന്നുവെന്ന്*

*അവിടുത്തോടു ചോദിക്കുവാനോ ആർക്കും കഴിയില്ല."* (ദാനിയേൽ 4:35). എഫേസ്യർ 1:12ൽ: *"സ്വന്തം ഹിതത്തിന്റെ ആലോചനയനുസരിച്ചു സകലവും പ്രവർത്തിക്കുന്ന ദൈവം..."* എന്നൊരു പുഃനരുറപ്പ് ദൈവത്തെക്കുറിച്ച് അപ്പസ്തോലൻ പൗലോസും നല്കിയിരിക്കുന്നു. ഈ വീരരിൽ ഓരോരുത്തർക്കും പറയാനുള്ള തങ്ങളുടെ കഥ നമ്മോടു സംവദിക്കുന്നത്, ദൈവം അവർക്കോരോരുത്തർക്കും വേണ്ടി നിർമ്മിച്ച ശ്രേഷ്ഠപദ്ധതിയെക്കുറിച്ചാണ്. നമുക്കുവേണ്ടിയുള്ള ദൈവപദ്ധതികളെക്കുറിച്ചും.

ആകയാൽ, അടുത്ത മുപ്പതു നാളുകളിൽ, അവരുടെ കഥകൾ നമുക്കു കേൾക്കാം, അവയെ ഗ്രഹിക്കാം, അതിശ്രേഷ്ഠനായ ഈ താരത്തിലുള്ള നമ്മുടെ ആശ്രയം വളർത്തുകയും ചെയ്യാം. ഓരോ ദിവസത്തിലും ഓരോ കാര്യങ്ങളായി ഈ പരമ്പര നമ്മെ രൂപാന്തരപ്പെടുത്തട്ടെ, ദൈവത്തിൽ ആശ്രയം വയ്ക്കുവാനും, ദൈവം നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ഒരുക്കിയിട്ടുള്ള പദ്ധതികളിൽ ആശ്രയിക്കാനും നമുക്കു കഴിയുമാറാകട്ടെ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 1** തീയതി:.....................

### ഹാബേലിന്റെ ദൈവം

**ഉല്പത്തി 4:1–16**
മനുഷ്യവർഗ്ഗത്തിലെ തന്നെ ആദ്യത്തെ സഹോദരന്മാരുടെ കഥയാണ് നാം ഇവിടെ വായിക്കുന്നത്.

- കയീൻ മൂത്തവനായിരുന്നു, അവൻ മണ്ണിൽ പണിയെടുത്തു. ഹാബേൽ ആടുകളെ മേയ്ച്ചു (വാ 1–2)
- കയീൻ ഒരംശം ദൈവത്തിനുമുമ്പിൽ കൊണ്ടുവന്നു, ഹാബേൽ തനിക്കുള്ളതിൽ ഏറ്റവും മികച്ചതു കൊണ്ടുവന്നു (വാ 3–4)
- ഹാബേലിന്റെ കാഴ്ചയിൽ ദൈവം സന്തോഷിച്ചു, എന്നാൽ കയീനോട് അതുണ്ടായില്ല (വാ 4–5). നമ്മുടെ ഏറ്റവും മികച്ചത് അർഹിക്കുന്നവനാണു ദൈവം.
- ദൈവം പറഞ്ഞതിനെചൊല്ലി കയീൻ കോപിച്ചു (വാ 5). കോപിക്കുന്നതെന്തിന് എന്ന് ദൈവം അവനോടു ചോദിച്ചു (വാ 6)
- ശരിയായതു ചെയ്താൽ നാം സ്വീകരിക്കപ്പെടുമെന്ന് ദൈവം പറഞ്ഞു. അതു ചെയ്തില്ലെങ്കിൽ പാപം നമ്മെ കീഴടക്കാൻ ഒരുങ്ങിനില്ക്കുകയാണ് (വാ 7).
- തനിക്ക് അധീശത്വമുള്ള വയലിലേക്ക് ഹാബേലിനെ കൊണ്ടുവന്നുകൊണ്ട് കയീൻ ചതി പ്രയോഗിച്ചു (വാ 8)
- ദൈവം കയീനോട് ഒരു ചോദ്യം ചോദിച്ചു, ചോദ്യത്തിനുള്ള ഉത്തരം ദൈവത്തിന് അറിയാമായിരുന്നെങ്കിലും (വാ 9)
- തന്റെ സഹോദരന്റെ ഉത്തരവാദിത്വം തനിക്കാണോ എന്ന ചോദ്യം കയീൻ ചോദിച്ചു (വാ 9)
- ഹാബേലിന്റെ രക്തത്തിന്റെ മുറവിളി ദൈവം കേട്ടു (വാ 10)
- തന്റെ സഹോദരന്റെ രക്തത്താൽ നിലം മലിനമാക്കിയതുകൊണ്ട്, കൃഷിചെയ്താൽ അവനു വിളവു ലഭിക്കുകയില്ല എന്ന മുന്നറിയിപ്പ് ദൈവം കയീനു നല്കി (വാ 11–12)
- ഈ ഭൂമുഖത്ത് അവൻ സ്വസ്ഥതയില്ലാത്തവും അലയുന്നവനുമായിത്തീരുമെന്ന് ദൈവം മുന്നറിയിപ്പു നല്കി - സമാധാനമോ കുടുംബമോ ഇല്ലാത്തവനായിത്തീരും (വാ 12)
- ഇതൊന്നും എടുക്കാൻ പറ്റാത്ത ഒരു അവസ്ഥയായിരുന്നു കയീന് (വാ 13). അവനോടുതന്നെ സഹതാപം തോന്നി, താൻ കൊല്ലപ്പെടുമെന്ന ഭയം അവനുണ്ടായി (വാ 14)
- ദൈവം കയീനുമേൽ ഒരു അടയാളം വച്ചു, അവനോടു കരുണകാണിച്ചു, അവനെ ജീവിക്കാൻ അനുവദിച്ചു (വാ 15–16)

**മത്തായി 23:35** ഹാബേൽ നീതിമാനായിരുന്നുവെന്ന് യേശു പ്രസ്ഥാവിച്ചു, ആദ്യത്തെ രക്തസാക്ഷി

**എബ്രായർ 11:4** ഹാബേലിന്റെ കാഴ്ച ദൈവമുന്നിൽ സ്വീകാര്യമായത് അവൻ അതു വിശ്വാസത്താൽ സമർപ്പിച്ചതിനാലാണ്. അവന്റെ ബലിയെക്കുറിച്ച് ദൈവം നല്ല വാക്കുകൾ സംസാരിച്ചു. മരിച്ചവനെങ്കിലും ഹാബേൽ ഇപ്പോഴും സംസാരിക്കുന്നു, കാരണം അവൻ നീതിമാനായിരുന്നു.

**എബ്രായർ 12:24** നിലത്തു നിന്ന് ദൈവത്തോടു നിലവിളിച്ച (ഉല്പത്തി 4:10) ഹാബേലിന്റെ രക്തത്തെക്കാൾ ശ്രേഷ്ടമായി യേശുവിന്റെ രക്തം സംസാരിക്കുന്നു

**1 യോഹന്നാൻ 3:11–12** കയീന്റെ പ്രവൃത്തികൾ തിന്മയായതും തന്റെ സഹോദരന്റെ പ്രവൃത്തികൾ നീതി

പൂർണ്ണമായതും കൊണ്ടാണ് കയീൻ ഹാബേലിനെ കൊലപ്പെടുത്തിയത്.

ഹാബേലിന്റെ ദൈവത്തെക്കുറിച്ച് ഇവിടെ നിന്നും നമുക്കു പഠിക്കാൻ കഴിയുന്ന കാര്യങ്ങൾ:

1. **ദൈവം പ്രവൃത്തികൾ തിരയുന്നു**: അവരുടെ രണ്ടുപേരുടെയും കാഴ്ചകൾ ദൈവം കണ്ടു (ഉല്പത്തി 4:3-5), കയീൻ നടത്തിയ കൊലപാതകവും ദൈവം കണ്ടു (ഉല്പത്തി 4:10)
2. **ദൈവം വിശ്വാസം തിരയുന്നു**: അവർ രണ്ടുപേരും സമർപ്പിച്ച കാഴ്ചയിലെ വ്യത്യാസം ദൈവത്തിനു പറയാൻ കഴിയുമായിരുന്നു (ഉല്പത്തി 4:4-5). ഒരാൾ വേണ്ടിയതുകൊണ്ടു ചെയ്തു. മറ്റൊരാൾ നീതിപൂർണ്ണമായി ചെയ്തു. ഒരാൾ പതിവുതെറ്റിക്കാതിരിക്കാനായി ചെയ്തു, മറ്റൊരാൾ വിശ്വാസത്താൽ ചെയ്തു.
3. **ദൈവം വീണ്ടും അവസരങ്ങൾ നല്കുന്നു**: ദൈവം കയീനെ വഴക്കുപറഞ്ഞെങ്കിലും മാറ്റം വരുത്താൻ ഒരു അവസരവും കൂടി അവനു നല്കി (ഉല്പത്തി 4:6-7). ദൈവം കയീനെ വധിച്ചില്ല (ഉല്പത്തി 4:15-16). യേശുവിന്റെ രക്തം നമുക്കായി ഒരു തെളിഞ്ഞ സ്ലേറ്റു നല്കുന്നു, രണ്ടാമതൊരു അവസരവും (എബ്രായർ 12:24)
4. **ദൈവം ഓർത്തിരിക്കുന്നു**: കയീനെയും ഹാബേലിനെയും ദൈവം എക്കാലത്തേക്കുമായി ഓർത്തു വച്ചിരിക്കുന്നു; കയീൻ നീതികേടു പ്രവർത്തിച്ചുവെന്നും (1 യോഹന്നാൻ 3:11-12), ഹാബേൽ നീതിപ്രവർത്തിച്ചുവെന്നും (മത്തായി 23:35) ദൈവം ഓർത്തുവച്ചിരിക്കുന്നു. നാം സമ്പാദിച്ചതും നമ്മുടെ വിജയങ്ങളുമെല്ലാം മാഞ്ഞുപോകും. എന്നാൽ നാം സ്പർശിച്ചവർ നമ്മുടെ പെരുമാറ്റത്താൽ നമ്മെ ഓർത്തുവയ്ക്കും.

**ഉദാഹരണം:**

ഞങ്ങളുടെ ജീവിതത്തിൽ ദൈവം അനേകതവണ ഒരു രണ്ടാം അവസരം നല്കിയിരിക്കുന്നു, ഇക്കാര്യത്തിൽ ഞങ്ങൾ നന്ദിനിറഞ്ഞവരാണ്. വളരെയധികം ദുർഘടകരമായ ഒരു സമയത്തിനു ശേഷവും (ലണ്ടനിലായിരുന്നപ്പോൾ ഞങ്ങൾ ചെയ്ത അബദ്ധങ്ങൾക്കും അതിൻഫലമായി കടന്നുപോകേണ്ടി വന്ന കഠിനതകൾക്കും ശേഷം) ഇന്ത്യയിലേക്കു തിരിച്ചുവരുവാനും ഇവിടത്തെ ദരിദ്രരെ സഹായിക്കാനും ദൈവം ഒരു അവസരം നല്കി. ഈ തീരുമാനവും മാറ്റവുമെല്ലാം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നവയായിരുന്നെങ്കിലും, ഞങ്ങൾ തിരഞ്ഞെടുത്തവഴിയെ ദൈവം അനുഗ്രഹിച്ചു, ദശലക്ഷക്കണക്കിന് ആളുകൾക്ക് സഹായമെത്തിക്കുന്ന രീതിയിൽ HOPE *foundation*നെ വളർത്താനും സഹായിച്ചു.

**പ്രാവർത്തികമാക്കേണ്ടതിന്:**

1. നിങ്ങൾ ദൈവത്തിനു നല്കുന്ന സമയവും പണവും ആരെയാണ് സൂചിപ്പിക്കുന്നത്, കയീനെയാണോ അതോ ഹാബേലിനെയാണോ?
2. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് ഒരു തീരുമാനമെടുക്കേണ്ട ഘട്ടത്തിലാണോ നിങ്ങൾ ഇപ്പോൾ? വിശ്വാസപൂർണ്ണമായി എടുക്കേണ്ട സുഖകരമല്ലാത്ത ഒരു തീരുമാനം ഒരു വശത്ത്, സുഖകരമായ തീരുമാനം മറ്റൊരു വശത്ത്, എന്നാൽ അതു സ്വാർത്ഥമായതുമാണ്. ഏതുവേണമെന്ന തീരുമാനമെടുക്കുമ്പോൾ ഹാബേലിന്റെ ദൈവത്തിൽ ആശ്രയിച്ച് തീരുമാനം തിരഞ്ഞെടുക്കുമോ?
3. നിങ്ങളുടെ ജീവിതത്തിൽ കൂടി കടന്നുപോയ ഉയർച്ചകളിലും താഴ്ചകളിലൂം കൂടി പ്രാർത്ഥിക്കുക. ദൈവം നിങ്ങൾക്കു നല്കിയിട്ടുള്ള രണ്ടാം അവസരങ്ങളെ പ്രതിഫലിപ്പിച്ചു ധ്യാനിക്കുക.

മാർക് ടെംപ്ലർ

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 2** തീയതി:.....................

## ഹാനോക്കിന്റെ ദൈവം

കൊച്ചിയിലെ സഭ മുപ്പതാം വർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്നു, വിശ്വസ്തരായ അനേകം ശ്രേഷ്ടസഹോദരീ-സഹോദരൻമാരിലൂടെ, തന്റെ രാജ്യം മുന്നോട്ടു നയിക്കാൻ വേണ്ടി ദൈവം പ്രവർത്തിച്ച മുപ്പതു വർഷങ്ങൾ. ഇന്നു നമ്മൾ ഹാനോക്കിന്റെ ദൈവം എന്ന വിഷയമാണ് പരിഗണിക്കുന്നത്. ഹാനോക്കിനെയും അദ്ദേഹത്തിനു ദൈവവുമായുണ്ടായിരുന്ന ബന്ധത്തെയും കുറിച്ചു നമുക്കു പഠിക്കാം.

ഹാനോക്കിനെ ആദ്യമായിട്ടു പരാമർശിക്കുന്നത് ഉല്പത്തിയുടെ അഞ്ചാം അദ്ധ്യായത്തിലാണ്.

**ഉല്പത്തി 5:18-24**

ബൈബിളിലെത്തന്നെ ഏറ്റവും അതിശയകരമായ ഒരു വ്യക്തിയെയാണ് നാം ഇവിടെ കാണുന്നത്. മരണം കാണാതെ എടുക്കപ്പെട്ട അപൂർവ്വം വ്യക്തികളിൽ ഒരാൾ. എന്നിരുന്നാലും അദ്ദേഹത്തിന്റെ ജീവിതവും, ദൈവവുമൊത്തുള്ള അദ്ദേഹത്തിന്റെ നടത്തവും വിവരിക്കുന്നത് വളരെക്കുറച്ചു വാക്കുകളാൽ മാത്രമാണ്. ഇവിടെ നിന്നും നമുക്കു പെറുക്കിയെടുക്കാൻ കഴിയുന്നത് എന്തൊക്കെയാണ്?

യാരെദിന്റെ മകനായിരുന്നു ഹാനോക്. ഹാനോക്കിന് 65 വയസ്സു പ്രായമുള്ളപ്പോൾ മകൻ മെഥുശലഹ് ജനിച്ചു. മകൻ ജനിച്ചതിനുശേഷം ഹാനോക് മുന്നൂറുവർഷങ്ങൾ ദൈവത്തോടുകൂടെ നടന്നു എന്ന് ബൈബിൽ രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ മകൻ ജനിച്ചതിനുശേഷം ഹാനോക്കിന്റെ ഹൃദയം മാറുകയും ദൈവത്തോടുള്ള തന്റെ ഭക്തി മാറുകയും ചെയ്തു, അടുത്ത മുന്നൂറു വർഷം, തന്റെ അവസാനശ്വാസം വരെ, അദ്ദേഹം ദൈവമുന്നിൽ വിശ്വസ്തനായി നടന്നു - പിന്നീടുള്ള തന്റെ ജീവിതകാലം മുഴുവൻ എന്നാണ് നാം മനസ്സിലാക്കുന്നത്, സഹോദരീ സഹോദരന്മാരെ. മെഥുശലേഹിന്റെ ജനനം തന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായിരുന്നു, ദൈവത്തിൽ നിന്നുമൊരു തിരിഞ്ഞുനോട്ടം പിന്നീട് അദ്ദേഹത്തിനുണ്ടായിട്ടില്ല.

ദൈവവുമായുള്ള തന്റെ ബന്ധത്തിൽ ഇത്തരത്തിൽ ശക്തമായ ഒരു മാറ്റം വരുന്നതിനുള്ള ഒരു കാരണവും തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മെഥുശലേഹ് എന്ന പേരിന്റെ അർത്ഥം നമുക്കൊരു കച്ചിത്തുരുമ്പാണ്. *"അവൻ മരിക്കുമ്പോൾ അതുവരും"* എന്നതാണ് മെഥുശലേഹ് എന്ന പേരിന്റെ അർത്ഥം. മെഥുശലേഹിന്റെ ജനനത്തോടൊപ്പം, ദൈവവിധിയുടെ വരവിനെക്കുറിച്ച് ഹാനോക്കിന് ഒരു തിരിച്ചറിവുണ്ടായി, ദൈവവുമായി ചേർന്നു നടക്കാൻ താൻ എടുത്ത തീരുമാനത്തിന്റെ ഒരു കാരണം ചിലപ്പോൾ ഇതായിരിക്കാം. ദൈവം ഹാനോക്കിനോടു പങ്കുവച്ചകാര്യം അദ്ദേഹം ശ്രദ്ധാപൂർവ്വം കേട്ടു.

മെഥുശലേഹിന്റെ കാലശേഷം ദൈവം വിധിനടപ്പാക്കുമെന്ന് ഹാനോക് തിരിച്ചറിഞ്ഞു, ആ വിധിദിവസം എന്നുവേണമെങ്കിലും വന്നേക്കാം എന്നും, അതുകൊണ്ട് ഇനിയുള്ള ജീവിതകാലം മുഴുവൻ തനിക്ക് ദൈവത്തോടു ചേർന്നു നടക്കണമെന്നുമുള്ള ഉൾപ്രേരണ ഹാനോക്കിനുണ്ടായി. ദൈവം വെളിപ്പെടുത്തിയ കാര്യത്തിൽ പൂർണ്ണമായ ആശ്രയം അവനിൽ ഉണ്ടായിരിന്നു, ദൈവത്തോടു വിശ്വസ്തനായി ജീവിക്കുവാൻ തന്നെ സഹായിക്കുന്ന രീതിയിൽ.

ഒരാളോടൊപ്പം നടക്കുക എന്നാൽ, അയാളുമൊത്ത് ഒരു ചങ്ങാത്തമുണ്ടാവുക, സുഹൃദ്ബന്ധം

ഉണ്ടാവുക, ഗാഢമായ അടുപ്പം ഉണ്ടാവുക, സ്നേഹമുണ്ടാവുക എന്നൊക്കെയാണ് അർത്ഥമാക്കുന്നത്. വേറൊരാളൊത്തു നടക്കണമെങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ ത്യജിക്കേണ്ടതുണ്ട്. മറ്റൊരാൾ പോകുന്ന വഴിയിൽ പോകണം, അയാൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യണം, അയാളെ സന്തോഷിപ്പിക്കുന്ന കാര്യങ്ങളിൽ മാത്രം ശ്രദ്ധയൂന്നണം. അതുകൊണ്ട്, മറ്റൊരാളുമൊത്തു നടക്കുക എന്നത് എളുപ്പമായ കാര്യമല്ല, അതിന് നിങ്ങൾ സ്വയം ത്യജിക്കണം, നിങ്ങളുടെ താത്പര്യങ്ങൾ ത്യജിക്കണം, നിങ്ങളെ മുഴുവനുമായും ത്യജിക്കണം. നിങ്ങളുടെ താത്പര്യം ഇടതുവശത്തുള്ള വഴിയിലേക്കു തിരിയാനാണ്, എന്നാൽ കൂടെ നടക്കുന്നയാളുടെ താത്പര്യം വലതുവശത്തേക്കു തിരിയാനാണെങ്കിൽ നിങ്ങളും വലതു വശത്തുള്ള വഴിയിലേക്കു തിരിയണം. ഹാനോക് ദൈവത്തോടൊപ്പം നടന്നു എന്നു പറയുന്നതിന്റെ അർത്ഥം, ഹാനോക് ദൈവത്തെ പ്രസാദിപ്പിക്കുന്ന കാര്യങ്ങൾ എപ്പോഴും ചെയ്തു എന്നാണ്. എബ്രായരുടെ പുസ്തകത്തിൽ നാം കാണുന്ന വിവരണവും അതുതന്നെയാണ്.

**എബ്രായർ 11:5** *വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു; ദൈവം അദ്ദേഹത്തെ എടുത്തുകൊണ്ടുപോയതിനാൽ അദ്ദേഹത്തെ പിന്നെ കണ്ടതേയില്ല. താൻ എടുക്കപ്പെടുന്നതിനുമ്പ്, ദൈവത്തെ പ്രസാദിപ്പിച്ചവൻ എന്ന സാക്ഷ്യം അദ്ദേഹത്തിനു ലഭിച്ചു.*[1]

ഹാനോക്കിന് മരണം കാണേണ്ടിവന്നില്ല. മരണത്തെകൂടാതെതന്നെ അവനെ ഈ ലോകത്തിൽ നിന്നും എടുത്തുകൊണ്ടുപോയി എന്ന് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവനെ മരണത്തിനു വിട്ടുകൊടുക്കാത്തവണ്ണം ദൈവം അവനോടു കരുണ കാണിച്ചു – അവനെ എടുത്തു കൊണ്ടുപോയി. മുമ്പൊരിക്കലും ചെയ്തിട്ടില്ലാത്ത ഒരു കാര്യം ഹാനോക്കിനുവേണ്ടി ചെയ്തുകൊണ്ട്, ഹാനോക് തനിക്ക് എത്ര വിശേഷപ്പെട്ടവനാണെന്ന കാര്യം ദൈവം യാതൊരു സന്ദേഹത്തിനും ഇടനല്കാതെ വ്യക്തമാക്കി. ദൈവത്തിനറിയാം; അവനു നമ്മുടെ ഹൃദയം അറിയാം, നമ്മുടെ വിശ്വാസത്തിൻ എത്രമാത്രം ആത്മാർത്ഥയുണ്ടെന്ന് അവനറിയാം, ദൈവവുമായുള്ള ഒരു സമ്പർക്കത്തിന്/ബന്ധത്തിന് നാം എത്രമാത്രം ആഗ്രഹിക്കുന്നുണ്ടെന്നും ദൈവത്തിനറിയാം. ദൈവവുമായുള്ള നടത്തത്തിന്റെ കാര്യത്തിൽ നാം ഉൾക്കൊണ്ടിരിക്കുന്ന ചിന്തകളും മനോഭാവങ്ങളും പ്രചോദനങ്ങളും അവൻ അറിയുന്നു.

ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തെക്കുറിച്ച് നിങ്ങൾക്ക് എന്തൊക്കെ പറയാൻ കഴിയും? ദൈവവുമായുള്ള നിങ്ങളുടെ ബന്ധം എപ്രകാരമാണ് ഇരിക്കുന്നത്? ദൈവവുമായി ആഴത്തിലുള്ള ഒരു ബന്ധം വളർത്തിയെടുക്കാൻ വേണ്ടി നിങ്ങളുടെ ഭാഗത്തുനിന്നുമുള്ള ആഗ്രഹവും, പ്രയത്നവും, വിശ്വസ്തതയും കാണുമ്പോൾ ദൈവം പ്രസാദിതനാകുമോ?

**പ്രായോഗികമായി:** മൂന്നൂറുവർഷങ്ങൾ ദൈവത്തോടു ചേർന്നു നടക്കാൻ തക്കവണ്ണം ഹാനോക് അറിഞ്ഞ ദൈവം ആരായിരിക്കും എന്നതിനെക്കുറിച്ച് ഇന്നത്തെ പ്രാർത്ഥനയിൽ പ്രതിഫലിപ്പിക്കുക.

ദിനേശ് ജോർജ്ജ്.

---

[1] എല്ലാവചനങ്ങളും എടുത്തുപയോഗിച്ചിരിക്കുന്നത് NIV യുടെ മലയാളം പരിഭാഷയിൽനിന്നുമാണ് (NIBV, 2000), വേറെ സൂചനകൾ നല്കിയിട്ടില്ലെങ്കിൽ.

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 3** തീയതി:.....................

## മോശയുടെ ദൈവം

ദൈവവാഗ്ദാനങ്ങൾ മുറുകെപ്പിടിച്ചുള്ള നില്പ്

ഈജിപ്തിൽ അടിമത്തത്തിൽ കഴിഞ്ഞിരുന്ന ദൈവമക്കളുടെ മാനസികാവസ്ഥ എന്തായിരുന്നുവെന്ന് പുറപ്പാട് 5-ാം അദ്ധ്യായം നമ്മെ കാണിച്ചു തരുന്നു. ഈജിപ്തുകാർ അവരോടു മോശമായ സമീപനം കൈക്കൊണ്ടു, കഠിനമായ അടിമവേലയിലേക്ക് അവരെ ബലം പ്രയോഗിച്ചു വലിച്ചിഴച്ചു, ഏകദേശം നാനൂറു വർഷത്തോളം. തങ്ങളുടെ ബന്ധികളുടെ ഭാഗത്തുനിന്നുമുണ്ടായ ക്രൂരപീഡകൾ സഹിക്കാൻ കഴിയാതെ വീണ്ടും ഒരിക്കൽക്കൂടി ഇസ്രായേൽ ജനം മുറവിളിച്ചു, ആരെങ്കിലും തങ്ങളുടെ വിലാപം കേൾക്കുമെന്നു വിചാരിച്ച്.

തങ്ങളുടെ നായകനായ മോശയിൽ അവർക്കു പ്രത്യാശനഷ്ടപ്പെട്ടിരുന്നു, മോശയാകട്ടെ, തന്റെ നായകത്വത്തിൽ വളരെതാഴെ എത്തിപ്പോയ ഒരു സമയവുമായിരുന്നു. തന്റെ വിശ്വാസച്യുതിയിലും, തനിക്കുചുറ്റും നടക്കുന്ന കോലാഹലത്തിലും നിരാശനായ മോശ, തന്റെ ഹൃദയത്തിന്റെ അവസ്ഥ ദൈവമുന്നിൽ ചൊരിയുന്നു (വാ 22-23). ഏറ്റവും ശ്രേഷ്ഠമായ രീതിയിലുള്ള തന്റെ സമാശ്വാസം ദൈവം മോശയ്ക്കു നല്കുന്നു. ദൈവം അവനുമുന്നിൽ തന്റെ വാഗ്ദാനങ്ങൾ നല്കുന്നു. ദൈവജനത്തിനുമുന്നിൽ കീഴടക്കപ്പെടേണ്ടതിനായി അനേകം മലകളും താഴ്വരകളും കാത്തുനിൽക്കുന്നുണ്ടെങ്കിലും, വ്യക്തിപരമായ രീതിയിൽ അവരെ പ്രോത്സാഹിപ്പിക്കാനായി മോശയുടെ ദൈവം സമയം കണ്ടെത്തുന്നു.

നമ്മുടെ കാലഘട്ടത്തിലും, നമ്മുടെ ഈ പുതിയനിയമ തലമുറയിലും ഈ ദൈവവാഗ്ദാനങ്ങൾ നിറവേറപ്പെടുന്നുണ്ടെന്ന കാര്യം നമുക്ക് ഓർമ്മ വയ്ക്കാം.

**പുറപ്പാട് 6:6-9**

***ഞാൻ നിങ്ങളെ ഈജിപ്തുകാരുടെ നുകത്തിൻ കീഴിൽ നിന്നു വിടുവിക്കും.***

അവർ ഈജിപ്തിൽ അടിമകളായി ജീവിച്ചിരുന്ന കാലഘട്ടം ഒരു മാസമോ, ഒരു വർഷമോ. നൂറു വർഷങ്ങളോ അല്ല, നാനൂറു വർഷങ്ങളാണ്; വളരെ നീണ്ട, അനേകതലമുറകൾ അടിമകളായി ജീവിച്ച ഒരു കാലഘട്ടമായിരുന്നു അത്. ആഴ്ചവട്ടം മുഴുവനും ദുഃസ്സഹമായ ചൂടിലും, മോശം സാഹചര്യങ്ങളിലുമായി മരിക്കുവോളം പണിയെടുക്കുക എന്നതായിലുന്നു അവരുടെ മുന്നിലുണ്ടായിരുന്ന ഏകകാര്യം, വിശ്രമം എന്ന വാക്കിന്റെ അർത്ഥം അവർ മനസ്സിലാക്കിയിട്ടില്ലായിരുന്നു. വാരാന്ത്യ അവധിയോ, ഞായറാഴ്ചയിലുള്ള ആരാധനയോ വിശ്രമവുമോ ഒന്നും അവർ അറിഞ്ഞിട്ടില്ല. എല്ലുമുറിയുന്ന രീതിയിലുള്ള ഈ അടിമത്ത ജീവിതത്തിനിടയിലാണ് ദൈവം അവർക്ക് വിശ്രമം വാഗ്ദാനം ചെയ്യുന്നത്. നിങ്ങളുടെ കഠിനവേലയിൽനിന്നും ഞാൻ നിങ്ങളെ വിടുവിക്കും. അവർക്കു വിശ്രമം വേണമായിരുന്നു, അവർ അത്രയ്ക്കു ക്ഷീണിതരും ശക്തിക്ഷയിച്ചവരുമായിരുന്നു. ദൈവം അവർക്കായി നല്കിയ വിശ്രമവാഗ്ദാനം എത്രമാത്രം സമാശ്വാസകരമായിരുന്നിരിക്കും?

**ഭൗതികമായ ഒരു സ്വാതന്ത്ര്യം മാത്രമായിരുന്നില്ല ദൈവജനതയ്ക്കുവേണ്ടിയിരുന്നത്, അവർക്കു വീണ്ടെടുപ്പും വേണമായിരുന്നു.**

ഒരാളെ കെട്ടഴിച്ചു വിട്ടയക്കുക എന്നതുമാത്രമല്ല വീണ്ടെടുപ്പ് എന്നു പറയുന്നത്, അയാൾ കൊടുത്തുതീർക്കേണ്ടിയിരുന്നു കടം കൊടുത്തുവീട്ടി, അയാളെ സർവ്വസ്വതന്ത്രനാക്കുക എന്നതാണ് വീണ്ടെടുപ്പ്. ഈജിപ്തിലുള്ള തന്റെ ജനത്തിന്റെ കടം കൊടുത്തുതീർക്കാൻ ദൈവം സർവ്വസന്നദ്ധനായിരുന്നു. അവരുടെ പാപങ്ങളെ അവഗണിക്കുകയും പൊറുക്കുകയും ചെയ്തുകൊണ്ട്, അവരോടു രമ്യപ്പെടുവാൻ ദൈവം മനസ്സുകാണിച്ചു, എത്രവലിയ വാഗ്ദാനമാണിത് എന്നു നോക്കുക! ഒരു പുതിയ ക്രമത്തിന്റെ കീഴിലേക്ക് അവരെ കൊണ്ടുവരാൻ പോകുന്നു, പുതിയൊരു രാജാവിൻ കീഴിലേക്ക് അവരെ കൂട്ടിച്ചേർക്കാൻ പോകുന്നു. പുതിയനിയമത്തിൽ ഇതിന്റെ സമാനത നിങ്ങൾക്കു കാണാൻ കഴിയുന്നുണ്ടോ?

ഇന്നു പ്രഭാതത്തിൽ നിങ്ങൾ എങ്ങനെയുള്ളവരാണ്? ക്ഷീണിതരാണോ? ബുദ്ധിമുട്ടനുഭവിക്കുന്നവരാണോ? തളർന്നിരിക്കുന്നവരാണോ? ചെറിയരീതിയിലെങ്കിലും ഈജിപ്തിലെ ദൈവജനത്തോടു സമാനത അനുഭവിക്കുന്നവരാണോ? ദൈവം നമുക്ക് വിശ്രമം വാഗ്ദാനം ചെയ്യുന്നു, കാരണം, അവൻ നമ്മുടെ അന്തരാത്മാവിന്റെ വേദനകൾ അറിയുന്നു. ശാരീരികമായും, മാനസികമായും, ആത്മീയമായുമുള്ള ക്ഷേമജീവിതത്തിന് വിശ്രമം അത്യന്താപേക്ഷിതമാണ്.

മത്തായി 11:28ൽ യേശുവിന്റെ വാഗ്ദാനം വായിക്കുക.

ആൽബർട്ട് ഷെയ്ൻ

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 4** തീയതി:.....................

## നെഹെമിയാവിന്റെ ദൈവം

ജെറുസലേമിന്റെ ചുറ്റുമതിൽ പുതുക്കിപണിയുകയെന്ന ദൗത്യം ഏറ്റെടുത്തു നടത്തുന്ന നെഹെമിയാവിനെക്കുറിച്ച് നാം നെഹെമിയാവിന്റെ പുസ്തകത്തിൽ വായിക്കുന്നു (നെഹെമിയാവ് 1-7 അദ്ധ്യായങ്ങൾ). എസ്രായും നെഹെമിയാവും കൂടി ജെറുസലേമിൽ ഒരു നവോത്ഥാനത്തിനു കളമൊരുക്കുന്നതിനെക്കുറിച്ച് പിന്നീടുള്ള അദ്ധ്യായങ്ങളിലും വായിക്കുന്നു (നെഹെമിയാവ് 8-10 അദ്ധ്യായങ്ങൾ). ലളിതമായ കുറച്ചു മറുപടികളും, കുറച്ചു ഗുണപാഠ ദൃഷ്ടാന്തങ്ങളുമല്ല ഈ പുസ്തകം വായിക്കുമ്പോൾ നാം കാണുന്നത്. ദൈവജനം എന്നു വിളിക്കപ്പെടുന്ന ഒരു കൂട്ടം ആളുകൾ എത്രമാത്രം പിഴവുപറ്റിയവരായി മാറാമെന്നതിനെക്കുറിച്ചുള്ള ഒരു വലിയചിത്രം നമുക്കു കാണാൻ കഴിയുന്നു. ജീവിതമെന്നത് വിജയപരാജയ സമ്മിശ്രമാണ്. ഇതിനെല്ലാം ഇടയിലും നമ്മെ ഉപേക്ഷിക്കാത്ത ഒരു ദൈവത്തെയും നമുക്കു കാണാൻ കഴിയും.

**നെഹെമിയാവ് ദൈവത്തിന്റെ വിശ്വസ്തതയെ മനസ്സിലാക്കി**
**നെഹെമിയാവ് 1:4** *ഈ കാര്യങ്ങൾ കേട്ടപ്പോൾ ഞാൻ ഇരുന്നു കരഞ്ഞു; ദുഃഖിച്ചും ഉപവസിച്ചും ഏതാനും ദിവസം ചിലവഴിക്കുകയും, സ്വർഗ്ഗത്തിലെ ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്തു:*

നെഹെമിയാവിന്റെ സഹോദരനും കൂട്ടാളികളും ജെറുസലേമിൽ നിന്നും അദ്ദേഹത്തെ സന്ദർശിക്കാൻ വന്നിരുന്നു, ജെറുസലേമിന്റെ അവസ്ഥയെക്കുറിച്ച് നെഹെമിയാവ് അവരോട് ആരാഞ്ഞറിയുകയും ചെയ്തു. അവിടെയുള്ളവർ വലിയ പ്രയാസത്തിലും അപമാനത്തിലുമാണു കഴിയുന്നതെന്നതും, പട്ടണത്തിന്റെ ദുരവസ്ഥയും അവർ വിശദീകരിച്ചു. ഇതു കേട്ടതിനു ശേഷം നാലുമാസത്തോളം നെഹെമിയാവ് പ്രാർത്ഥനയിൽ മുഴുകി എന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. ഇസ്രായേൽ ജനത്തിന്റെ പാപങ്ങൾ അദ്ദേഹം ഏറ്റുപറയുകയും, ദൈവം അവരോടു നല്കിയ ഉടമ്പടിയിലെ വാഗ്ദാനങ്ങൾ ഓർക്കണമേ എന്ന് അപേക്ഷിക്കുകയും ചെയ്തു. തന്റെ മനസ്സിലിരിക്കുന്ന പദ്ധതിക്ക് രാജാവിന്റെ പക്കൽനിന്നും സഹായകമായ ഒരു നിലപാടുണ്ടാകാൻ വേണ്ടിയും നെഹെമിയാവ് പ്രാർത്ഥിച്ചു.

പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് യേശുവും ചൂണ്ടിക്കാണിക്കുന്നു (മർക്കോസ് 9). ജെറുസലേമിന്റെ അവസ്ഥയെക്കുറിച്ച് ഹൃദയവേദനയനുഭവിച്ച നെഹെമിയാവ്, പ്രാർത്ഥിക്കാനും ഉപവസിക്കാനും നിർബ്ബന്ധിതനായി. നമ്മുടെ ചുറ്റും ഇത്തരം കാര്യങ്ങൾ സംഭവിക്കുമ്പോഴും നമ്മുട ഹൃദയത്തിൽ ഇത്തരമൊരു പ്രതികരണം ഉണ്ടാവുകയും, ഉപവാസത്തിലേക്കും പ്രാർത്ഥനയിലേക്കും നമ്മെ നയിക്കുകയും വേണം.

ദൈവത്തോടു സമർപ്പിതരായ ഒരു കുടുംബമായി ജീവിക്കാനാണ് നമ്മുടെ ജീവിതത്തിൽ നാം ആഗ്രഹിക്കുന്നത്. ദൈവകുടുംബത്തിൽ നിന്നും നമ്മെ അകറ്റുവാനാൻ ഉതകുന്ന ധാരാളം കാര്യങ്ങൾ ഈ ലോകം നമുക്കു മുന്നിലേക്കു വയ്ക്കുന്നുണ്ട്. ഞങ്ങളുടെ മൂന്നുമക്കളും ഈ ലോകത്തിന്റെ വഞ്ചനയിൽ അകപ്പെട്ടുപോകാതിരിക്കാനും, ദൈവത്തിലേക്ക് അവരുടെ ഹൃദയം തിരിയുവാനുമായി ഞങ്ങൾ ഏറെ പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്തു. അവർ മൂന്നുപേരും ഇപ്പോൾ യേശുവിന്റെ ശിഷ്യരായി എന്ന കാര്യത്തിൽ ദൈവത്തോടു ഞങ്ങൾക്കു കൃതാർത്ഥതയുമുണ്ട്.

**നെഹെമിയാവ് 4:9** *എന്നാൽ ഞങ്ങൾ ഞങ്ങളുടെ ദൈവത്തോടു പ്രാർത്ഥിച്ചു; ഇവർ നിമിത്തം രാവും പകലും ഇവർക്കെതിരെ കാവൽ നിർത്തി.*

നെഹെമിയാവും കൂട്ടരും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തത് എപ്രകാരമെന്ന് ഈ വചനം നമുക്കു കാണിച്ചു തരുന്നു. സംരക്ഷണത്തിനുവേണ്ടി അവർ പ്രാർത്ഥിച്ചു, അതുമാത്രമല്ല, തങ്ങൾക്കെതിരെയുള്ള ആക്രമണത്തെ നേരിടാൻ സജ്ജരാവുകയും ചെയ്തു. നിങ്ങൾക്കെതിരെയുള്ള ധാരാളം കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തിലും നേരിടുന്നുണ്ടാകാം. നിങ്ങളെ വഴിതെറ്റിച്ചു വിടാൻ സാത്താൻ ശ്രമിക്കും, നിങ്ങളുടെ ജോലിയോ സുഹൃത്തുകളോ നഷ്ടപ്പെടാനും, രോഗത്തിലോ സാമ്പത്തികബാദ്ധ്യതയിലോ അകപ്പെടുത്താനും അവൻ ഇടയാക്കുകയും ചെയ്യും. നമ്മെ എതിർക്കുന്ന കാര്യങ്ങൾ ഉണ്ടാകുമെന്ന കാര്യം നാം എപ്പോഴും ഓർത്തിരിക്കണം, ആ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട്, നാം പ്രതികരിക്കുകയും വേണം.

ജ്ഞാനത്തിനു വേണ്ടി പ്രാർത്ഥിച്ചപ്പോൾ, പ്രതീക്ഷിക്കാത്ത ഒരു വചനം നിങ്ങളുടെ ചിന്തയിലേക്കു കയറിവന്ന ഒരു സന്ദർഭം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? മറ്റുള്ളവരോട് എന്തു സംസാരിക്കണം, അവരെ എന്തു പഠിപ്പിക്കണം എന്നീ കാര്യങ്ങളെക്കുറിച്ച് ഞാൻ പ്രാർത്ഥിക്കുമ്പോൾ, വേണ്ട വചനങ്ങൾ എന്റെ മനസ്സിലേക്കു വരുന്നതു ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. നാം പ്രാർത്ഥിക്കുമ്പോൾ പരിശുദ്ധാത്മാവ്, തന്റെ പദ്ധതികൾ നമുക്കു വെളിപ്പെടുത്തി തരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.

**മനുഷ്യർ പിഴവുപറ്റിയവരാകാം, എന്നാൽ ദൈവം പരിപൂർണ്ണനാണ്**

**നെഹെമിയാവ് 13:6-8** *ഇതെല്ലാം നടക്കുന്ന സമയത്ത് ഞാൻ യെരൂശലേമിൽ ഉണ്ടായിരുന്നില്ല; കാരണം, ബാബേൽ രാജാവായ അർത്ഥഹ്ശഷ്ടാവിന്റെ മുപ്പത്തിരണ്ടാം ആണ്ടിൽ ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്കു മടങ്ങിപ്പോയിരുന്നു. കുറെനാൾ കഴിഞ്ഞ് ഞാൻ അദ്ദേഹത്തിന്റെ അനുവാദം വാങ്ങി, യെരൂശലേമിലേക്കു മടങ്ങി തോബിയാവിന് ദൈവാലയത്തിന്റെ പ്രാകാരത്തിൽ ഒരു മുറി കൊടുത്ത എല്യാശീബിന്റെ തെറ്റായ നടപടി അപ്പോഴാണ് ഞാൻ അറിഞ്ഞത്. ഇതിൽ ഞാൻ വളരെ കോപിച്ച് തോബിയാവിന്റെ വീട്ടുപകരണങ്ങളൊക്കെയും മുറിയിൽ നിന്നും പുറത്തേക്കെറിഞ്ഞു.*

നെഹെമിയാവിന് കുറച്ചുകാലത്തേക്ക് ജെറുസലേമിൽനിന്നും മടങ്ങിപ്പോകേണ്ടിവന്നു, അദ്ദേഹം തിരികെവന്നപ്പോൾ ആളുകൾ പലരീതിയിലുള്ള അനീതിപ്രവർത്തികൾ ചെയ്തതായി മനസ്സിലാക്കി. നെഹെമിയാവിനെ കോപാകുലനാക്കുകയും നിരാശപ്പെടുത്തുകയും ചെയ്ത കാര്യങ്ങളായിരുന്നു അത്. കരുണയുടെയും കൃപയുടെയും ദൈവമാണ് നമ്മുടെ ദൈവം, എന്നാൽ നിരന്തരമായി നമ്മെ നീതിയിലേക്കു വിളിക്കുന്നവനുമാണ്. നമ്മുടെ ചുറ്റുമുള്ള ആളുകൾ എത്രമാത്രം പിഴവുപറ്റിയവരായാലും, നീതിജീവിതം നയിക്കാനായി നിരന്തരം ശ്രമിക്കുന്നവരായി നാം മാറണം.

ജോർജ്ജ് മാത്യൂ

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 5** തീയതി:.....................

## ഗിദെയോന്റെ ദൈവം

വിടുവിക്കുന്ന ദൈവം

ഗിദെയോന്റെ ദൈവത്തെ നമുക്കിന്നു കാണാം. വിടുവിക്കുന്നവനായ ദൈവത്തെ മനസ്സിലാനെന്ന രീതിയിൽ ന്യായാധിപർ 6:1–23 വായിക്കുക. ദൈവത്തെക്കുറിച്ചു നിങ്ങൾ വ്യത്യസ്തമായി മനസ്സിലാക്കിയ എന്തെങ്കിലും കാര്യം കാണുന്നുണ്ടെങ്കിൽ അത് അടയാളപ്പെടുത്തുക. നിങ്ങളുടെ ദുരവസ്ഥകളിൽ ഗിദെയോന്റെ ദൈവം നിങ്ങളെ തേടിവരും. നിങ്ങൾ പാപത്തിന് അടിമയല്ല എന്ന കാര്യം അവൻ നിങ്ങളെ ഓർമ്മിപ്പിക്കും (വാ 8), ശക്തരായ ശത്രുഗണങ്ങളിൽ നിന്നും അവൻ നിങ്ങളെ മോചിപ്പിച്ചു (വാ 9), അവൻ നിങ്ങളുടെ കൂടെയുണ്ട് (വാ 12), നിങ്ങൾ ശക്തനായ ഒരു പോരാളിയാണെന്നാണ് അവൻ വിശ്വസിക്കുന്നത് (വാ 12), അവൻ ക്ഷമയോടെ നമ്മുടെ ഭയത്തെക്കുറിച്ചും, സംശയത്തെക്കുറിച്ചും, അപകർഷതാബോധത്തെക്കുറിച്ചുമെല്ലാം ചെവിചായ്ച്ചുകേൾക്കുന്നു (വാ 13–23), അവൻ നമുക്കു സമാധാനം നല്കുന്നു. പരിപൂർണ്ണസത്യസന്ധതയോടെ നമുക്ക് അവനോടു സംസാരിക്കാൻ കഴിയും. ഗിദെയോൻ ദൈവത്തോടു സംസാരിച്ചതു നോക്കുക: "യഹോവ നമ്മോടുകൂടെ ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഇതൊക്കെ നമുക്കു സംഭവിക്കുന്നുത്?" (വാ 13), "യഹോവ ഞങ്ങളെ ഉപേക്ഷിച്ചു കളഞ്ഞിരിക്കുന്നു" (വാ 13), "എന്റെ കുലം ഏറ്റവും ചെറുതാണ്, ഞാൻ ഏറ്റവും ബലഹീനനാണ്" (വാ 15). നാം പറയുന്നതെല്ലാം ശ്രദ്ധയോടെ കേൾക്കുന്ന ദൈവം അവസാനം നമ്മോടു പറയുന്നു: "നിനക്കുള്ള ബലത്തോടെ പോവുക".

പോയവർഷത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ, ചെറുതായ രീതിയിലെങ്കിലും ഇസ്രായേൽ ജനതയെപ്പോലെ തോന്നിച്ച കുറച്ചു സമയം എന്റെ (പമീല) ജീവിതത്തിലും ഉണ്ടായിരുന്നു. എന്റെ ഡോക്ടറേറ്റ് പൂർത്തിയാക്കാനുള്ള പരീക്ഷയുടെ സമ്മർദ്ദം എന്റെ മേലുണ്ടായിരുന്നു, മിനിസ്ട്രിയിലാണെങ്കിൽ കുറച്ചു മാറ്റങ്ങളും നടക്കുന്ന സമയമായിരുന്നു, അതെനിക്ക് വലിയ മാനസികവിഷമം നല്കുന്നുണ്ടായിരുന്നു. ഇതിലും മോശമായി ഇനി ഒന്നും സംഭവിക്കാനില്ല എന്ന തോന്നലിൽ ഞാനിരിക്കുമ്പോഴാണ് എന്റെ അമ്മയുടെ മരണവാർത്ത എത്തുന്നത്. മെയ്മാസത്തിൽ സഹോദന്മാരുമൊത്ത് കോട്ടയത്തെവീട്ടിൽ ഒന്നിച്ചുകൂടണമെന്ന പദ്ധതിയും തയാറാക്കിയാണ് ഞാൻ ഇരുന്നത്. അമ്മയാണെങ്കിൽ ഞങ്ങളെയും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. കോവിഡ് 19 കാര്യങ്ങളെല്ലാം താറുമാറാക്കി കളഞ്ഞു. ഗിദെയോനെപ്പോലെ ഞാനും ദൈവത്തോടു കരഞ്ഞു ചോദിച്ചു: "ദൈവമേ, നീ എന്നോടുകൂടെ ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഇതൊക്കെ എനിക്കു സംഭവിക്കുന്നത്?"

ഈ കോലാഹലങ്ങളുടെയെല്ലാം നടുവിൽ ഞാൻ ദൈവത്തെ അന്വേഷിച്ചു, "നിനക്കുള്ള ബലത്തോടെ പോവുക" എന്നതായിരുന്നു ദൈവം നല്കിയ മറുപടി. എന്റെ ഹൃദയത്തിലെ വ്യഥകൾ ദൈവത്തോടു തുറന്നു പറയേണ്ടതുണ്ടായിരുന്നു, എന്തുകൊണ്ടാണ് എന്റെ അമ്മയെ എടുത്തുകൊണ്ടു പോയത്? ദൈവം പറഞ്ഞു: എന്റെ സമാധാനം ഞാൻ നിനക്കു നല്കുന്നു. എന്റെ പരീക്ഷ പരിശുദ്ധാത്മാവ് എഴുതുന്നു എന്ന് ഞാൻ മനസ്സിൽകണ്ടു. എന്റെ ആകുലതകൾ ഞാൻ ദൈവത്തെ ഏല്പിച്ചു. ദൈവം ശരിക്കും എന്നെ വിടുവിച്ചു. വലിയവേദനയിൽ നിന്നും അവൻ എനിക്കു മോചനം നല്കി. ഞാൻ പരീക്ഷ പാസ്സായി, ലോകത്തിൽ പലയിടത്തു ചിതറി താമസിക്കുന്ന കുടുംബത്തോടൊത്ത് എന്റെ അമ്മയുടെ ജീവിതം ആഘോഷിക്കാൻ സാധിച്ചു. ഞങ്ങൾ ഒന്നിച്ചുകൂടി എല്ലാ ദിവസവും പ്രാർത്ഥിച്ചു, ഞങ്ങളുടെ കുടുംബം മുമ്പൊരിക്കലും ഇല്ലാതിരുന്ന വിധത്തിൽ അടുപ്പം വർദ്ധിച്ചവരായി. തീർച്ചയായും

ദൈവം വിടുതലിന്റെ ദൈവമാണ്.

വിടുതലിന്റെ ദൈവം നമ്മുടെ പ്രാർത്ഥനകേൾക്കാൻ ഒരുങ്ങിയിരിക്കുന്നു, നമ്മുടെ വികാരങ്ങൾ അനുഭവിച്ചറിയാനും. അവൻ നമ്മെ കേൾക്കുന്നു, നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്നു, കരം കോർത്തു പിടിച്ചുകൊണ്ട് നമ്മുടെ കൂടെ നടക്കുന്നു. അവൻ നമ്മെ ആഴത്തിൽ കരുതുന്നു. ഇന്നു നിങ്ങൾ കടന്നുപോകുന്ന വികാരങ്ങൾ എന്തൊക്കെയാണ്? നിരാശയിലൂടെയും ദുഃഖത്തിലൂടെയും നഷ്ടവ്യഥയിലൂടെയും കടന്നുപോകുമ്പോൾ നിങ്ങൾ സാധാരണയായി ആരുടെ അടുത്തേക്കാണ് ഓടിച്ചെല്ലാറുള്ളത്?

വിടുവിക്കുന്നവനായ ദൈവവുമായി നമുക്കിന്നു ബന്ധപ്പെടാം, അവിടുത്തെ സ്നേഹം അനുഭവിക്കാം. നിങ്ങളുടെ ആകുലതകൾ അവനു കൈമാറുക, നിങ്ങളെക്കുറിച്ചു കരുതുന്നവങ്കലേക്ക് അവയെ ഭരമേൽപിക്കുക (ഫിലിപ്യർ 4:4-7). ഗിദെയോന്റെ ദൈവം സ്നേഹിക്കുന്ന ദൈവമാണ്. ദൈവവുമായി ആത്മാർത്ഥതയോടെ സംസാരിക്കുന്ന ഒരു സംഭാഷണത്തിൽ ഏർപ്പെടുക, നിങ്ങളിൽ ആഴത്തിൽ മറഞ്ഞിരിക്കുന്ന ചിന്തകളും വികാരങ്ങളും പങ്കുവയ്ക്കുക. പങ്കുവച്ചതിനുശേഷം, ദൈവം പറയുന്നത് എന്ത് എന്നു കേൾക്കുക, നിങ്ങൾക്കുള്ള ബലത്തിൽ പോവുക.

ഉമ്മൻ ജോർജ്ജ്, പമേല ജോർജ്ജ്

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 6** തീയതി:.....................

### യോശുവയുടെ ദൈവം

**ആവർത്തനം 34:8-10**

നാല്പതു വർഷം മോശ ഇസ്രായേലിനെ നയിച്ചു. മഹാനായ ഒരു ദൈവപുരുഷനായിരുന്നു മോശ, എന്നാൽ തുടർന്ന് ആരാണ് മോശയുടെ സ്ഥാനം ഏറ്റെടുക്കാൻ പോകുന്നത്? ഈ ചിന്തയാണ് ഇന്നു നാം ഉൾക്കൊള്ളാൻ പോകുന്നത് – ദൈവത്തിന് ആരെ ഉപയോഗിക്കാനാകും?

- മോശയെപ്പോലെ വേറൊരുവൻ ചക്രവാളസീമയിലെങ്ങുമില്ല.
  - മോശയുടെ കാലശേഷം സ്ഥാനമേറ്റെടുക്കാൻ സാദ്ധ്യതയുള്ളയാളുകൾ ഇവരാണ്:
    - കാലെബ്: പ്രായമായ ഒരു മനുഷ്യനാണ്, ധാരാളം പരിചയമ്പത്തുണ്ട്, നീതിമാനും നായകനുമാണ്.
    - ഫിനെഹാസ്: മോശയുടെ മകൻ, സാധാരണഗതിയിൽ പിതാവിന്റെ പാതപിന്തുടർന്ന് നായകനാകേണ്ടയാൾ

എന്നാൽ താത്പര്യജനകമായ കാര്യമെന്തെന്നാൽ, ദൈവം ഇവരെ രണ്ടുപേരെയും തഴഞ്ഞിട്ട്, യോശുവയെ തിരഞ്ഞെടുത്തു, ഒരു സാധാരണക്കാരനെ.

- ഏറ്റവും നിസ്സാരക്കാരനായ യോശുവയെ തിരഞ്ഞെടുക്കുമെന്ന ചിന്ത യോശുവയ്ക്കുണ്ടാകാൻ സാദ്ധ്യതയില്ലെന്ന് ഞാൻ വിചാരിക്കുന്നു.
- എന്നാൽ യോശുവയാകട്ടെ, ദൈവത്തിനു പൂർണ്ണമായി കീഴടങ്ങി – ഒരു സാധാരണക്കാരനിലൂടെ ദൈവത്തിന് എന്തു ചെയ്യാൻ സാധിക്കും എന്നതിന് ഉദാഹരണമാകാൻ വേണ്ടി.

- തീർച്ചയായും, യോശുവ ഒരു സാധാരണക്കാരനായിരുന്നു.
  - മികച്ച യോഗ്യതകൾ ഉണ്ടായിരുന്നവരെ ദൈവം തഴഞ്ഞത് എന്തുകൊണ്ടാണ്?
  - ദൈവത്തിന്റെ വാഴ്ചയെക്കുറിച്ചു വായിക്കുക: **1 കൊരിന്ത്യർ 1:26-29.**
- ദൈവത്തിന് ഉപയോഗിക്കാൻ കഴിയുന്നതിനേക്കാൾ ശക്തനായ മനുഷ്യനായിരുന്നു, ആദ്യകാലങ്ങളിൽ മോശ.
  - ഫറോവോന്റെ കൊട്ടാരത്തിൽ, ഒരു ഭാവി ഫറവോൻ ആകത്തക്കവിധത്തിലുള്ള പരിശീലനവും ഒരുക്കപ്പെടലും അവനു ലഭിച്ചിരുന്നു
  - മോശയെ അവിടെനിന്നും വിടുവിച്ചുകൊണ്ടുവന്ന് ആടുകളെ മേയ്ക്കാൻ ദൈവം നിയോഗിച്ചു. പിന്നീട് *"ഫറവോന്റെ അടുക്കൽ ചെല്ലുവാനും യിസ്രായേല്യരെ ഈജിപ്തിൽനിന്നു കൊണ്ടുപോരുവാനും ഞാൻ എന്തുള്ളൂ?"* (പുറപ്പാട് 3:11) എന്നു പറയാൻ തക്കരീതിയിലുള്ള ഒരു മനസ്സുണ്ടാകേണ്ടതിന്.
- ഇതു തന്നെയാണ് നമ്മിൽ മിക്കവാറും പേരെ സംബന്ധിച്ച് ദൈവത്തിന്റെ പ്രശ്നം
  - എന്തെങ്കിലും തരത്തിൽ ഒരു ബലഹീനതയുള്ള വ്യക്തിയെയാണ് ദൈവം ഒരു പ്രത്യേകദൗത്യത്തിനുവേണ്ടി തിരഞ്ഞെടുക്കുന്നത്.
  - വചനത്തിൽ നിങ്ങൾ ഇക്കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ?
    - തന്റെ പിതാവിന്റെ ഭവനത്തിൽ ഏറ്റവും എളിയവനായിരുന്നു ഗിദെയോൻ, എന്നാൽ ദൈവം അവനെ തിരഞ്ഞെടുത്തു.

- തന്റെ പിതാവു പോലും പരിഗണിക്കാതിരുന്ന ഒരു ആട്ടിടയബാലനായിരുന്നു ദാവീദ്
- ഏലിയാവും യിരമ്യാവുമെല്ലാം ശക്തരായ പ്രവാചകരായിരുന്നു, എന്നാൽ ഉള്ളിന്റെയുള്ളിൽ അവർ ബലഹീനരായ മനുഷ്യരായിരുന്നു. (ഒരാൾ മരിച്ചാൽമതി എന്നു ചിന്തിച്ചയാൾ, മറ്റൊരാൾ എല്ലാം ഇട്ടെറിഞ്ഞിട്ടുപോകണം എന്നു ചിന്തിച്ചയാൾ).

- നമ്മുടെ സഭകളിൽ ഇന്നു നിലനില്ക്കുന്ന ഏറ്റവും പ്രധാന പ്രശ്നം എന്തെന്നാൽ, കഴിവും യോഗ്യതകളുമുള്ള അനേകം പേർ നമ്മുടെ സഭകളിൽ ഉണ്ടെന്നുള്ളതാണ്. (എന്നെ തെറ്റിധരിക്കേണ്ട – കഴിവും യോഗ്യതകളും നല്ലതാണ്, എന്നാൽ അതിന്റെ അഭിമാനം സ്വയം എടുക്കാതെ ദൈവമഹത്വത്തിനായി അവ ഉപയോഗിക്കേണ്ടതുണ്ട്).
  - വേണമെങ്കിൽ ദൈവത്തിന് എന്നെ ഉപയോഗിക്കാം, ദൈവത്തിന് എന്നെക്കൊണ്ട് ആവശ്യമുണ്ട് എന്നതാണ് പലരുടെയും മനോഭാവം (വെല്ലുവിളി: അത്തരം ഒരു തെറ്റായ ചിന്ത ഒരിക്കലും വച്ചുകൊണ്ടിരിക്കരുത്)
  - വലിയ രീതിയിൽ ദൈവം നിങ്ങളെ ഉപയോഗിക്കുന്നില്ല എന്ന തോന്നൽ നിങ്ങൾക്കുണ്ടെങ്കിൽ, ഹൃദയം കലങ്ങേണ്ട – നിങ്ങൾക്കു വേണ്ടത് വിനയമാണ്.
- സൈന്യശുശ്രൂഷ ചെയ്യുന്ന ഒരുവനെന്ന നിലയ്ക്ക്, കല്പനകൾ പാലിക്കാൻ യോശുവ സദാ സന്നദ്ധനായിരുന്നു.
  - ആദ്യനാളുകളിലും, ഇപ്പോൾ മുഖ്യസൈന്യാധിപന്റെ സ്ഥാനത്ത് എത്തിച്ചേർന്നിട്ടും, ഉത്തരവുകൾ പുറപ്പെടുവിക്കാൻ യോശുവ മുതിർന്നില്ല, അവയെ സ്വീകരിക്കുക എന്നതിലായിരുന്നു അവൻ മനസ്സർപ്പിച്ചിരുന്നത്.
  - ഇസ്രായേൽ മക്കൾ വാഗ്ദത്ത ദേശത്തേക്കു പടയേറ്റം നടത്തുമ്പോഴും യോശുവ അവർക്കു നല്കിയ ഉത്തരവ്, അവരുടെ വാൾ അരയിൽ സൂക്ഷിക്കാനും ആരും അനാവശ്യമായി ഒന്നും ചെയ്യരുതെന്നുമായിരുന്നു. കൂടാരത്തിനുവെളിയിൽ ഊരിപ്പിടിച്ച വാൾ ഉയർത്തിനില്ക്കുന്ന ഒരുവനെ കണ്ടപ്പോൾ, യോശുവ അവന്റെ അടുത്തു ചെന്നു, അവൻ ആരാണെന്ന് ആരായുവാൻ വേണ്ടി.
  - യോശുവ 5:15ൽ: *യഹോവയുടെ സൈന്യധിപൻ (മനുഷ്യനായി അവതരിക്കുന്നതിനുമ്പുള്ള ക്രിസ്തു) അവനോട്: "നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാകയാൽ നിന്റെ ചെരുപ്പ് ഊരുക" എന്നു പറഞ്ഞു. യോശുവ അപ്രകാരം ചെയ്തു.* എന്ന് എഴുതിയിരിക്കുന്നു.
  - ഈജിപ്തിൽ നിന്നും ബാലനായി പുറപ്പെട്ട് ഇപ്പോൾ സൈന്യാധിപസ്ഥാനത്തായിരിക്കുന്ന യോശുവയെ സംബന്ധിച്ച് ഒരു പ്രധാനകാര്യം വളരെ വ്യക്തമാണ്: **എനിക്കു കിട്ടുന്ന ഉത്തരവു പാലിക്കാൻ നിയോഗിക്കപ്പെട്ടവനാണു ഞാൻ**
- ഇപ്പോൾ, ഈ നിമിഷത്തിലും, നമ്മുടെ കർത്താവ്. സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്ത് മുഖ്യസൈന്യാധിപനായി നിലയുറപ്പിച്ചിരിക്കുന്നു.
  - സഭയുടെ ആസ്ഥാനം അവിടെയാണ്, ഭൂമിയിലല്ല
  - അവന്റെ വചനങ്ങൾ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കട്ടെ
  - ദൈവമാണ് കല്പനകൾ പുറപ്പെടുവിക്കുന്നവൻ, നാം അനുസരിക്കാനുള്ളവരുമാണ്
  - നമുക്കായുള്ള ദൈവഹിതം മനസ്സിലാക്കാൻ നമ്മിൽ പലർക്കും കഴിയാതെ പോകുന്നതിന്റെ കാരണവും ഇതുതന്നെയാണ്. ദൈവത്തിന് നമ്മെക്കുറിച്ച് ഒരു ഇച്ഛയുണ്ട്, നല്ലതും സന്തോഷകരവുമായ ഒരു ദൈവേച്ഛ.

ജേക്കബ് കുരുവിള

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 7** തീയതി:....................

## ബാരാക്കിന്റെ ദൈവം

ബാരാക്കിന്റെ അനന്യസാധാരണക്കാരനായ ദൈവത്തെക്കുറിച്ചാണ് ഞാനിന്നു സംസാരിക്കാൻ പോകുന്നത്. കാനാന്യരാജാവായ യാബിൻ ആണ് ഇസ്രായേൽ ദേശത്തെ ഇരുപതുവർഷങ്ങളായി ഭരിച്ചിരുന്നത്. യാബിന്റെ സൈന്യാധിപനായ സിസേറയ്ക്ക് 900 ഇരുമ്പുരഥങ്ങളുണ്ടായിരുന്നു, ക്രൂരനായ ഒരു ഭരണാധികാരിയായിരുന്നു അയാൾ. തിരിച്ചുപോരടിക്കാൻ ഇസ്രായേൽ മക്കളുടെ കയ്യിൽ ആയുധങ്ങളും ഇല്ലായിരുന്നു. അത്യപൂർവ്വമായ ഒരു സാഹചര്യമായിരുന്നു അന്നു നിലവിലുണ്ടായിരുന്നത്.

ഇസ്രായേൽ ദേശത്തെ അക്കാലത്തു ന്യായം വിധിച്ചിരുന്നത് ദെബോറ എന്ന ഒരു പ്രവാചികയായിരുന്നു. യാബിന്റെ സൈന്യത്തെ ആക്രമിക്കാനായി 10000 പുരുഷന്മാരെ ഇസ്രായേൽ ഗോത്രത്തിൽ നിന്നും തിരഞ്ഞെടുക്കാനായി ദെബോറ ബാരാക്കിനോടു നിർദ്ദേശിച്ചു. എന്നാൽ ബാരാക്കിന്റെ മറുപടി എട്ടാം വാക്യത്തിൽ നമുക്കു കാണാം: *"നീ എന്നോടുകൂടെ വരാമെങ്കിൽ ഞാൻ പോകാം; നീ വരുന്നില്ലെങ്കിൽ ഞാൻ പോകയില്ല"*. ബാരാക്കും ദെബോറയും സ്വമനസ്സാലെ ഒത്തുചേർന്നുപോയി. ആയുധങ്ങളില്ലാതെ സ്വമനസ്സാലെ അവരുടെ കൂട്ടത്തിൽ ആയിരം പുരുഷന്മാരും ചേർന്നു പോയി, കാനാന്യരുടെ മേൽ അന്ന് അവർ വലിയ വിജയം കൊയ്യുകയും ചെയ്തു. കാനാന്യരുടെ മേൽ തങ്ങൾക്കു വിജയം നല്കിയ ദൈവത്തിൻ അവർ ഒത്തുചേർന്ന് ഒരു സ്തുതിഗീതം ആലപിക്കുന്നത് ന്യായാധിപരുടെ അഞ്ചാം അദ്ധ്യായത്തിൽ നമുക്കു കാണാം.

**അനന്യസാധാരണക്കാരനായ ദൈവം**

കീശോൻ നദിയിൽ വെള്ളപ്പൊക്കമുണ്ടാക്കി അനന്യസാധാരണമായ ഒരു അത്ഭുതം പ്രവർത്തിച്ച് കാനാന്യ സൈന്യത്തെ ദൈവം നശിപ്പിച്ചു. **ന്യായാധിപർ 5:20–21** *"ആകാശത്തുനിന്നു നക്ഷത്രങ്ങൾ പൊരുതി സഞ്ചാരപഥങ്ങളിൽ നിന്ന് അവ സീസേരയോടു പൊരുതി. കീശോൻ തോടു, പുരാതന നദിയായ കീശോൻ തോടു, തള്ളി അവരെ ഒഴുക്കിക്കൊണ്ടു പോയി. എൻമനമേ, നീ ബലത്തോടെ നടകൊൾക."*

**ന്യായാധിപർ 4:15** *"യഹോവ സീസേരയെയും അയാളുടെ സകലരഥങ്ങളെയും ബാരാക്കിന്റെ മുമ്പിൽ തോല്പിച്ചു. സൈന്യത്തെ വാളിന്റെ വായ്ത്തലയാൽ സംഹരിച്ചു. സീസേരാ സ്വന്തം രഥം ഉപേക്ഷിച്ച് ഓടിപ്പോയി."* ദെബോറയ്ക്കും ബാരാക്കിനും വേണ്ടി ഇടപെട്ടു പ്രവർത്തിച്ച അതേ ദൈവത്തെയാണ് നാം ഇന്ന് ആരാധിക്കുന്നത്.

**അനന്യസാധാരണക്കാരായ മനുഷ്യർ**

ന്യായാധിപർ 5:8 ഇപ്രകാരം പറയുന്നു: *"അവർ നൂതനദേവന്മാരെ എടുത്തപ്പോൾ യുദ്ധം ഗോപുരവാതിലിൽ എത്തി. യിസ്രായേലിന്റെ നാല്പതിനായിരത്തിനിടയിൽ പരിചയും കുന്തവും കണ്ടതേയില്ല." (നൂതനദേവന്മാരെ/പുതിയ നായകരെ).* ഈ പുതിയ നായകർക്ക്, ദെബോറ, ബാരാക്, യായേൽ, എന്നിവർക്ക്, കയ്യിൽ ആയുധമില്ലായിരുന്നു, എന്നാൽ അവരുടെ പക്കൽ സമ്മതമുള്ള ഒരു ഹൃദയം ഉണ്ടായി

രുന്നു.

ദെബോറ എന്ന പേരിന്റെ അർത്ഥം തേനീച്ച എന്നാണ്. പെൺ തേനീച്ചകൾ കഠിനാധ്വാനികളാണ്. പുരുഷന്മാർ നാടു വാണിരുന്ന ഒരു ലോകത്തിൽ നാട്ടുനടപ്പിനെതിരായി ഒറ്റയ്ക്കു നിന്ന് ഇസ്രായേൽ ദേശത്തെ ന്യായാധിപതിയാകാൻ വിളിക്കപ്പെട്ട ഒരു പ്രവാചികയായിരുന്നു ദെബോറ.
ബാരാക് എന്ന പേരിന്റെ അർത്ഥം മിന്നൽ എന്നാണ്. ദെബോറ പറഞ്ഞതു കേട്ട്, ബാരാക് രണ്ടു ചെറിയ ഗോത്രങ്ങളിൽ നിന്നുമായി പതിനായിരം പുരുഷന്മാരെ തിരഞ്ഞെടുത്തു. ബാരാക്കും ദെബോറയും സ്വമനസ്സാലെ ഒത്തു ചേർന്ന് നിരായുധരായി യുദ്ധത്തിനു പുറപ്പെട്ടു, വലിയ ഒരു വിജയം അവർ കൊയ്തെടുക്കുകയും ചെയ്തു, കാരണം അവർ ചെവികൊടുത്തത്, അനന്യസാധാരണക്കാരനായ ഒരു ദൈവത്തിനാണ്.
യായേൽ എന്ന പേരിന്റെ അർത്ഥം മലയാട് എന്നാണ്. എല്ലായ്പോഴും തയ്യാറെടുപ്പോടെ ജീവിച്ചിരുന്നവൾ. ഒരു കൂടാര കുറ്റി എടുത്ത് ശത്രുസൈന്യാധിപനായ സിസേറയുടെ നെറ്റിയിൽ തറച്ച് അവനെ വധിച്ച് ഇസ്രായേൽ ദേശത്തെ രക്ഷിക്കാനായി അവൾ തന്റെ ജീവനെ തൃണവൽഗണിച്ചു.

ഈ സന്ദേശം വായിക്കുകയോ/കേൾക്കുകയോ ചെയ്യുന്ന നിങ്ങൾ ഓരോരുത്തരും അനന്യസാധാരണക്കാരായ വ്യക്തികളാണ്, കാരണം, നമ്മുടെ ദൈവം അനന്യസാധാരണക്കാരനാണ്, കൂടാതെ നമുക്ക് മനസ്സൊരുക്കവുമുണ്ട്.
വലിയ ഒരു ജനക്കൂട്ടത്തോടു സംസാരിക്കാൻ ഇപ്പോഴും ധൈര്യമില്ലത്ത ഒരുവനാണു ഞാൻ, ഇന്ന് എനിക്കതു കഴിയുന്നത് അനന്യസാധാരണക്കാരനായ ഒരു ദൈവം എന്റെ കൂടെ ഉള്ളതിനാലാണ്.

ബാരാക്, ദെബോറ, യായേൽ, മുതലായവരുടെ ഒപ്പം ശത്രുസൈന്യത്തിനെ നേരിടാൻ നിന്ന പതിനായിരം നിരായുധരായ പടയാളികളേയും പോലെ, നമുക്കും സ്വയം സമർപ്പിതമായ ഒരു ഹൃദയം വളർത്തിയെടുക്കാം.

രാജ് മോഹൻ പോൾ

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 8** തീയതി:....................

### യിസ്ഹാക്കിന്റെ ദൈവം

ദൈവത്തിന്റെ സ്വഭാവസവിശേഷതകൾ ഉയർത്തിപ്പിടിക്കുന്ന അനേകം വിശേഷനാമങ്ങൾ ബൈബിളിൽ നമുക്കു കാണാം. എൽ ഷഡായ് (El Shaddai, സർവ്വശക്തനായ ദൈവം), എൽ ഇല്യോൻ (El Elyon, അത്യുന്നതനായ ദൈവം), യഹോവ യീരേ (Yahweh Yireh, ദാതാവായ ദൈവം), യഹോവ എലോഹിം ഇസ്രായേൽ (Yahweh Elohim Israel, ഇസ്രായേലിന്റെ കർത്താവായ ദൈവം), എന്നിങ്ങനെ ധാരാളം വിശേഷണങ്ങൾ ദൈവത്തിനുണ്ട്.

എന്നാൽ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം എന്നും ദൈവത്തെ വിളിക്കുന്നുണ്ട് (പുറപ്പാട് 3:15, അപ്പ 7:32). ഈ മൂന്നുവ്യക്തികളിലൂടെയും ദൈവം നമ്മോടു പറയുന്നത്, ദൈവം അബ്രാഹാമിന്റെയും (അതിവിശിഷ്ടവ്യക്തികളുടെയും), യിസ്ഹാക്കിന്റെയും (സാധാരണവ്യക്തികളുടെയും), യാക്കോബിന്റെയും (ദുഷ്ടരായവ്യക്തികളുടെയും) ദൈവമാണെന്നാണ്. വിശ്വാസത്തിൽ വേറിട്ടു നില്ക്കുന്ന വ്യക്തികളുടെ ദൈവമാണ് അവിടുന്ന്. സാധാരണക്കാരിൽ സാധാരണക്കാരായ വ്യക്തികളുടെയും ദൈവമാണ് അവിടുന്ന്. മനുഷ്യരുടെ ഇടയിൽ തിന്മപ്രവർത്തിക്കുന്നവരുടെയും – മോഷ്ടാക്കളുടെയും, പിടിച്ചുപറിക്കാരുടെയും, അവിഹിതവേഴ്ചക്കാരുടെയും – ദൈവവും അവിടുന്നാണെന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു.

അബ്രാഹാമുമായി ദൈവം നിലവിൽ വരുത്തിയ ഉടമ്പടി, യിസ്ഹാക്കിലേക്കും, യാക്കോബിലേക്കും അങ്ങനെ മുഴുവൻ ഇസ്രായേലിലേക്കും നിലവിൽ വരുത്തി. അങ്ങനെ ഇവരുടെ പേരുകൾ, ദൈവത്തിന്റെ ഉടമ്പടി-വിശ്വസ്തതയെ സൂചിപ്പിക്കുന്ന പേരുകളായി മാറി. ദൈവത്തിൽ നിന്നുമുള്ള വാഗ്ദത്ത ദേശവും, അനേകം സന്തതിപരമ്പരകളും, ദൈവത്തിൽനിന്നുമുള്ള അനുഗ്രഹങ്ങളുമായി ഈ മൂന്നു വ്യക്തികളുടെ പേരുകളും അറിയപ്പെട്ടു. കൽദയരുടെ ഊരിൽ നിന്നുമാണ് അബ്രഹാമിനെ കനാൻ ദേശത്തേക്കു വിളിച്ചത്, അവനിൽ ദൈവം തന്റെ ഉടമ്പടി സ്ഥാപിക്കുകയും ചെയ്തു (ഉൽപ്പത്തി 12:1–3). പിന്നീട് അദ്ദേഹത്തിന്റെ മകൻ യിസ്ഹാക്കിലൂടെ ദൈവം തന്റെ ഉടമ്പടി ഉറപ്പിച്ചു (ഉൽപ്പത്തി 21:12, 26:3–4). പിന്നീട് യിസ്ഹാക്കിന്റെ മകനായ യാക്കോബിലൂടെയും ദൈവം തന്റെ ഉടമ്പടി ഉറപ്പിച്ചു (ഉൽപ്പത്തി 28:14–15). പൂർവ്വപിതാക്കളായ അബ്രഹാമിലും യാക്കോബിലും ഉൾപ്പെട്ട ഒരാളാണെങ്കിലും യിസ്ഹാക്കിനെക്കുറിച്ച് നമുക്കു കൂടുതലായി ഒന്നും അറിയില്ല. എന്നാൽ ഉൽപ്പത്തി 31:42ൽ യാക്കോബ് ദൈവത്തെ "യിസ്ഹാക്കിന്റെ ഭയം" എന്ന് അഭിസംബോധന ചെയ്യുന്നു, ഉൽപ്പത്തി 31:53ൽ "തന്റെ പിതാവായ യിസ്ഹാക്കിന്റെ ഭയം" എന്ന് എഴുതിയിരിക്കുന്നതും നമുക്കു കാണാം. ആകയാൽ, യാക്കോബിനെ സംബന്ധിച്ച്, ദൈവം, തന്റെ പിതാവായ യിസ്ഹാക്കിന്റെ ഭയമായിരുന്ന ഒരു ദൈവമാണ്.

സ്നേഹിക്കുന്നതിനൊപ്പം ഭയപ്പെടുകയും ചെയ്യേണ്ട ഒരുവനാണ് ദൈവം എന്ന് ബൈബിൾ വ്യക്തമാക്കുന്നു. യിസ്ഹാക്കിന്റെ ഭയാർഹനായ ദൈവം തന്നെയാണ് അവിടുന്ന് ഇന്നും. യാക്കോബ്, ദൈവത്തെ "അബ്രഹാമിന്റെ ദൈവവും" "യിസ്ഹാക്കിന്റെ ഭയവുമായവൻ" എന്ന് അഭിസംബോധനചെയ്തതിന് ഒരു കാരണമായി ബൈബിൾ പണ്ഡിതർ പറയുന്നത്, അബ്രാഹാം മണ്ണടിഞ്ഞു ദൈവത്തോടുകൂടെയായി

രിക്കുകയും, യിസ്ഹാക്ക് അപ്പോഴും ജീവനോടെയിരുന്ന് ഭയഭക്തിയോടെ ദൈവത്തെ ശുശ്രൂഷിക്കുകയും ചെയ്യുന്നുണ്ടായിരുന്നു എന്ന വസ്തുതയാണ്. എന്നാൽ യഹൂദ പശ്ചാത്തലത്തിൽ നിന്നുമുള്ള പണ്ഡിതരാകട്ടെ, മോറിയമലയിൽവച്ച് തന്നെ ബലിയർപ്പിക്കപ്പെടാൻ ഒരുങ്ങിയ സംഭവത്തെ ഉൾക്കൊണ്ടുകൊണ്ടാണ് "യിസ്ഹാക്കിന്റെ ഭയം" എന്ന് വിളിക്കാനിടയായത് എന്നുകരുതുന്നു. തന്റെ പിതാവായ അബ്രാഹാം ദൈവത്തെ ഏതുരീതിയിൽ ശുശ്രൂഷിച്ചിരുന്നു എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു തിരിച്ചറിവ് ഈ സംഭവത്തിലൂടെ യിസ്ഹാക്കിനു ലഭിച്ചിരുന്നു എന്നകാര്യം ഉറപ്പാണ്. താൻ ആരാധിക്കുന്ന ദൈവം പൂർണ്ണമായ അനുസരണം തന്നിൽ നിന്നും പ്രതീക്ഷിക്കുന്നു എന്നു ഗ്രഹിച്ചവനും, അവിടുത്തെ കരുണയും കരുതലും എത്രമാണെന്ന കാര്യം നേരിൽകണ്ടു മനസ്സിലാക്കിയവനുമാണ് യിസ്ഹാക്ക്. പ്രായാധിക്യം അത്രകണ്ടു ബാധിച്ച തങ്ങൾക്ക്, ദൈവം തന്റെ അത്ഭുതകരമായ കൃപയാലും ശക്തിയാലും നല്കിയ ഒരു മകനാണ് താനെന്ന കാര്യം, സാറായിൽ നിന്നും യിസ്ഹാക്ക് കേട്ടിട്ടുണ്ടാകും, തങ്ങളെ വഴിനടത്തിയ മറ്റു വലിയ വഴികളെക്കുറിച്ചും. ദൈവത്തിന്റെ അപാരമായ കൃപ യിസ്ഹാക്കിന്റെ ജീവിതത്തിൽ നേരിട്ടനുഭവിച്ചിട്ടുമുണ്ട് - വന്ധ്യയായ റെബേക്കയ്ക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അവൾ ഗർഭം ധരിച്ചത്. ഏസാവിനെ മറികടന്ന് യാക്കോബിന് അനുഗ്രഹം നല്കുന്ന വിധത്തിൽ ഇടപെട്ടു പ്രവർത്തിച്ച ദൈവത്തിന്റെ പരമാധികാരത്തെക്കുറിച്ചും യിസ്ഹാക്കിന് അറിവുണ്ട്.

തന്റെ ജീവിതത്തെചുറ്റിപ്പറ്റി നടന്ന ഇത്തരം സംഭവവികാസങ്ങളിലൂടെ, ദൈവത്തെ ഭയപ്പെടുകയെന്നാൽ അവിടുത്തെ മഹത്വത്തിനുമുന്നിൽ വണക്കത്തോടെ നിൽക്കുകയാണെന്നും, അവിടുത്തെ കല്പനകൾ അനുസരിക്കുകയെന്നതാണെന്നും, അവിടുത്തെ അധികാരത്തിനുമുന്നിൽ കീഴടങ്ങുകയാണെന്നും യിസ്ഹാക്ക് ജീവിതാനുഭവമായി പഠിച്ചെടുത്തിരിക്കുന്നു. ദൈവഭയമെന്നത്, യിസ്ഹാക്കിന്റെ ജീവിതത്തെ നിർവ്വചിക്കുന്ന ഒരു സ്വഭാവസവിശേഷതയായി പ്രകടമായിരുന്നു എന്ന കാര്യം യാക്കോബിന്റെ വാക്കുകളിൽ നിന്നും നമുക്കു കാണാനും കഴിയുന്നുണ്ട്.

അഹങ്കാരത്തിന്റെയും സ്വയംന്യായീകരണത്തിന്റെയും ക്ഷമയില്ലായ്മയുടെയും കെണിയിൽ ഞാൻ പെട്ടുപോയിട്ട് എന്റെ ഹൃദയം ദൈവത്തിനുമുന്നിൽ ഭയന്നു വിറച്ചുപോയിട്ടുണ്ട്, കഴിഞ്ഞുപോയ നാളുകളിൽ. ജോലിയില്ലായ്മയും സാമ്പത്തികബുദ്ധിമുട്ടുകളും ഉറ്റവരുടെ വേർപാടും അനാവശ്യകുറ്റപ്പെടുത്തലും ഒക്കെയായി അനേകവിധത്തിൽ കഠിനതയുടെ സമയങ്ങളും അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. ഏതു തരത്തിലുള്ള സാഹചര്യങ്ങളായാലും ദൈവത്തിന്റെ പരമാധികാരം അവിടുന്ന് തെളിയിക്കുന്നതായും എനിക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവൻ എല്ലായ്പോഴും വിശ്വസ്തനാണ്, ഭയഭക്തിയോടെയും വിറയലോടെയും സേവിക്കപ്പെടാൻ യോഗ്യനായവനും അവൻതന്നെയാണ്.

പ്രാർത്ഥനാനിരതവും വിനയപൂർണ്ണവുമായ ഒരു ഹൃദയത്തോടെ നമുക്കോരോരുത്തർക്കും ദൈവത്തെ തേടാം. നാം ആരാധിക്കുന്ന ശ്രേഷ്ഠനും മഹത്വവാനുമായ ദൈവത്തിനുമുന്നിൽ ഭയത്തോടെയും വിറയലോടെയും വ്യാപരിക്കുന്നവരാണെന്ന കാര്യം ജനതകളുടെ ഇടയിൽ അറിയപ്പെടാൻ ഇടയാക്കുകയും ചെയ്യാം.

- പ്രദീപ് കുട്ടി

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 9** തീയതി:....................

## യോസേഫിന്റെ ദൈവം

ഉല്പത്തി 37 മുതൽ 50 വരെയുള്ള അദ്ധ്യായങ്ങളിൽ യോസേഫ് തന്റെ ദൈവത്തോടൊത്തു നടന്നതിനെക്കുറിച്ചു പറയുന്നു. നല്ല സമയങ്ങളും മോശം സമയങ്ങളും അവന്റെ ജീവിതത്തിലേക്കു കടന്നുവരുന്നത് നമുക്കു കാണാം, എന്നാൽ സകലസമയങ്ങളിലും യോസേഫ് ദൈവത്തോടു ചേർന്നു നടന്നു. തന്റെ ജീവിതത്തിൽ പലതരം പോരാട്ടങ്ങളും അവനു നേരിടേണ്ടിവന്നു.

**കുടുംബത്തിലുള്ള പോരാട്ടം**

ഉല്പത്തി 37:19, 20 *"ആ സ്വപ്നക്കാരൻ ഇതാ വരുന്നു" അവർ തമ്മിൽ പറഞ്ഞു. "വരുവിൻ, നമുക്ക് അവനെ കൊന്ന് ഒരു കുഴിയിൽ ഇട്ടുകളയാം. എന്നിട്ട് ഒരു ഹിംസ്രജന്തു അവനെ തിന്നുകളഞ്ഞു എന്നു പറയുകയും ചെയ്യാം. അവന്റെ സ്വപ്നങ്ങൾ എന്താകുമെന്ന് നമുക്കു കാണാമല്ലോ."* സഹോദരങ്ങൾ തമ്മിലുള്ള കിടമത്സരത്തിന്റെ വേദനാജനകമായ അനേകം കഥകൾ ഉല്പത്തി പുസ്തകത്തിൽ നമുക്കു വായിക്കാൻ കഴിയും, കയീനും ഹാബേലും, യിസ്ഹാക്കും യിശ്മായേലും, യാക്കോബും ഏസാവും എല്ലാം ഉദാഹരണങ്ങളാണ്. തന്റെ പിതാവിന്റെ പ്രിയപുത്രൻ എന്ന നിലയിൽ, പിതാവിൽ നിന്നുമുള്ള പ്രത്യേകശദ്ധ യോസേഫിനു കിട്ടിയിരുന്നതുകൊണ്ട്, യോസേഫിന്റെ സഹോദരങ്ങൾ അവനെതിരെ ഗൂഢാലോചന നടത്തുന്നതായി നമുക്കു കാണാം. യോസേഫിന്റെ സ്വപ്നങ്ങളെക്കുറിച്ച് അവർ കേൾക്കാൻ തുടങ്ങിയപ്പോൾ അവരുടെ കോപം വർദ്ധിക്കുകയും ചെയ്തു. ദൈവമാണ് ഇതിന്റെയെല്ലാം പിറകിൽ എന്ന കാര്യം അവരാരും മനസ്സിലാക്കിയില്ല.

കുടുബപരമായ ധാരാളം പോരാട്ടങ്ങൾ ഉള്ള ഒരു ലോകത്തിലാണ് നാമെല്ലാവരും ജീവിക്കുന്നത്, ഭാര്യാഭർത്താക്കന്മാർ തമ്മിലും, മാതാപിതാക്കളും മക്കളും തമ്മിലും, സഹോദരങ്ങൾ തമ്മിലുമൊക്കെ. ചില സമയങ്ങളിൽ അതു കയ്യാങ്കളിയിലേക്കു മാറുന്നുവെങ്കിലും, മിക്കവാറും സമയങ്ങളിൽ ഹൃദയത്തിലും മനസ്സിലുമാണ് ഈ കയ്യാങ്കളികൾ അരങ്ങേറുന്നത്. നിങ്ങളുടെ കുടുംബത്തിൽ നിങ്ങൾ എപ്രകാരമാണു പെരുമാറുന്നത്? കുടുംബത്തിലുള്ള മറ്റുള്ളവർക്ക് നിങ്ങൾ നല്കുന്ന അനുഭവങ്ങൾ എപ്രകാരമുള്ളവയാണ്? നിങ്ങളുടെ വീട്ടിൽ സമാധാനം കൊണ്ടുവരുന്ന ഒരു വ്യക്തിയാണോ നിങ്ങൾ അതോ വീട്ടിലെ പ്രശ്നകാരൻ/പ്രശ്നകാരിയാണോ നിങ്ങൾ?

തന്റെ സഹോദരന്മാരിൽ നിന്നും വളരെമോശമായ അനുഭവങ്ങൾ യോസേഫിന് അനുഭവിക്കേണ്ടിവന്നു, അതിൻഫലമായി യോസേഫ് ഈജിപ്റ്റിൽ എത്തിച്ചേരുകയും ചെയ്തു. എന്നാൽ ഏറ്റവും പ്രചോദനം നല്കുന്ന കാര്യമെന്തെന്നാൽ, ദൈവം യോസേഫിനോടുകൂടെ ഉണ്ടായിരുന്നു, അതിനാൽ അവൻ ചെയ്യുന്നകാര്യങ്ങളിലെല്ലാം വിജയം കണ്ടെത്തുകയും ചെയ്തു എന്നതാണ്. ഈജിപ്റ്റതിലെ തന്റെ യജമാനന്റെ വീട്ടിൽ കഴിയാൻ അവനൊരു അവസരം സിദ്ധിക്കുകയും ചെയ്തു (ഉല്പത്തി 39:2).

**ലോകത്തിലുള്ള പോരാട്ടം**

ഉല്പത്തി 39ൽ, യോസേഫിന്റെ പേരിൽ ഒരു ലൈംഗീകാതിക്രമം ആരോപിക്കപ്പെടുകയും അവൻ കാരാഗൃഹത്തിലാവുകയും ചെയ്തു. തന്റെ ജീവിതത്തിന്റെ അവസാനം വന്നുചേർന്നുവെന്നു ചിന്തിക്കാൻ അവനു സാധിക്കുമായിരുന്നു. ഉല്പത്തി 39:21ൽ പറയുന്നത്, അവൻ കാരാഗൃഹത്തിൽ ആയിരുന്നപ്പോഴും ദൈവം അവന്റെ കൂടെയുണ്ടായിരുന്നു എന്നാണ്. ദൈവം അവനോടു കരുണകാണിക്കുകയും തന്റെ മേൽ അധികാരമുള്ള കാരാഗൃഹപ്രമാണിയുടെ പ്രസാദം നേടുകയും ചെയ്തു. എനിക്ക് ബോധ്യപ്പെട്ട ഒരു കാര്യമെന്തെന്നാൽ, സകലസമയത്തും ദൈവം അവനോടൊപ്പമുണ്ടായിരുന്നു എന്നതാണ് - നല്ല കാലത്തും ഇപ്പോൾ കാരാഗൃഹത്തിൽപോലും. നാം ദൈവത്തോടു ചേർന്നു നില്ക്കുമ്പോഴും, ദൈവം നമ്മോടു ചേർന്നുനില്ക്കുമ്പോഴും ഈ ലോകത്തിലെ ഏതു പോരാട്ടവും നമുക്ക് നേരിടാനാകും.

**ഉല്പത്തി 45:4-5** *അനന്തരം യോസേഫ് സഹോദരന്മാരോട്: "എന്റെ അടുത്തേക്കുവരുവിൻ" എന്നു പറഞ്ഞു, അവർ അടുക്കൽ വന്നു; അദ്ദേഹം പറഞ്ഞു: "ഞാൻ നിങ്ങളുടെ സഹോദരനായ യോസേഫ് ആണ്. നിങ്ങൾ എന്നെ ഈജിപ്റ്റിലേക്കു വിറ്റു കളഞ്ഞു. എന്നാൽ ഇപ്പോൾ നിങ്ങൾ ദുഃഖിക്കരുത്; ഇവിടേക്കു വിറ്റതിൽ നിങ്ങളോടുതന്നെ കോപിക്കയുമരുത്; കാരണം, ജീവരക്ഷയ്ക്കായി ദൈവം നിങ്ങൾക്കു മുമ്പായി എന്നെ ഇവിടെ അയച്ചതാണ്."* യോസേഫ് ഉന്നതികൾ കീഴടക്കുമ്പോഴും തന്റെ പൂർവ്വയജമാനനെതിരെയോ, അദ്ദേഹത്തിന്റെ ഭാര്യയ്ക്കെതിരെയോ, തന്റെ സഹോദരങ്ങൾക്കെതിരെയോ പക വീട്ടാൻ തയ്യാറായില്ല. തന്റെ ജീവിതത്തിലുള്ള ദൈവസാന്നിദ്ധ്യം എല്ലാ സമയത്തും യോസേഫ് ഓർത്തിരുന്നു. അതിനാൽ തന്നെ തന്റെ സഹോദരന്മാരോടു ക്ഷമിക്കാനും, അവരുടെ ജീവൻ രക്ഷിക്കുവാനും, വീട്ടിലെ സമാധാനസ്ഥാപകൻ ആകുവാനും യോസേഫിനു കഴിഞ്ഞു. യോസേഫിന്റെ ഈ ദൈവത്തോടുചേർന്ന് നമുക്കും നടക്കാം, അതുവഴി, നമ്മുടെ കുടുംബത്തിലും സഭയിലും സമാധാനസ്ഥാപകനാകാൻ സാധിക്കാനും നമുക്കു തീരുമാനിക്കാം. പകയും പ്രതികാരവും ശത്രുതയും ക്ഷമയില്ലായ്മയും മാറ്റിവയ്ക്കപ്പെട്ട, യേശുക്രിസ്തുവിന്റെ ഒരു ശിഷ്യനായി ജീവിക്കാൻ നമുക്കു തീരുമാനിക്കാം, കാരണം ഇത്തരം കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുന്നത് വിനാശം മാത്രമായിരിക്കും. എന്റെ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ പോരാട്ടങ്ങളുടെ ഒരു ജീവിതമാണ് എനിക്കു കാണാൻ കഴിയുന്നത് - മദ്യത്തിന് അടിയായ പിതാവിനോടൊപ്പമുള്ള ദുർഘടപൂർണ്ണമായ ഒരു ബാല്യകാലം, പ്രലോഭനങ്ങൾ നിറഞ്ഞ ഒരു സെമിനാരി ജീവിതം, ജോലിതേടി ബാംഗളൂർ പട്ടണത്തിലൂടെയുള്ള അലച്ചിൽ. ഈ പോരാട്ട സമയങ്ങളിലൂടെയെല്ലാം ദൈവം എന്റെ സമീപത്തുണ്ടായിരുന്നു, ബൈബിൾ പഠിച്ച് ശിഷ്യനാകുവാനും, കൊച്ചിയിലേക്കുള്ള ദൗത്യസംഘത്തിൽ ഭാഗഭാക്കാകുവാനും ദൈവം എനിക്ക് അവസരം നല്കി. ഈ പ്രയാസകാലഘട്ടങ്ങളിലെല്ലാംകൂടി ദൈവം എന്നെ സഹായിക്കുന്നതും നയിക്കുന്നതും എനിക്കിപ്പോൾ മനസ്സിലാക്കാൻ കഴിയുന്നു.

ദൈവത്തെ അനുഭവിച്ചറിയാനും അവനിൽ ആശ്രയിക്കാനും യോസേഫിന്റെ ജീവിതത്തിൽ ഉടനീളം സാദ്ധ്യമായി. ഉല്പത്തി 41:15-16 വാക്യങ്ങളിൽ പറയുന്നതുപോലെ; *ഫറവോൻ യോസേഫിനോടു പറഞ്ഞു: "ഞാനൊരു സ്വപ്നം കണ്ടു; അതു വ്യാഖ്യാനിക്കാൻ ആർക്കും കഴിയുന്നില്ല. എന്നാൽ നിനക്ക് ഒരു സ്വപ്നം കേൾക്കുമ്പോൾ അതു വ്യാഖ്യാനിക്കാൻ സാധിക്കുമെന്നു നിന്നെക്കുറിച്ചു ഞാൻ കേട്ടിരിക്കുന്നു." "ഞാനല്ല, ദൈവമാണ് ഫറവോനു ശുഭകരമായ മറുപടി നല്കുന്നത്" യോസേഫ് ഫറവോനോടു ഉത്തരം പറഞ്ഞു.* യോസേഫിന്റെ ഈ ദൈവമാണ് നിങ്ങളുടെയും എന്റേയും ദൈവം. അവൻ നമ്മോടൊപ്പമുണ്ട്, നമ്മെക്കുറിച്ച് ഒരു പദ്ധതിയും അവന്റെ പക്കലുണ്ട്. നമുക്ക് അവനിൽ ആശ്രയിക്കാം, അവനെ പ്രസാദിപ്പിക്കുന്ന ഒരു ജീവിതം ജീവിക്കുകയും ചെയ്യാം.

സജി അലക്സ്.

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 10** തീയതി:.....................

## ശിംശോന്റെ ദൈവം

ശിംശോൻ, തികച്ചും താത്പര്യജനകമായ ഒരു കഥാപാത്രമാണ്. ശിംശോന്റെ കഥയിലൂടെ നാം കടന്നുപോകുമ്പോൾ, വിവിധങ്ങളായ വികാരങ്ങൾ നമ്മിൽ ഉറവെടുക്കുന്നു. പശ്ചാത്തലത്തെക്കുറിച്ച് അറിവില്ലാത്ത ഒരു വായനക്കാരനെ സംബന്ധിച്ച്, ഈ സംഭവങ്ങളുടെ വെളിച്ചത്തിൽ, അനാത്മീകവും ദൈവഹിതപ്രകാരമല്ലാത്തതുമായ നിഗമനങ്ങളിലേക്ക് എത്തിച്ചേരാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഓർക്കുക: ബൈബിളിലെ മുഴുവൻ കഥകളിലെയും താരം ദൈവം തന്നെയാണ്. ശിംശോന്റെ കഥ നാം വായിക്കുന്നത് ന്യായാധിപർ 13 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിലാണ്. ഇസ്രായേൽദേശം രൂപംകൊള്ളുന്ന കാലഘട്ടത്തിൽ ദേശത്തെ ഒരു ന്യായാധിപൻ/ഗോത്രതലവൻ ആയിരുന്നു ശിംശോൻ. എബ്രായർ 11:32ൽ ഇസ്രായേലിലെ വീരസന്തതികളുടെ പട്ടികയിൽ ശിംശോന്റെ പേരും ചേർത്തിരിക്കുന്നു.

ശിംശോൻ ഒരു നാസീർ വ്രതക്കാരനായിരുന്നു. (സംഖ്യ 6:1-8 വാക്യങ്ങളിൽ, നാസീർ വ്രതമെന്നത് വളരെ വിശിഷ്ടമായതും, തുലനം ചെയ്യാൻ വേറൊന്നില്ലാത്തതുമായ രീതിയിൽ ദൈവത്തോടു വിശ്വസ്തനായി ജീവിക്കാനുള്ള ഒരു വ്രതമാണിതെന്നു കാണാം, ധാരാളം വ്യവസ്ഥകൾ ഇവർ പാലിക്കേണ്ടതുമുണ്ട്). മൂന്നുപേരാണ് നാസീർവ്രതക്കാരായി ബൈബിളിൽ പ്രതിപാദിക്കുന്നത്, ശിംശോനും, ശമുവേലും, സ്നാപകയോഹന്നാനും. ഇവരുടെ മൂന്നുപേരുടെയും അമ്മമാർ വന്ധ്യകളായിരുന്നു എന്നതു കൗതുകകരമാണ്.

ഫിലിസ്ത്യർക്കെതിരെ പോരാടി ഇസ്രായേൽ ദേശത്തെ അവരുടെ കഠോരകരങ്ങളിൽനിന്നും മോചിപ്പിക്കുക എന്നതായിരുന്നു ശിംശോനു ലഭിച്ച വിളി (ന്യായാധിപർ 13:5b). കഥയുടെ ചുരുളഴിയുമ്പോൾ, ഫിലിസ്ത്യ ദേശത്തുനിന്നുള്ള ഒരു പെൺകുട്ടിയെ ശിംശോൻ കണ്ട് ഇഷ്ടപ്പെട്ടു, അവളെ വിവാഹം ചെയ്തുകൊടുക്കാൻ മാതാപിതാക്കളോട് ആവശ്യപ്പെട്ടു, മാതാപിതാക്കൾ അതു നിഷേധിച്ചു, എന്നാൽ ബൈബിൾ പറയുന്നത് ഇതു ദൈവത്തിൽ നിന്നായിരുന്നു എന്നാണ്. ഈ പെൺകുട്ടിയെ കല്യാണം കഴിക്കുന്ന കാലഗതിയിൽ, ശിംശോൻ തന്റെ നാസീർവ്രതനിബന്ധനകൾ പലതും ലംഘിച്ചു. ചത്ത ഒരു മൃഗത്തെ തൊട്ടു, തേൻ കഴിച്ചു (fermented food), മുന്തിരിയെ തൊടാൻ പോലും അനുവാദമില്ലാത്തവൻ ഫിലിസ്ത്യരുമായി വിരുന്നുസല്ക്കാരത്തിൽ പങ്കെടുത്തു. വിവാഹശേഷം നടന്ന സംഭവങ്ങളുടെ ഭാഗമായി രക്തച്ചൊരിച്ചിലും, മനുഷ്യനെ ജീവനോടെ കത്തിക്കലുമെല്ലാം അരങ്ങേറി. ശിംശോൻ ഫിലിസ്ത്യരെ വധിച്ചു, പെൺകുട്ടിയെയും അവളുടെ പിതാവിനെയും ഫിലിസ്ത്യർ ജീവനോടെ കത്തിച്ചു.

യഹൂദാഗോത്രത്തിന്റെ സഹായത്താൽ ഫിലിസ്ത്യർ ശിംശോനെ പിന്നീടു പിടികൂടി. ഈ സംഭവത്തിനുശേഷം ശിംശോൻ ഒരു വേശ്യസ്ത്രീയെ പ്രാപിക്കാൻ പോയി. അതിനുശേഷം ദെലീല എന്നു പേരുള്ള മറ്റൊരു സ്ത്രീയിലും ആകൃഷ്ടനായി. എത്രവലിയ ദുരന്തമാണ് ഇയാളുടെ ജീവിതം! ഇതിനെല്ലാം ഇടയിലും ദൈവം അവനിലൂടെ പ്രവർത്തിക്കുന്നുമുണ്ടായിരുന്നു.

അക്കാലഘട്ടത്തിൽ നിലവിലിരുന്ന അവസ്ഥയെക്കുറിച്ചുള്ള ഒരു ചിത്രമാണ് ശിംശോന്റെ ജീവിതം നമുക്കുമുന്നിൽ വരച്ചുകാണിക്കുന്നത്; ന്യായാധിപർ പുസ്തകത്തിന്റെ ആദ്യഘട്ടത്തിൽ വിവരിക്കുന്നതുപോലെ. ദൈവത്തെ ശുശ്രൂഷിക്കുന്നതെങ്ങനെയെന്നോ, ദൈവത്തോടു വിശ്വസ്തനായിരിക്കുന്നത് എപ്രകാരമെന്നോ ശിംശോന് അറിയില്ലായിരുന്നു. ഫിലിസ്ത്യരോടു താൻ ചെയ്തതെല്ലാം തന്റെ തന്നെ ഉഗ്രകോപത്തിലും പ്രതികാരേച്ഛയിലും നിന്ന് ഉടലെടുത്തതാണ്. തന്റെ നാസീർവ്രത വിശ്വസ്തതയെ ശിംശോൻ കാറ്റിൽ പറത്തുകയും ചെയ്തു. എന്നാൽ ശിംശോന്റെ ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തത കാത്തുസൂക്ഷിച്ചു, ശിംശോൻ തന്റെ തലമുടിജഢകൾ സൂക്ഷിച്ചുവച്ച സമയമത്രയും. എന്നാൽ ദലീലയുടെ ഇടപെടലിലൂടെ, ആ ജഢകൾ ശിംശോനു കൈമോശം വന്നപ്പോൾ അവന് എല്ലാം നഷ്ടപ്പെട്ടു.

ശിംശോന്റെ ജീവിതത്തിലെ അവസാന രംഗമാണ് അവനെ ഇസ്രായേലിന്റെ വീരനായകരുടെ പട്ടികയിൽ സ്ഥാനം നേടാൻ ഇടയാക്കിയത് എന്ന് ഞാൻ വിശ്വസിക്കുന്നു. ന്യായാധിപർ 16:25-30ൽ, അവസാമായി ഒരു വട്ടം, പ്രാർത്ഥിച്ചുകൊണ്ട് ശിംശോൻ ദൈവത്തിലേക്കു തിരിഞ്ഞു. ഒരു ഏകാംഗസൈന്യമായി അവൻ ഒറ്റയ്ക്ക് ഇസ്രായേലിന്റെ ശത്രുവ്യൂഹത്തിനുനേരെ തിരിഞ്ഞു, അവരെ കൊന്നൊടുക്കി. ദൈവം തനിക്കു നല്കിയ വിളി പൂർത്തിയാക്കാൻ അവൻ തന്റെ ജീവൻ ബലികൊടുത്തു. ശിംശോന്റെ ദൈവത്തെ സംബന്ധിച്ച്, ശിംശോനു താൻനല്കിയ ദൗത്യം ശിംശോന്റെ ജീവിതത്തേക്കാൾ ഏറെ വലിയതായിരുന്നു. ശിംശോന്റെ പാപത്തിന് ശിംശോനു വലിയ വിലനല്കേണ്ടിവന്നുവെങ്കിലും.

ഇതു കുറിക്കുമ്പോൾ എന്നിലേക്കു വന്ന ചിന്ത ഇതാണ്; ദൈവവുമായുള്ള എന്റെ ബന്ധത്തിന് മുപ്പതു വർഷത്തെ പഴക്കം ചെല്ലുമ്പോൾ, എന്റെ പാപങ്ങളെക്കുറിച്ച് ഞാൻ വച്ചുപുലർത്തുന്ന കാഴ്ചപ്പാട് എന്താണ്? ചുറ്റുമുള്ള ലോകത്തിന്റെ ചിന്താഗതി പിന്തുടർന്നുകൊണ്ട്, "എന്നിലൂടെ നിറവേറേണ്ട കാര്യങ്ങൾ ദൈവം എങ്ങിനെയെങ്കിലും നിറവേറ്റും, ഞാൻ പാപം ചെയ്താലും" എന്നാണോ? ചിലസമയത്ത് എനിക്കുണ്ടാകുന്ന ഒരു പ്രലോഭനം; "എന്റെ പാപത്തിലൂടെ കുറച്ചു നല്ലകാര്യങ്ങൾ സംഭവിക്കാനിടയായി, അതുകൊണ്ട് ഞാൻ പാപം ചെയ്തതു നന്നായി" എന്നു വിശദീകരിക്കുന്നതിനാണ്. ഇതു രണ്ടും തെറ്റാണ്, കാരണം, ശിംശോന്റെ ദൈവത്തിന് എന്നോടുള്ള വിശ്വസ്തതയെ പരിഗണിക്കുന്ന ചിന്തകളല്ല ഇത്. ദൈവത്തിന്റെ നീതിപ്രവർത്തികൾ ഫലവത്താകാൻ ആരുടെയും പാപം അവിടുത്തേക്ക് ആവശ്യമില്ല. പാപത്തെ വെറുക്കുന്ന ദൈവത്തിന്റെ "ഹൃദയം അറിയുന്ന", ദൈവത്തിന് എന്നോടുള്ള "വിശ്വസ്തയെ പ്രതിഫലിപ്പിക്കുന്ന" ഒരു ജീവിതം മുന്നോട്ടു ജീവിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. നമുക്കൊരുമിച്ച് അതു ചെയ്യാം, സഹോദരീസഹോദരന്മാരെ. ദൈവം കൊച്ചിയെ അനുഗ്രഹിക്കട്ടെ.

ബെന്നി സോസ

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 11** തീയതി:.....................

### ഹന്നായുടെ ദൈവം

ഹന്നായുടെ കഥ നാം വായിക്കുന്നത് ശമുവേലിന്റെ ഒന്നാമത്തെ പുസ്തകത്തിലാണ്. എല്ക്കാനായ്ക്ക് രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു – ഹന്നായും പെനിനായും. പെനിനായ്ക്ക് സന്താനസൗഭാഗ്യമുണ്ടായിരുന്നു, എന്നാൽ ഹന്നയുടെ ഉദരം വന്ധ്യമായിരുന്നു, കൂടുതൽ സ്നേഹം എല്ക്കാന നല്കിയത് ഹന്നയ്ക്കായിരുന്നിട്ടും.

1 ശമുവേൽ 1:6–7 വാക്യങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: *ഈ വന്ധ്യതമൂലം കൂട്ടുപത്നി അവളെ പ്രകോപിപ്പിക്കുകയും ശുണ്ഠിപിടിപ്പിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ എല്ലാ വർഷവും സംഭവിച്ചിരുന്നു. ഹന്നാ യഹോവയുടെ ആലയത്തിലേക്കു ചെല്ലുമ്പോഴെല്ലാം പെനിന അവളെ പ്രകോപിപ്പിച്ചിരുന്നു. അതിനാൽ അവൾ കരഞ്ഞു പട്ടിണി കിടന്നു.*

വന്ധ്യയായ സ്ത്രീയെ ഉപയോഗശൂന്യയായ ഒരു വ്യക്തിയായിട്ടാണ് അക്കാലങ്ങളിൽ സമൂഹം പരിഗണിച്ചിരുന്നത്. അവളുടെ വന്ധ്യതയെ പരാമർശിച്ചുകൊണ്ട് പെനീന അവളെ പതിവായി പരിഹസിക്കുകയും ചെയ്യുമായിരുന്നു. ഹന്നായുടെ അവസ്ഥയെ പ്രതിയുള്ള പരിഹാസങ്ങൾക്ക് തിരിച്ചടിനല്കാൻ തുനിയാതെ അവൾ ഈ പരിഹാസമെല്ലാം സ്വയം ഏറ്റെടുത്തു. തന്റെ വന്ധ്യത്വത്തെ പ്രതി, കയ്പും നിരാശയും നിറഞ്ഞവളാകാൻ, ധാരാളം വിശദീകരണങ്ങൾ നിരത്തിവയ്ക്കാൻ ഹന്നായ്ക്ക് ഉണ്ടായിരുന്നു. എന്നാൽ അവളുടെ പ്രശ്നങ്ങളിൽ വീണു കിടക്കാതെ വ്യത്യസ്തമായ ഒരു കാര്യം ചെയ്യാൻ ഹന്നാ തീരുമാനിച്ചു.

അവൾ എന്താണു ചെയ്തതെന്നു നോക്കാൻ നമുക്ക് 1 ശമുവേൽ 1:10 നോക്കാം: *വളരെ ഹൃദയഭാരത്തോടെ ഹന്നാ ദൈവ സന്നിധിയിൽ കരഞ്ഞു പ്രാർത്ഥിച്ചു.* വേദനിപ്പിക്കുന്ന വാക്കുകളോ മുറിവേൽപ്പിക്കുന്ന പെരുമാറ്റങ്ങളോ എനിക്കു നേരെ ഉണ്ടാകുമ്പോൾ, അങ്ങനെ പെരുമാറുന്നവരോടു തിരിച്ചടിക്കാനോ അല്ലെങ്കിൽ എല്ലാവരിൽനിന്നും മാറി വിഷാദചിന്തകളിൽ മുഴുകി തനിച്ചിരിക്കാനോ ഉള്ള ഒരു പ്രവണതയാണ് എനിക്കുള്ളത്. എന്നാൽ ഹന്നായുടെ ഭാഗത്തുനിന്നും അത്തരമൊരു പെരുമാറ്റത്തെക്കുറിച്ച് ഒരു വാക്കുപോലും നമുക്കു കേൾക്കാൻ കഴിയുന്നില്ല. ഹന്നാ നോക്കിയത് തന്റെ ചുറ്റിലുമല്ല, പകരം, അവൾ നോക്കിയതു ദൈവത്തിലേക്കാണ്.

പ്രാർത്ഥനയിൽ മുഴുകിയിരുന്ന അവളെ കണ്ടപ്പോൾ പുരോഹിതനായ ഏലിക്കു തോന്നിയത് അവൾ മദ്യപിച്ചു ലഹരിപിടിച്ച് എന്തൊക്കെയോ വിളിച്ചു പറയുകയാണെന്നാണ്. പുരോഹിതൻ തന്നെ നേരായി മനസ്സിലാക്കിയില്ല എന്ന കണ്ടപ്പോഴും അവൾ അദ്ദേഹത്തോടു തന്റെ ഹൃദയാവസ്ഥ വിനയത്തോടെ വിവരിക്കുകയാണു ചെയ്തത്. 1 ശമുവേൽ 1:15–16: *ഹന്നാ ഉത്തരം പറഞ്ഞു: അങ്ങനെയല്ല യജമാനനേ, വളരെയേറെ മനോവ്യഥ അനുഭവിക്കുന്ന ഒരു സ്ത്രീയാണു ഞാൻ. വീഞ്ഞോ ലഹരിപാനീയമോ ഞാൻ കുടിച്ചിട്ടില്ല; ദൈവത്തിന്റെ മുമ്പാകെ എന്റെ ഹൃദയം പകരുകമാത്രമാണു ഞാൻ ചെയ്തത്.*

കർത്താവ് അവളെ ഓർത്തതായും ഒരു പുത്രനെ ഗർഭം ധരിക്കാൻ അവളെ പ്രാപ്തയാക്കിയതായും 19-20 വാക്യങ്ങളിൽ നാം വായിക്കുന്നു. പരമാർത്ഥതയോടും വിനയത്തോടും കൂടി അവൾ ദൈവത്തിന്റെ അടുത്തേക്കു തിരിഞ്ഞപ്പോൾ, ദൈവം അവളെ അനുഗ്രഹിച്ചു. നമുക്കറിയാവുന്നതുപോലെ, ഹന്നാ തനിക്കു പിറന്നമകൻ ശമുവേലിനെ അവൾ വാഗ്ദത്തം ചെയ്തതുപോലെ, ദൈവാലയശുശ്രൂഷയിലേക്ക് ഏല്പിച്ചുകൊടുത്തു. പുരോഹിതനായ ഏലിയുടെ മക്കൾ ദുഷ്ടന്മാരായിരുന്നു. അവരുടെ ഇടയിലേക്ക് തന്റെ മകനെ ഇട്ടെറിഞ്ഞിട്ടുപോരാതിരിക്കാൻ ഒരായിരം ഒഴികഴിവുകൾ ഹന്നയ്ക്കു പറയാനുണ്ടായിരുന്നു, എന്നിരുന്നാലും അവൾ അതു ചെയ്തില്ല. മൂന്നരവയസ്സുള്ള തന്റെ ഓമനമകനെ അവൾ ദൈവാലയത്തിൽ വിട്ടിട്ടു പോന്നു, ദൈവത്തിനു താൻ കൊടുത്ത വാഗ്ദാനം പാലിക്കാനായി. അവൻ ആയിരിക്കുന്ന സാഹചര്യങ്ങളെക്കുറിച്ചുള്ള ആകുലതകളൊക്കെ അവൾ ദൈവത്തിൽ സമർപ്പിച്ചു, ദൈവം അവയെല്ലാം നോക്കിക്കൊള്ളുമെന്ന ആശ്രയം അവൾക്കുണ്ടായിരുന്നു. ദൈവത്തിലുള്ള അവളുടെ ആശ്രയം എത്രവലുതാണ് എന്ന് നോക്കുക! അവൾ അനുഭവിച്ച യാതനകളും, കടന്നുപോയ വേദനയുമെല്ലാം ദൈവത്തിലേക്കു പോകാൻ അവളെ പ്രാപ്തയാക്കി, ദൈവത്തിൽനിന്നും അകന്നുപോകാനല്ല. താൻ കടന്നു പോയ കഷ്ടതകളിൽ കൂടിയെല്ലാം ദൈവത്തിലുള്ള പൂർണ്ണാശ്രയവും ദൈവനടത്തിപ്പിലുള്ള പൂർണ്ണ കീഴടങ്ങലും അവൾ പഠിച്ചെടുത്തു. ദൈവത്തിന്റെ വിശ്വസ്തതയെ തന്റെ ജീവിതത്തിലൂടെ അവൾക്ക് അനുഭവിക്കാനും കഴിഞ്ഞു.

നമ്മുടെ ജീവിതത്തിൽ വന്നുപോകുന്ന വിവിധങ്ങളായ ബുദ്ധിമുട്ടുകളിലൂടെ ദൈവത്തിന്റെ വിശ്വസ്തത നമ്മോടു പ്രകടിപ്പിക്കാൻ ദൈവം ഇച്ഛിക്കുന്നു. എത്ര വേദനാകരമായ സാഹചര്യങ്ങളിലൂടെ നമ്മൾ കടന്നുപോയാലും ദൈവത്തിന്റെ വിശ്വസ്തതയെ നാം അനുഭവിക്കുമ്പോൾ, നമ്മുടെ ഹൃദയത്തിൽ സന്തോഷം അലയടിക്കും. ചിലസമയങ്ങളിൽ, ദൈവം നമ്മുടെ ജീവിതത്തിൽ യാതനകൾ കൊണ്ടുവരുന്നതും കാണാം, ദൈവത്തിന്റെ വിശ്വസ്തത നമുക്ക് അനുഭവഭേദ്യമാകുവാൻ വേണ്ടി.

1 ശമുവേൽ 2:1ൽ ആഹ്ലാദം നുരയുന്ന ഒരു ഹൃദയത്തോടെ ഹന്നാ ദൈവത്തിനു സ്തുതികരേറ്റുന്നതു നമുക്കു കാണാം. ഒന്നാം അദ്ധ്യായത്തിൽ നാം കാണുന്ന വേദനനിറഞ്ഞ ഹൃദയം, രണ്ടാമത്തെ അദ്ധ്യായത്തിലേക്കു വരുമ്പോൾ ആഹ്ലാദതിമിർപ്പിലായിരിക്കുന്ന ഒരു ഹൃദയമായി മാറിയതു നമുക്കു കാണാം.

നമ്മുടെ ജീവിതത്തിലും ചിലപ്പോഴൊക്കെ വരൾച്ചയുടെ സമയങ്ങൾ നമുക്ക് അഭിമുഖീകരിക്കേണ്ടി വരും, നമുക്കു നല്കാൻ കഴിയുന്ന ഏറ്റവും മികച്ച പ്രയത്നം നല്കിയിട്ടും യാതൊരു നന്മയും പ്രതിഫലമായി ലഭിക്കുന്നതു കാണാൻ കഴിയാതെ വരുന്ന സമയങ്ങൾ - മക്കളുടെ കാര്യത്തിലാകാം, ജോലിയിലാകാം, ബന്ധങ്ങളിലാകാം. പ്രശ്നങ്ങളിൽ ശ്രദ്ധപതിപ്പിച്ച് നിരാശരാകാതെ, ഹന്നായെപ്പോലെ ദൈവത്തിലേക്കു നോക്കുന്നവരാകാം, നമുക്ക്. ദൈവം നമ്മോടു വിശ്വസ്തതയുള്ളവനാണ്, നാം കടന്നുപോകുന്ന സാഹചര്യങ്ങളിൽകൂടിയെല്ലാം തന്റെ വിശ്വസ്തതയെ നാം അനുഭവിച്ചറിയണമെന്നതാണ് ദൈവഹിതം.

ജാസ്മിൻ ബ്രിട്ടോ

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 12** തീയതി:....................

## ദെബോറായുടെ ദൈവം

ന്യായാധിപർ പുസ്തകത്തിലെ നാലും അഞ്ചും അദ്ധ്യായങ്ങളിൽ നിന്നും ഇന്നു നമുക്കു പഠിക്കാം. ന്യായാധിപർ 2:10–19 വാക്യങ്ങളിൽ; യോശുവായുടെ കാലശേഷം ഇസ്രായേലിൽ ഒരു പുതുതലമുറ വളർന്നുവന്നുവെന്നും, അവർക്കു ദൈവത്തെ അറിയില്ലായിരുന്നുവെന്നും, ഈജിപ്റ്റിലെ അടിമത്തത്തിൽ നിന്നും വാഗ്ദാനം ചെയ്യപ്പെട്ട കനാൻ ദേശത്തേക്ക് ദൈവം അവരെ തന്റെ വീര്യപ്രവർത്തികളുടെ ഫലമായി കൂട്ടിക്കൊണ്ടുവന്നത് അറിയില്ലായിരുന്നുവെന്നും, നാം വായിക്കുന്നു. അവർ കർത്താവിനു മുന്നിൽ തിന്മപ്രവർത്തിച്ചു, ബാൽബിംബങ്ങളെയും അസ്തോരെത്ത് പ്രതിഷ്ഠകളെയും സേവിച്ചു. ആകയാൽ, ദൈവം അവരെ ശത്രുക്കളുടെ കയ്യിൽ ഏല്പിച്ചുകൊടുത്തു. എന്നാൽ അവർ നിലവിളിക്കുമ്പോഴെല്ലാം അവരെ സഹായിക്കാനായി ദൈവം ഒരു ന്യായാധിപനെ ഉയർത്തിയെടുത്തിരുന്നു.

**1. മനസ്സൊരുക്കമുള്ളവർ ആരായാലും ദൈവം അവരെ ഉപയോഗിക്കും. ന്യായാധിപർ 4:4–14**

ലപ്പീദോത്തിന്റെ ഭാര്യയായിരുന്നു ദെബോര, അവൾ ഒരു അമ്മയാകാനും സാദ്ധ്യതയുണ്ട്. യഹൂദസമൂഹം സ്ത്രീകൾക്ക് വലിയ മൂല്യം നല്കിയിരുന്നില്ല. ഭാര്യയുടെയും അമ്മയുടെയും ഭാഗം നന്നായി നിറവേറ്റി വീട്ടിനുള്ളിൽ കഴിയുകയെന്നതായിരുന്നു അവളുടെ ധർമ്മം. ഭാഷയെക്കുറിച്ചോ വചനങ്ങളെക്കുറിച്ചോ ഉള്ള ഒരു പരിജ്ഞാനം സ്ത്രീകൾക്കു ലഭിച്ചിരുന്നില്ല. ന്യായാധിപയാകാനുള്ള വിളി ദൈവത്തിൽ നിന്നും ലഭിച്ചപ്പോൾ, തന്റെ അപകർഷതകളെയും ഭയത്തെയും കൂട്ടുപിടിച്ച് ആ ഉത്തരവാദിത്തത്തിൽനിന്നും ഒഴിഞ്ഞുമാറാൻ ദെബോറയ്ക്കു കഴിയുമായിരുന്നു. എന്നാൽ അവൾ അവസരത്തിനൊത്തുയർന്ന് നാട്ടുകൂട്ടത്തിന്റെ അദ്ധ്യക്ഷസ്ഥാനം വഹിച്ച്, തർക്കങ്ങൾ പരിഹരിക്കുകയും ദൈവം നല്കുന്ന നിർദ്ദേശങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു. തന്റെ ജീവിതത്തെക്കുറിച്ചുള്ള ദൈവീകപദ്ധതികൾ നിറവേറ്റുന്നതിന് തന്റെ പോരായ്മകളോ ഒഴിവുകഴിവുകളോ ഒന്നും വഴിമുടക്കികളാകാൻ അവൾ അനുവദിച്ചില്ല. ബാരാക്കിന്റെ കൂടെനിന്ന്, അവനെ കൊച്ചാക്കാതെ, ഒരുമിച്ചു പ്രവർത്തിക്കാൻ ദെബോറ തയ്യാറായി, ദെബോറയെക്കൂടാതെ തന്റെ ഉത്തരവാദിത്തം നിറവേറ്റാൻ ബാരാക്ക് ബാധ്യസ്ഥനായിരുന്നിട്ടും. പതിനായിരക്കണക്കിന് ഇസ്രായേല്യർ ശിശേരയുടെ സൈന്യത്തോടു പൊരുതി തങ്ങളുടെ ജീവൻ ബലികൊടുക്കാൻ തയ്യാറായി വന്നപ്പോൾ, ദെബോറ അവരെ ഒരു അമ്മയുടെ സ്ഥാനത്തുനിന്നും നയിച്ചു (ന്യായാധിപർ 5).

ക്രിസ്തുവിനുവേണ്ടി ഫലപ്രദമായി പ്രവർത്തിക്കുന്നതിനു തടസ്സമായി നിങ്ങൾ നിരത്തുന്ന അപകർഷതകളും ഒഴികഴിവുകളും എന്തൊക്കെയാണ്? നിങ്ങൾക്കുള്ള ഭയങ്ങൾ എന്തൊക്കെയാണ്? ദൈവരാജ്യത്തെ ശുശ്രൂഷിക്കാനായി നിങ്ങൾക്കു ലഭിച്ചിരുന്ന ഏതൊക്കെ അവസരങ്ങളാണ് നിങ്ങൾ നിരസിച്ചുകളഞ്ഞത്?

**2. ദൈവം തന്റെ മക്കളെ വിടുവിക്കുന്നു. ന്യായാധിപർ 4:15–24**

300,000 കാലാൾപടയെയും, 10,000 കുതിരകളെയും, 900 ഇരുമ്പു രഥങ്ങളെയും ഒന്നു സങ്കല്പിച്ചു നോക്കു

ക. അവർ പരാജയപ്പെട്ടു ചിതറി പിന്നോക്കം പായുന്നതും, അവരുടെ സൈന്യാധിപനായ ശിശേര കാൽനടയായി ഓടി രക്ഷപെടുന്നതും ഒന്നു സങ്കല്പിച്ചു നോക്കുക. ബാരാക്കിന്റെ കൂടെ വന്ന പതിനായിരംപേരുടെ കണ്ണിനു വിരുന്നായ കാഴ്ചയാണിത്. ശത്രുസൈന്യത്തിന്റെ ഇടയിൽ ആശയക്കുഴപ്പവും ഭയവും സൃഷ്ടിച്ച്, ഇസ്രായേൽ മക്കൾക്ക് അവരെ എളുപ്പത്തിൽ കീഴടക്കാനുള്ള അവസരമൊരുക്കിയത് ദൈവം തന്നെയായിരുന്നു, അതും യഹൂദപശ്ചാത്തലത്തിൽ നിന്നുമല്ലാത്ത ഒരു സ്ത്രീയെ ഉപയോഗിച്ച്, യായേലിനെ. ഒരു കൂടാര കുറ്റി ഉപയോഗിച്ച് യായേൽ ശക്തനായ സൈന്യാധിപനെ വകവരുത്തി.

നിങ്ങളുടെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ച ചില അത്ഭുതപ്രവർത്തികൾ എന്തൊക്കെയാണ്? നിങ്ങളുടെ ഭയത്തെയും അപകർഷതകളെയും രോഗങ്ങളെയും അപകടങ്ങളെയും മരണത്തെയും പാപത്തെയും വേറെന്തെങ്കിലും കെണികളെയുമൊക്കെ അതിജീവിക്കാൻ തക്കവിധത്തിൽ പ്രവർത്തിച്ച അത്ഭുതങ്ങൾ?

3. ദൈവം നമ്മുടെ സ്തുതിഗീതത്തിന് അർഹനാണ്. ന്യായാധിപർ 5 (ദെബോരയുടെ ഗീതം)

ദൈവം അവർക്കു നല്കിയ വിജയത്തെക്കുറിച്ചും ദൈവം അവരെ ഉപയോഗിച്ചതിനെക്കുറിച്ചുമെല്ലാം ദെബോറയും ബാരാക്കും ചേർന്ന് പാടി സ്തുതിച്ചു. 1 പത്രോസ് 2:9 വാക്യവും മറ്റനേകം വാക്യങ്ങളും നമ്മെ ഓർമ്മിപ്പിക്കുന്നത്, ദൈവത്തിന്റെ മഹത്വം പ്രഖ്യാപിക്കാൻ വേണ്ടി നമ്മൾ സൃഷ്ടിക്കപ്പെട്ടു എന്നാണ്.

ദൈവരാജ്യത്തിൽ ശുശ്രൂഷ ചെയ്യുന്നതിൽ നിന്നും നിങ്ങളെ പിറകോട്ടു പിടിച്ചുനിർത്തുന്ന നിങ്ങളിലെ അപകർഷതകളെയും ഒഴികഴിവുകളെയും കുറിച്ചു ചിന്തിക്കുക. ഇത്തരം തടസ്സങ്ങളെയെല്ലാം മറികടക്കുന്നതിന് നിങ്ങളെ സഹായിക്കുന്ന നിലപാടുകൾ പ്രാർത്ഥനാപൂർവ്വം സ്വീകരിക്കുക.

ബീന ഷൈജൂസ്

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 13** തീയതി:....................

## എസ്ഥേറിന്റെ ദൈവം

വാഗ്ദത്ത ദേശത്തു നിന്നും വളരെ ദൂരെ, ആ ദേശത്തിന്റെ എതിർ അറ്റത്ത്, ശക്തരായ പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ സൂസാ പട്ടണത്തിൽ, ബിസി 539–331 കാലഘട്ടത്തിൽ സംഭവിക്കുന്ന ഒരു കഥയാണ് എസ്ഥേറിന്റേത്. ഇന്ത്യമുതൽ ഈജിപ്റ്റിലെ നൈൽ പ്രദേശം വരെ നീണ്ടു കിടന്നിരുന്ന ഒരു സാമ്രാജ്യമായിരുന്നു അത്.

ശക്തമായ ഒരു സന്ദേശം ഈ കഥ നമുക്കു നല്കുന്നുണ്ട്. നിങ്ങൾ ശരിയായതു ചെയ്യുകയും, നിങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ നീതിയായതാവുകയും ചെയ്താൽ, ദൈവം നിങ്ങളെ സഹായിക്കുകയും സാഹചര്യങ്ങൾ നിങ്ങൾക്ക് അനുകൂലമായി തീർക്കുകയും ചെയ്യും - ദൈവപാതയിൽ നടക്കുന്നവനെ നശിപ്പിക്കാൻ ശ്രമിക്കുന്ന വ്യക്തികൾ എത്രമാത്രം ശക്തരായിരുന്നാലും.

നാടുവാഴുന്ന രാജാവ്, രാജ്ഞിയാകാൻ യോഗ്യയായ യുവതിയെ കണ്ടെത്താൻവേണ്ടി ഒരു മത്സരം സംഘടിപ്പിച്ചപ്പോൾ, മോർദ്ദെഖായ് നടത്തിയ തന്ത്രപൂർണ്ണമായ ഒരു ഇടപെടലിലൂടെ രാജാവിന്റെ പ്രീതിപാത്രമാകുവാനും രാജ്ഞിയായി തീരുവാനും എസ്തേറിനു സാധിച്ചു. രാജാവിനെതിരെ നടക്കുന്ന ഒരു ഗൂഢാലോചനയെക്കുറിച്ച് വിവരം ലഭിച്ച മോർദ്ദെഖായ് എസ്ഥേർ രാജ്ഞിയിലൂടെ അക്കാര്യം രാജാവിനെ അറിയിച്ചു. ഇക്കാര്യത്തിന് മോർദ്ദെഖായിക്ക് ഒരു ആദരം നല്കിയില്ലെന്നു മാത്രമല്ല, മോർദ്ദെഖായെയും അവന്റെ ദേശക്കാരായ യഹൂദരെയും മുഴുവനുമായി പ്രവിശ്യയിൽ നിന്നും ഒറ്റയടിക്ക് ഉന്മൂലനം ചെയ്യാൻ ഗൂഢപദ്ധതി തയ്യാറാക്കി രാജാവിൽ നിന്നും രഹസ്യമായി അനുവാദവും വാങ്ങി തക്കം പാർത്തിരിക്കുകയുമായിരുന്നു രാജകൊട്ടാരപ്രമാണിയായ ഹാമാൻ.

സമയം തീരാറാകുന്നുവെന്നു കണ്ടിട്ട്, എസ്ഥേർ രാജ്ഞിയിലൂടെ ഈ ഗൂഢാലോചനയെക്കുറിച്ചുള്ള വിവരം രാജാവിനെ ധരിപ്പിക്കാനായി, രാജാവിന്റെ അനുവാദമില്ലാതെ അദ്ദേഹത്തിന്റെ മുന്നിലേക്കു ചെല്ലുകയെന്ന ആത്മാഹുതിക്കു സമാനമായ ഒരു കാര്യം ചെയ്യാൻ എസ്ഥേറിനെ നിർബ്ബന്ധിച്ചുകൊണ്ടിന്നു മോർദ്ദെഖായ്. അതിശയകരമായ കാര്യമെന്തെന്നാൽ രാജ്ഞിയെ കണ്ടമാത്രയിൽ അവളിൽ പ്രസാദിതനായ രാജാവ് തന്റെ രാജ്യത്തിന്റെ പകുതിപോലും അവളുടെ ആഗ്രഹസാദ്ധ്യത്തിനായി വാഗ്ദാനം ചെയ്യുന്നു. തന്റെ ജനതയായ യഹൂദരുടെ ആസന്നമായ കൂട്ടക്കുരുതിയെ ഒഴിവാക്കുക എന്നതിലായിരുന്നു എസ്ഥേറിന്റെ ചിന്തകൾ മുഴുവൻ. ഒരു വിരുന്നൊരുക്കിയ എസ്ഥേർ രാജാവിനെയും ഹാമാനെയും ആ വിരുന്നിലേക്കു ക്ഷണിച്ചു. അന്നു രാത്രിയിൽ രാജാവിന് ഉറങ്ങാൻ കഴിയാതിരുന്നതിനാൽ തന്റെ വാഴ്ചക്കാലത്തെ വിശേഷങ്ങൾ എഴുതിവച്ച ഗ്രന്ഥം വായിച്ചുകേൾക്കാൻ തീരുമാനിക്കുകയും ചെയ്തു. മോർദ്ദെഖായ് തന്റെ ജീവൻ രക്ഷിക്കുന്ന തരത്തിൽ ഇടപെട്ടതിനെക്കുറിച്ചു വായിച്ചുകേട്ട അദ്ദേഹം, ഇതിനു പ്രത്യുപകാരമായി മോർദ്ദെഖായ്ക്ക് യാതൊരു പാരിതോഷികവും നല്കിയിട്ടില്ല എന്ന വിവരവും ഗ്രഹിച്ചു. മോർദ്ദെഖായ്ക്ക് അർഹമായ രീതിയിലുള്ള ഒരു ആദരം നല്കണമെന്ന് രാജാവ് തന്റെ ഹൃദയത്തിൽ നിനച്ചു. എന്തു തരത്തിലുള്ള ഒരു ആദരമാണ് നല്കേണ്ടത് എന്നത് ഹാമാന്റെ അഭിപ്രായമാരാഞ്ഞശേഷം രാജാവു തീരുമാനിച്ചുറച്ചു. ഹാമാൻ മനസ്സിൽ വിചാരിച്ചത് രാജാവ് ആദരം നല്കാൻ പോകുന്നത് തനിക്കു തന്നെയാണെന്നായിരുന്നു, എന്നാൽ രാജാവിന്റെ ഹൃദയം മോർദ്ദെഖായുടെ കൂടെ

യായിരുന്നു, മോർദ്ദെഖായിക്ക് ഹാമാൻ മനസ്സിൽകണ്ട ആദരം ലഭിക്കുകയും ചെയ്തു. ഇക്കാര്യം നടക്കുന്നതിനുമുമ്പ്, മോർദ്ദെഖായിയെ കഴുവേറ്റാൻ ഹാമാൻ ഒരു വലിയ തൂക്കുമരം ഒരുക്കിവച്ചിട്ടുണ്ടായിരുന്നു.

പിന്നീട് രാജാവ് ഹാമാനോടൊത്ത് എസ്ഥേർ ഒരുക്കിയ വിരുന്നിനുവന്നപ്പോൾ, രാജ്ഞി, ഹാമാന്റെ ദുഃഷ്ടപദ്ധതിയെക്കുറിച്ചു രാജാവിനെ ധരിപ്പിച്ചു. രോഷാകുലനായി രാജാവ് പുറത്തേക്കുപോയപ്പോൾ രാജാവിന്റെ കോപത്തിൽനിന്നും തന്നെ രക്ഷിക്കാൻ എസ്ഥേർരാജ്ഞിയോട് അപേക്ഷിക്കാൻ ഹാമാൻ വിരുന്നു ശാലയിൽ തുടർന്നു. രാജ്ഞിയുടെ ഇരിപ്പിടത്തിലേക്കു ചാഞ്ഞുകിടക്കന്ന ഹാമാനെ കണ്ടപ്പോൾ അയാൾ രാജ്ഞിയെ കയറിപ്പിടിക്കാൻ മുതിർന്നിരിക്കുന്നു എന്നു ധരിച്ച രാജാവ്, ഹാമാനെ അയാൾ മോർദ്ദെക്കായ്ക്കുവേണ്ടി ഒരുക്കിയ തൂക്കുമരത്തിൽ തന്നെ തൂക്കി കൊന്നു. രാജാവിനെ കാര്യങ്ങൾ ധരിപ്പിക്കാൻ കഴിഞ്ഞ എസ്ഥേറിന്റെ പ്രയത്നത്താൽ, യഹൂദജനതയ്ക്ക് തങ്ങളെത്തന്നെ രക്ഷിക്കാനും കഴിഞ്ഞു.

ദൈവമെന്ന വാക്കോ, പാപം എന്ന വാക്കോ ഈ പുസ്തകത്തിൽ ഉപയോഗിക്കുന്നതു നമുക്കു കാണാൻ കഴിയില്ല. എന്നിരുന്നാലും, യഹൂദജനതയുടെ ശത്രുവിന്റെ നീച പദ്ധതികളിൽ നിന്നും രക്ഷപെടുവാനായി, മോർദ്ദെഖായ് എന്ന ഒരു മനുഷ്യനു ദൈവം ഇടപെട്ടു നല്കുന്ന മാർഗ്ഗദർശനങ്ങളിലൂടെ ദൈവത്തിന്റെ സാന്നിദ്ധ്യം നാം ഈ പുസ്തകത്തിലുടനീളം കാണുന്നു. ദുർഘടങ്ങളുടെ നടുവിലും ദൈവം മോർദ്ദെഖായ്ക്ക് അനുകൂലമായി കാര്യങ്ങൾ വഴിതിരിച്ചു വിടുന്നത് നമ്മുടെ കണ്ണു തുറപ്പിക്കുന്ന ഒരു കാര്യമാണ്. മറ്റുള്ളവരുടെ നന്മയെ കാണുന്ന ഒരുവനെ ദൈവം എപ്രകാരം സഹായിക്കാൻ തീരുമാനിക്കുന്നു എന്ന വാസ്തവം നമുക്കു കാണാൻ കഴിയുന്നു.

എന്റെ ജീവിതത്തിൽ ഉടനീളം ദുരന്തങ്ങൾ പിന്നാലെ വന്നിട്ടുണ്ട്. എന്റെ മൂത്തമകൾ ലിഡിയ ഞങ്ങളെ വേർപെട്ടുപോയതിനുശേഷം, ഒരു കുഞ്ഞിനെവേണം എന്നു കരുതി ധാരാളം ചികിത്സയിലൂടെ കടന്നുപോയി, ധാരാളം പണവും മുടക്കി, ഞങ്ങൾക്കനുകൂലമായ ഒരു ഫലവും ഉണ്ടായില്ല. എല്ലാ ചികിത്സകളും നിർത്തിവച്ച് ബാക്കിയെല്ലാം യേശുവിനു സമർപ്പിക്കാം എന്നു ഞങ്ങൾ തീരുമാനിച്ചു. ഞങ്ങളുടെ ആത്മാക്കൾക്കു സമാശ്വാസമായി ലിയാൻഡയെ ദൈവം അത്ഭുതകരമായി ഞങ്ങൾക്കു തന്നു.

നമ്മുടെ ജീവിതം, സകല സമയത്തും, യേശുവിന്റെ കരങ്ങളിൽ ഏല്പിക്കുന്നതാണ് ഉത്തമം, കാരണം, യേശുവിന് നമ്മെക്കുറിച്ച് ഒരു പദ്ധതിയുണ്ട് - നമുക്കു ദോഷം വരുത്താത്ത, നന്മ വരുത്തുന്ന പദ്ധതി. യേശുകർത്താവു തന്നെ നമ്മെ പഠിപ്പിച്ചതുപോലെ: *"എന്നോടു 'കർത്താവേ, കർത്താവേ' എന്നു പറയുന്ന ഏതൊരുവനുമല്ല, സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ മാത്രമാണു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്."*

*ഷെജി*

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 14** തീയതി:.....................

## അടിമപെൺകുട്ടിയുടെ ദൈവം

2 രാജാക്കന്മാർ 5:1-4

*[1]നയമാൻ അരാം രാജാവിന്റെ സേനാപതിയായിരുന്നു. അയാൾ മുഖാന്തരം യഹോവ അരാമിനു വിജയം നല്കിയിരുന്നതിനാൽ തന്റെ യജമാനന്റെ ദൃഷ്ടിയിൽ അയാൾ മഹാനും ബഹുമാന്യനുമായിത്തീർന്നു. നയമാൻ പരാക്രമശാലിയെങ്കിലും കുഷ്ഠരോഗിയായിരുന്നു. [2]അരാമിൽ നിന്നുള്ള കവർച്ചപ്പടകൾ വന്നിരുന്നപ്പോൾ അവർ യിസ്രായേലിൽനിന്നും ഒരു ബാലികയെ അടിമയായി പിടിച്ചുകൊണ്ടുപോയിരുന്നു. അവൾ നയമാന്റെ ഭാര്യയുടെ പരിചാരികയായിത്തീർന്നു. [3]"യജമാനൻ ശമര്യയിലെ പ്രവാചകനെ ഒന്നു ചെന്നു കണ്ടിരുന്നെങ്കിൽ യജമാനന്റെ കുഷ്ഠരോഗം അദ്ദേഹം സൗഖ്യമാക്കുമായിരുന്നു" എന്ന് അവൾ തന്റെ യജമാനത്തിയോടു പറഞ്ഞു. [4]നയമാൻ തന്റെ യജമാനനെ സമീപിച്ച് യിസ്രായേൽക്കാരത്തിയായ പെൺകുട്ടി പറഞ്ഞ വിവരം അറിയിച്ചു.*

അടിമയായി പിടിച്ചുകൊണ്ടുവരപ്പെട്ട ഒരു ബാലികയായ ഇവൾ, അരാമിലെ ഉന്നത ഉദ്യോഗസ്ഥന്റെ ഭാര്യയുടെ ദാസിയായി അവരുടെ വീട്ടിൽ വേലചെയ്യുകയായിരുന്നു. എത്രകാലം അവൾ അവിടെ വേല ചെയ്യുന്നുണ്ടായിരുന്നെന്നോ, അവൾക്കു നേരിടേണ്ടിവന്ന കാര്യങ്ങൾ എപ്രകാരമുള്ളതായിരുന്നെന്നോ, ഉപദ്രവിക്കുന്ന തരത്തിലുള്ളതോ മനസ്സലിവുകാണിക്കുന്ന തരത്തിലുള്ളതോ ആയ യജമാനരായിരുന്നോ അവൾക്കുണ്ടായിരുന്നതെന്നോ നമുക്കറിയില്ല. അവളുടെ സാഹചര്യം എന്തുതന്നെയായാലും, നമ്മെ അതിശയിപ്പിക്കുന്ന കാര്യം എന്തെന്നാൽ, തന്റെ ദേശത്തെ ദൈവത്തിന്റെ പ്രവാചകനായ ഏലീശായെക്കുറിച്ച് അന്യനാട്ടിലെ യജമാനരുടെ മുന്നിൽ തുറന്നുപറയാനുള്ള ധൈര്യം ഈ പെൺകുട്ടിക്കുണ്ടായിരുന്നു എന്നതാണ്. സത്യസന്ധമായി പറയട്ടെ, അവൾ അടിമയാകുന്നതു തടയാനോ, അടിമത്തത്തിൽ നിന്നും അവളെ രക്ഷിക്കാനോ കഴിയാത്ത ഒരു പ്രവാചകനായിരുന്നിട്ടുപോലും. **ഇക്കാര്യങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും, യഹോവയിലും അവിടുത്തെ പ്രവാചകനിലും അവൾക്കു വിശ്വാസം ഉണ്ടായിരുന്നു.**

തനിക്കുണ്ടായ വിപത്തുകൾക്കോ താൻ അനുഭവിക്കുന്ന യാതനകൾക്കോ തടയിടാത്ത ദൈവത്തിൽ അവൾ അപ്പോഴും വിശ്വസിച്ചു, തന്റെ യജമാനനായ നയമാന്റെ പ്രശ്നങ്ങൾക്ക് പരിഹാരം നല്കാൻ തന്റെ ദൈവത്തിനേ കഴിയൂ എന്ന് അവൾ വിശ്വസിച്ചു. ദൈവത്തിന്റെ ശക്തിയിലും, സൗഖ്യം നല്കുന്ന വിശ്വസ്തതയിലും, അവിടുത്തേക്കുവേണ്ടി ജോലിചെയ്യുന്ന പ്രവാചകനിലും, ആ പ്രവാചകൻ അവിടുത്തെ നാമത്തിൽ ചെയ്യുന്ന അത്ഭുതപ്രവർത്തികളിലും അവൾ വിശ്വസിച്ചു. അവളുടെ മനസ്സിൽ തന്റെ ദൈവത്തിനു "സാദ്ധ്യമായേക്കാം" എന്ന ചിന്തയല്ല ഉണ്ടായിരുന്നത്, പകരം, "സാധ്യമാണ്" എന്ന ചിന്തയാണ് ഉണ്ടായിരുന്നത്. അവളെ രക്ഷിച്ചില്ലെങ്കിലും, അവൾ വിശ്വസിക്കുന്ന ദൈവവും പ്രവാചകനും അവളുടെ യജമാനനെ രക്ഷിക്കുമെന്ന് അവൾ വിശ്വസിച്ചു.

ഈ പെൺകുട്ടിയിലേക്കു നാം നോക്കുമ്പോൾ, അവൾ അടിമയായി ജീവിക്കുന്നവളാണ്, പക്വതവരാത്ത

ബാലികയാണ്, തന്റെ കുടുംബത്തിൽനിന്നും രാജ്യത്തുനിന്നുമെല്ലാം പറിച്ചെടുക്കപ്പെട്ടവളാണ്, എന്നെല്ലാം നമുക്കു കാണാം, എന്നിരുന്നാലും, അവളുടെ ഗദ്ഗദങ്ങളുടെ നടുവിലും, അവളുടെ യജമാനനെ സഹായിക്കുന്നതിനെക്കുറിച്ചു ചിന്തിക്കാൻ അവൾക്കു കഴിഞ്ഞു എന്നു കാണാൻ കഴിയും. ഈ അടിമബാലിക നിശ്ചയമായും നമുക്കൊരു പ്രചോദനമാണ്. അവളുടെ സ്നേഹത്തിന് യാതൊരു അർഹതയുമില്ലാത്ത, അവളോടു സ്നേഹം കാണിക്കാതെ അവളെ ദുരുപയോഗം ചെയ്യുന്നവരോട് അവൾ പരിഗണന കാണിക്കുന്നു.

നമ്മുടെ ദൈവത്തെ, നമ്മുടെ ചുറ്റുമുള്ളവർക്കു നമുക്കു കാണിച്ചു കൊടുക്കാം, ഈ അടിമബാലികയെപ്പോലെ. അങ്ങനെ അവർ സത്യദൈവത്തെ അറിഞ്ഞ് ആരാധിക്കാൻ ഇടയാകുന്ന വിധത്തിൽ.

അവളുടെ യാതനകളുടെ മദ്ധ്യത്തിലും മറ്റുള്ളവർക്കു നന്മയായി ഭവിക്കുന്ന ഈ ബാലികയുടെ മാതൃക നമുക്കും അനുകരിക്കാം, നാം കടന്നുപോകുന്ന ഏറ്റവും ദുർഘടസമയങ്ങളിൽ പോലും മറ്റുള്ളവരോടു സുവിശേഷം പങ്കുവയ്ക്കുകയും ചെയ്യാം.

ആശ ജെയിംസ്

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 15** തീയതി:....................

## ദാവീദിന്റെ ദൈവം

ബൈബിളിൽ അനേകം വീരനായകന്മാരുണ്ട്. എന്നാൽ നിങ്ങൾക്കു കാണാവുന്നതുപോലെ, "എന്റെ ഹൃദയത്തിന് ഇണങ്ങിയ മനുഷ്യൻ" എന്ന് സ്വന്തവാക്കുകളാൽ ദൈവത്താൽ വിളിക്കപ്പെടാനുള്ള വിശിഷ്ടപദവി ലഭിക്കപ്പെട്ട ഒരേ ഒരാൾ മാത്രമേ ഉള്ളൂ. (അപ്പ പ്രവർത്തി 13:32, 1 ശമുവേൽ 13:14).

എന്താണിതിനു കാരണം എന്നു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഇത് ഇയാളെ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ള ഒരു കാര്യമാണോ? അതോ അയാൾ ശുശ്രൂഷിച്ച ദൈവത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കാര്യമാണോ? കാമചിന്തയിലേക്കും അതിൽനിന്നും അവിഹിതവേഴ്ചയിലേക്കും അതിൽനിന്നും കൊലപാതകത്തിലേക്കുമെല്ലാം (2 ശമുവേൽ 11) പോകാൻ തനിക്കു സാധിക്കുമെന്നു സ്വയം തെളിയിച്ച ഒരാൾക്കാണോ ദൈവത്തിൽ നിന്നും ഇത്തരമൊരു പ്രശംസലഭിക്കേണ്ടത്? ചരിത്രത്തിന്റെയും ദൈവവചനത്തിന്റെയും ഏടുകളിലേക്ക് ദൈവത്തിന്റെ "സ്വന്തം ഹൃദയമുള്ള പുരുഷൻ" എന്ന ഖ്യാതിയുമായി കടന്നുകയറാൻ ഇദ്ദേഹത്തിന് എങ്ങനെ കഴിഞ്ഞു?

ദാവീദിന്റെ ജീവചരിത്രം വായിക്കുമ്പോഴും അദ്ദേഹത്തിന്റെ രചനകളിലൂടെ കടന്നുപോകുമ്പോഴും, ബൈബിളിൽ മറ്റാരിലും മാതൃക കണ്ടെത്താൻ സാധിക്കാത്ത വിധത്തിലുള്ള ഒരു സ്വഭാവസവിശേഷത ദാവീദിൽ എനിക്കു കണ്ടു സ്ഥബ്ധനാകാൻ കഴിഞ്ഞിട്ടുണ്ട്, എനിക്കറിയാവുന്ന ഒര മനുഷ്യജീവിക്കും ഇല്ലായെന്നു തോന്നുന്ന ഒരു സവിശേഷത - ദാവീദിന്റെ പരിപൂർണ്ണമായതും മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്തവിധത്തിലുള്ളതുമായ ദൈവമുന്നിലുള്ള സത്യസന്ധത.

ദാവീദിന്റെ സങ്കീർത്തനങ്ങൾ വായിക്കുമ്പോൾ, ആത്മീയതയിലെ ഉയർച്ചതാഴ്ചയുടെ ഒരു ദുർഘടപാത നമുക്കു കാണാൻ സാധിക്കും. ഇതൊന്നു നോക്കുക: "[1]*യഹോവേ, എന്റെ വാക്കുകൾക്കു ചെവി തരണമേ; എന്റെ ധ്യാനം ശ്രദ്ധിക്കണമേ. [2]എന്റെ രാജാവും എന്റെ ദൈവവുമേ, എന്റെ നിലവിളിയുടെ ശബ്ദം ശ്രദ്ധിക്കണമേ; അങ്ങയോടല്ലോ ഞാൻ പ്രാർത്ഥിക്കുന്നത്*" (സങ്കീർത്തനം 5:1-2). ദുർഘടസമയത്ത് അദ്ദേഹം ദൈവത്തെ വിളിച്ചു തന്റെ പ്രാർത്ഥനകേൾക്കണമേയെന്നു യാചിക്കുന്നതാണ് ഇവിടെ നമുക്കു കാണാൻ കഴിയുന്നത്.

"[1]*യഹോവേ, അങ്ങയുടെ കോപത്തിൽ എന്നെ ശാസിക്കരുതേ; ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ. [2]യഹോവേ, എന്നോടു ദയ കാണിക്കണമേ; ഞാൻ തളർന്നിരിക്കുന്നു; യഹോവേ, എന്നെ സൗഖ്യമാക്കണമേ; എന്റെ അസ്ഥികൾ അതിവേദനയനുഭവിക്കുന്നു. [3]എന്റെ പ്രാണൻ യാതനയിലായി; യഹോവേ, ഇനിയും എത്ര നാൾ? [4]യഹോവേ, എങ്കലേക്കു തിരിഞ്ഞ് എന്റെ പ്രാണനെ വിടുവിക്കണമേ; അവിടുത്തെ കരുണാധിക്യത്താൽ എന്നെ രക്ഷിക്കണമേ. [5]മരണശേഷം ആരും അങ്ങയെ ഓർക്കുന്നില്ല; പാതാളത്തിൽ ആര് അങ്ങേയ്ക്കു സ്തോത്രം ചെയ്യും? [6]ഞരക്കം കൊണ്ടു ഞാൻ തളർന്നിരിക്കുന്നു; രാത്രിമുഴുവൻ കണ്ണുനീർകൊണ്ട് എന്റെ കട്ടിലിനെ നനച്ച്, എന്റെ കിടക്കയെ ഒഴുക്കുന്നു. [7]ദുഃഖത്താൽ എന്റെ കണ്ണുകൾ കുഴിഞ്ഞു; സകലശത്രുക്കളും നിമിത്തം എന്റെ കാഴ്ച മങ്ങിയുമിരിക്കുന്നു*" (സങ്കീർത്തനം 6:1-7) വേദനയുടെയും ഞരക്കത്തിന്റെയും ഒരു കാലഘട്ടത്തിൽ ദാവീദ് ദൈവത്തിൽ നിന്നും കൃപ പ്രാപിപ്പാൻ വാഞ്ചിക്കുന്നു.

"[1]*എന്റെ ബലമായ യഹോവേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു. [2]യഹോവ എന്റെ ശൈലവും, എന്റെ കോട്ടയും, എന്റെ രക്ഷകനും, എന്റെ ദൈവവും എന്റെ അഭയമായ പാറയും ആകുന്നു. അവിടുന്ന് എന്റെ പരിചയും എന്റെ രക്ഷയുടെ കൊമ്പും എന്റെ അഭയസ്ഥാനവും തന്നേ. [3]സ്തുതിക്കു യോഗ്യ*

*നായ യഹോവയെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; അങ്ങനെ ഞാൻ എന്റെ ശത്രുക്കളിൽനിന്നു രക്ഷ നേടുന്നു. [4]മരണപാശങ്ങൾ എന്നെ ചുറ്റി; നാശപ്രവാഹങ്ങൾ എന്റെ മീതെ കവിഞ്ഞൊഴുകി. [5]പാതാള പാശം എന്നെ വളഞ്ഞു; മരണക്കുരുക്കുകൾ എന്റെ മേൽ വീണു. [6]എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു; എന്റെ ദൈവത്തോടു ഞാൻ നിലവിളിച്ചു. തന്റെ മന്ദിരത്തിൽനിന്ന് അവിടുന്ന് എന്റെ ശബ്ദം കേട്ടു. എന്റെ നിലവിളി അവിടുത്തെ സന്നിധിയിൽ, അവിടുത്തെ കാതുകളിൽ എത്തി"* (സങ്കീർത്തനം 18:1-6). ദൈവത്തിന്റെ സ്നേഹവും സംരക്ഷണവും ഏറ്റുപറയുന്ന ഒരു സങ്കീർത്തനഭാഗമാണിത്.

ജീവിതയാഥാർത്ഥ്യങ്ങൾ നേരിട്ട സമയത്ത് ദാവീദിൽ നിന്നും പുറപ്പെട്ട വാക്കുകളാണ് ഇവയെല്ലാം. ഇന്നു നമ്മുടെ മുന്നിലുള്ള ചോദ്യം - നമ്മുടെ മുഖം മൂടിയെല്ലാം വലിച്ചെറിഞ്ഞ്, ദൈവത്തിനും മനുഷ്യർക്കും മുന്നിൽ ലജ്ജയുളവാക്കുന്ന രീതിയിൽ, ഹൃദയം തുറക്കാൻ നാം സജ്ജരാണോ എന്നതാണ്. ദാവീദ് തന്നെക്കുറിച്ചു തുറന്നു പറഞ്ഞത് മറ്റാരും കേൾക്കാതെ ദൈവത്തിനുമുന്നിൽ മാത്രമായിട്ടല്ല, നമുക്കോരോരുത്തർക്കും മുന്നിലാണ്.

നമ്മുടെ വേദനകളും, മുറിവുകളും, ഭയങ്ങളും, ബലഹീനതകളും, നന്ദിയും, അറിവില്ലായ്മയെയുമെല്ലാം യാഥാർത്ഥ്യബോധത്തോടെ തുറന്നു സമ്മതിക്കാം.

ക്രിസ്റ്റി വർഗ്ഗീസ്

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 16** തീയതി:....................

## ഹബക്കുക്കിന്റെ ദൈവം

ബിസി 600 കാലഘട്ടത്തിൽ യഹൂദാദേശത്ത് ജീവിച്ചിരുന്ന ഒരു പ്രവാചകനാണ് ഹബക്കുക്ക്. ബാബിലോൺ സാമ്രാജ്യത്തിന്റെ അധിനിവേശത്തിനു മുന്നുള്ള ഒരു കാലഘട്ടത്തിലാണ് അദ്ദേഹം യഹൂദാദേശത്തു ജീവിച്ചിരുന്നതെന്നാണ് ഈ പുസ്തകത്തിൽ നിന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നത്. ദൈവഭയമുള്ളവനും നീതിബോധമുള്ളവനുമായതിനാൽ, പാപകരമായ ജീവിതത്തിൽ മുഴുകിയ ഇസ്രായേൽദേശത്തെ കുറിച്ച് അസ്വസ്ഥനായിരുന്നു അദ്ദേഹം. എന്തുകൊണ്ടു ദൈവം തിന്മപ്രവർത്തിക്കുന്നവരെ ശിക്ഷിക്കുകയോ തിരുത്തുകയോ ചെയ്യുന്നില്ല എന്ന് അദ്ദേഹം ആശങ്കപ്പെട്ടു. അതിനാൽ, യഹൂദാദേശത്തു വസിച്ചിരുന്ന ഇസ്രായേൽ മക്കളുടെ പാപകരമായ ജീവിതത്തെക്കുറിച്ച് ദൈവത്തോടു പരാതി പറയാൻ അദ്ദേഹം തീരുമാനിച്ചു. ദൈവത്തിനുമുന്നിൽ നിസ്സഹായനായി നിന്നുകൊണ്ട്, തന്നെ എന്തിനാണ് അകൃത്യം നിറഞ്ഞ ഈ ജനത്തിനിടയിൽ നിർത്തിയിരിക്കുന്നതെന്ന് പ്രവാചകൻ ചോദിച്ചു. തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനിടയിൽ നടമാടുന്ന അകൃത്യങ്ങൾ എന്തുകൊണ്ടു ദൈവം വച്ചുപൊറുപ്പിക്കുന്നു എന്നും ഹബക്കുക്ക് ദൈവത്തോടു ചോദിച്ചു (ഹബക്കുക്ക് 1:3). ദൈവത്തിനു തന്റെ ജനത്തിനു മേൽ യാതൊരു നിയന്ത്രണവുമില്ല എന്ന് പ്രവാചകനു തോന്നി.

ബൈബിളിലെ നമ്മുടെ ദൈവം അനുകമ്പാപൂർണ്ണനും കോപിക്കാൻ ധൃതി കാണിക്കാത്തവനുമാണെന്ന് നമുക്കറിയാം. ഇവിടെ, ഈ പുസ്തകത്തിൽ, ഹബക്കുക്ക് പരാതിപ്പെട്ട കാര്യങ്ങളെല്ലാം ദൈവം ക്ഷമയോടെ കേട്ടു. എല്ലാം കേട്ടതിനുശേഷം, ഇസ്രായേലിൽ നടമാടിയിരുന്ന തിന്മയെ കൈകാര്യം ചെയ്യാൻ തന്റെ പക്കലുള്ള പദ്ധതി എന്തെന്ന് ദൈവം ഹബക്കുക്കിനു വെളിപ്പെടുത്തിക്കൊടുത്തു, വേഗം വരുവാനിരിക്കുന്ന തന്റെ ന്യായവിധിയെക്കുറിച്ചും ദൈവം പറഞ്ഞു. ബാബിലോൺ ദേശത്തെ താൻ ഉയർത്തിക്കൊണ്ടുവരാൻ പോകുന്നതിനെക്കുറിച്ചും, അവരുടെ ചുറ്റുമുള്ള ദേശങ്ങളെയെല്ലാം അവർ കീഴടക്കാൻ പോകുന്നതിനെക്കുറിച്ചും, യൂദാദേശത്തെ അവർ കീഴടക്കുന്നതിനെക്കുറിച്ചുമെല്ലാം ദൈവം ഹബക്കുക്കിനോടു പറഞ്ഞു. ഇസ്രായേലിനേക്കാൾ മോശമായ വേറൊരു രാജ്യം ഇസ്രായേൽ ദേശത്തെ കീഴടക്കുന്ന തരത്തിലുള്ള ദൈവപദ്ധതിയെക്കുറിച്ചു ഹബക്കുക്കിന് സന്തോഷമില്ലായിരുന്നുവെങ്കിലും, ദൈവത്തിനുമുന്നിൽ സ്വയം വിനയപ്പെടുത്തി ദൈവപദ്ധതികൾ നിറവേറാനായി അദ്ദേഹം നോക്കിയിരുന്നു. താൻ എത്രമാത്രം ദൈവത്തിൽ ആശ്രയിക്കുന്നു എന്നും, സ്തുതികൾകൊണ്ട് ദൈവത്തെ എപ്രകാരം മഹത്വപ്പെടുത്തുന്നുവെന്നും നമുക്കു കാണാം.

ദൈവവിധികൾ വളരെ പരുഷമാണെന്ന് ചിലസമയങ്ങളിലെങ്കിലും നമുക്കു കാണാം, എന്നിരുന്നാലും നീതിമാരെ അവിടുന്ന് സമാശ്വസിപ്പിക്കുന്നു (2:4). ദൈവത്തിന്റെ തീരുമാനം കേട്ട ഹബക്കുക്ക് ഭയന്നു വിറച്ചു (3:16). തിന്മയ്ക്കെതിരെയുള്ള ദൈവത്തിന്റെ ക്രോധത്തിൽപോലും കരുണയുണ്ടാകണമേയെന്ന് അദ്ദേഹം പ്രാർത്ഥിച്ചു. നമുക്കു കാണാവുന്നതുപോലെതന്നെ, ഹബക്കുക്കിന്റെ ദൈവം വേറെ ആരിലും ശക്തനാണ്, അവിടുന്ന് ആദിയും അന്തവും ഇല്ലാത്തവനാണ്. അവിടുത്തെ മഹത്വം സ്വർഗ്ഗത്തെ മൂടിയിരിക്കുന്നു, അവിടുത്തെ സ്തുതികൾ ഭൂമിയിൽ നിറഞ്ഞിരിക്കുന്നു (3:3). എല്ലായിടത്തുമുള്ള എല്ലാവരും ദൈവത്തെ അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു, സകലരും ദൈവത്തിനു മഹത്വം നല്കണമെന്നും ദൈവം ആഗ്രഹിക്കുന്നു (2:14).

തിന്മപെരുകുന്ന ഈ ലോകത്തെക്കുറിച്ചുള്ള വാർത്തകൾ അനുനിമിഷം നമ്മിൽ വർഷിച്ചുകൊണ്ടിരിക്കുന്നു, യുദ്ധമായിട്ടും, സാമ്പത്തിക തിരിമറികളായിട്ടും, അഴിമതികളായിട്ടും, കൊലപാതകങ്ങളാ

യിട്ടുമെല്ലാം. ഇതെല്ലാം കാണുമ്പോൾ എന്നിൽ ഉണ്ടാകുന്ന വികാരമെന്തെന്നാൽ, എന്തുകൊണ്ടു ദൈവത്തിന് നേരിട്ട് ഇടപെട്ട് ഈ തിന്മകളെ ഇല്ലായ്മചെയ്തുകൂടാ എന്ന ചിന്തയാണ്. അതിക്രമികൾക്കെതിരെയുള്ള ന്യായവിധി ദൈവം ഇത്രകണ്ടു നീട്ടിവയ്ക്കുന്നതെന്തിനാണ് എന്നു ഞാൻ ദൈവത്തോടു ചോദിക്കാറുണ്ട്. ദൈവത്തിന്റെ ചിന്തകളും വഴികളും എന്റെ ചിന്തകളെയും വഴികളെക്കാളും ഏറെ ഉന്നതമാണെന്ന സത്യം ഞാൻ മറന്നു പോകുന്നു (ഏശയ്യ 55:8). ദൈവത്തിന്റെ പദ്ധതികൾ യഥാകാലത്തു നിറവേറുന്നതിനുവേണ്ടി ക്ഷമാ പൂർവ്വം ഞാൻ കാത്തുനില്ക്കേണ്ടതുണ്ടെന്ന് എനിക്കു മനസ്സിലാകുന്നു. സകലതും അറിയുന്നവനാണു ദൈവമെന്നും, അവിടുന്ന് നീതിമാനാണ് എന്നും ബോധ്യപ്പെടുന്നത് എന്നിൽ സമാധാനം കൊണ്ടു വരുന്നു. അവിടുന്ന് പാറയാണെന്നുള്ളതും അവിടുത്തെ പ്രവർത്തികൾ പരിപൂർണ്ണമാണെന്നുള്ളതും എന്നിൽ ദൈവാശ്രയം നിറയ്ക്കുകയും ചെയ്യുന്നു.

ഹബക്കുക്കിനെ പോലെ പ്രാർത്ഥിക്കാനും ദൈവത്തെ സ്തുതിക്കാനും, ദൈവത്തിൽ ശക്തികണ്ടെത്താനും നമുക്കു കഴിയട്ടെ (3:17-19). കാരണം, നമ്മുടെ ജീവിതത്തിൽ എന്തുതന്നെ സംഭവിച്ചാലും അതിലൂടെയെല്ലാം തുഴഞ്ഞുകരകയറാൻ നമ്മെ സഹായിക്കുന്നവനാണു ദൈവം. നമ്മെ അഭിവൃദ്ധിയിലേക്കു നയിക്കുന്ന, നമുക്കു തിന്മവരുത്താത്ത, നമുക്കു ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതികൾ ഉള്ളത് ദൈവത്തിന്റെ കരങ്ങളിൽ മാത്രമാണ് (യിരമ്യ 29:11).

മാത്യു തോമസ്

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 17** തീയതി:.....................

### യോശീയാവിന്റെ ദൈവം

യൂദാദേശത്തെ രാജാവായിരുന്ന യോശീയാവ് തന്റെ എട്ടാം വയസ്സിലാണ് അധികാരത്തിലേറിയത്. തന്റെ വാഴ്ചയുടെ എട്ടാം വർഷം മുതൽ, തന്റെ പൂർവ്വപിതാവായ ദാവീദിന്റെ ദൈവത്തെ അവൻ തേടാൻ തുടങ്ങി, അവൻ ചെയ്ത കാര്യങ്ങളിലെല്ലാം ദൈവം അവനു വിജയവും നല്കി. വിഗ്രഹങ്ങളുടെ മുന്നിൽ വണങ്ങുകയും ബലിയർപ്പിക്കുകയും ചെയ്തിരുന്ന യൂദാദേശത്തെ മുഴുവൻ ജനങ്ങളോടും തന്റെ തന്നെ കുടുംബത്തോടും മത്സരിച്ച് യോശീയാവിന് ശക്തമായ ഒരു നിലപാട് എടുക്കേണ്ടിവന്നു. പൂർണ്ണഹൃദയത്തോടെ ദൈവത്തെ സേവിക്കാനും, തന്റെ രാജ്യത്തു സ്ഥാപിതമായ വിഗ്രഹങ്ങളെയും, അശേര സ്തൂപങ്ങളെയും, ഉയർന്നസ്ഥാനങ്ങളിൽ ധൂപാർപ്പണം നടത്തിയിരുന്നവരെയും നശിപ്പിക്കാനുമുള്ള ധീരമായ ഒരു തീരുമാനം അദ്ദേഹം കൈക്കൊണ്ടു.

31 വർഷം യോശീയാവ് യെരുശലേമിൽ വാണു. *"യഹോവയുടെ ദൃഷ്ടിയിൽ പ്രസാദകരമായത് യോശീയാവു പ്രവർത്തിച്ചു. അദ്ദേഹം തന്റെ പൂർവ്വപിതാവായ ദാവീദിന്റെ വഴികളിൽ നടന്നു; അതുവിട്ട് ഇടത്തോട്ടോ വലത്തോട്ടോ മാറിയതുമില്ല"* (2 ദിനവൃത്താന്തം 34:2)

തന്റെ വാഴ്ചയുടെ പതിനെട്ടാം വർഷത്തിൽ, യോശീയാവ് ദൈവാലയ പുനർനിർമ്മിതിക്കായി പണം സ്വരൂപിച്ചു, ആ നിർമ്മാണപ്രവൃത്തികളുടെ ഇടയിൽ മുഖ്യപുരോഹിതനായ ഹിൽക്കിയാവ് ന്യായപ്രമാണപുസ്തകം കണ്ടെത്തി. ഹിൽക്കിയാവ് ഈ പുസ്തകം രാജാവിന്റെ മുന്നിൽ വായിച്ചുകേൾപ്പിച്ചപ്പോൾ രാജാവു തന്റെ വസ്ത്രം കീറി - ദുഃഖപ്രകടനത്തിന്റെയും മാനസാന്തരത്തിന്റെയും ഒരു അടയാളം (വാ 11).

ദേശമൊന്നാകെ മാനസാന്തരപ്പെടാനുള്ള ഒരു വിളി യോശീയാ രാജാവു നല്കി. നിയമപുസ്തകം ദേശത്തെ ജനങ്ങളുടെ മുന്നിൽ വായിച്ചു കേൾപ്പിച്ചു. യഹോവയും ജനങ്ങളുമായി ഒരു ഉടമ്പടി നിർമ്മിതമാക്കി: *"താൻ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടുംകൂടെ യഹോവയെ അനുഗമിക്കുമെന്നും, അവിടുത്തെ കല്പനകളും ചട്ടങ്ങളും വിധികളും പ്രമാണിക്കുമെന്നും അങ്ങനെ ഈ നിയമത്തിൽ എഴുതപ്പെട്ടിട്ടുള്ള വാക്കുകളെ നിറവേറ്റുമെന്നും രാജാവ് സ്തംഭത്തിന്നരികെ നിന്ന് യഹോവയുടെ സന്നിധിയിൽ ഉടമ്പടി പുതുക്കി. അപ്പോൾ സകലജനവും ഉടമ്പടി പാലിക്കുമെന്ന് പ്രതിജ്ഞയെടുത്തു"* (2 രാജാക്കന്മാർ 23:3).

*"മോശെയുടെ നിയമങ്ങളെല്ലാം അനുസരിച്ച് പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടുംകൂടി യഹോവയിങ്കലേക്കു തിരിഞ്ഞ ഒരു രാജാവ്, യോശീയാവിനെപ്പോലെ, അദ്ദേഹത്തിനു മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല"* (2 രാജാക്കന്മാർ 23:25). ദുഷ്ടരാജാവായ മനശ്ശെ ചെയ്തപ്രവർത്തികൾ മുഖാന്തരം ദൈവക്രോധം ഇസ്രായേലിനുമേൽ വരുവാനിരിക്കുകയായിരുന്നു (2 രാജാക്കന്മാർ 23:26), എന്നാൽ യോശീയാവിന്റെ ദൈവീകജീവിതത്തെയും നായകത്വത്തെയും പ്രതി ദൈവം തന്റെ ന്യായവിധി പിന്നീടത്തേക്കു മാറ്റിവച്ചു (2 രാജാക്കന്മാർ 22:20).

ദൈവത്തെ തേടുകയെന്നാൽ ദൈവത്തെക്കുറിച്ചു കൂടുതൽ അറിയുകയും അവിടുത്തെ ഹിതം നിറവേറ്റുകയുമാണ്. യോശീയാവിന്റെ പിതാമഹൻ ഒരു ദുഷ്ടരാജാവായിട്ടും, യോശീയാവ് തന്നെത്തന്നെ ദൈവമുന്നിൽ വിനയപ്പെടുത്തി, പൂർണ്ണഹൃദയത്തോടെ അവിടുത്തെ തേടി.

ഇന്നുമുതൽ എന്നേയ്ക്കും, ദൈവത്തെ തേടുകയും ദൈവഹിതം തേടുകയും ചെയ്യുന്നവരാകാം നമുക്ക്. ദൈവത്തിനുമുന്നിൽ നമ്മെത്തന്നെ സമർപ്പിക്കാനുള്ള ഒരു തീരുമാനം നമുക്കെടുക്കാം, അങ്ങനെ, നമ്മുടെ ചുറ്റുമുള്ള അനേകരുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തുന്ന ആളുകളായി ദൈവം നമ്മെ ഉപയോഗിക്കുമാറാകട്ടെ.

– ബിനോയ് തോമസ്

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 18** തീയതി:....................

## എലീശാവിന്റെ ദൈവം

എലീശാവിന്റെ ദൈവത്തെക്കുറിച്ചാണ് ഇന്നു നമ്മൾ നോക്കാൻ പോകുന്നത്. വലിയ ഒരു ദൈവപുരുഷനും, അതിശയകരമായ വിശ്വാസമുള്ള ഒരുവനുമായിരുന്നു എലീശ. പഴയനിയമത്തിലെ മറ്റേതു പ്രവാചകരേക്കാളും അത്ഭുതങ്ങൾ പ്രവർത്തിച്ച ഒരുവനുമായിരുന്നു.

ഇപ്രകാരമുള്ള ഒരുവ്യക്തിയായി തന്നെ മാറ്റിയത് എന്തു കാര്യമായിരുന്നു? ദൈവവുമായി അവനുള്ള അതിശയകരമായ ബന്ധം. ദൈവത്തെക്കുറിച്ചുള്ള വലിയ ഒരു ചിത്രം അദ്ദേഹത്തിനുണ്ടായിരുന്നു. വലിയ ചിത്രം എന്ന് ഇവിടെ പറയുന്നതിന്റെ അർത്ഥമെന്താണ്? ഏതൊരുവസ്തുവിനോടും നാം അടുത്തിരുന്നാൽ ആ വസ്തുവിനെ നമുക്കു വലുതായി കാണാൻ സാധിക്കും. അതുപോലെതന്നെ, എലീശാവ് ദൈവത്തോട് അടുത്തിരുന്നതുകൊണ്ട്, ദൈവത്തെ വലുതായി കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു. ബാലനായിരുന്നപ്പോൾ ആകാശത്തുകൂടി പറന്നു നടക്കുന്ന വിമാനങ്ങളെ കണ്ടിട്ടുള്ളത് ഞാൻ ഓർക്കുന്നു. താഴെ നിന്നു നോക്കുമ്പോൾ അതു വളരെ ചെറുതാണ്, അതിനകത്ത് ആളുകൾ കയറുന്നത് എപ്രകാരമാണെന്നുപോലും ഞാൻ ചിന്തിച്ചിട്ടുണ്ട്. മുതിർന്ന ഒരാളായപ്പോൾ വിമാനത്തെ അടുത്തുകാണാൻ എനിക്ക് അവസരം ലഭിച്ചു, അപ്പോഴാണ് എനിക്കു മനസ്സിലായത്, 'ഇതു ശരിക്കും വലുതാണല്ലോ' എന്ന്.

ദൈവത്തെ സംബന്ധിച്ചും ഇക്കാര്യം സമാനമാണ്. നാം ദൈവത്തോടു അടുത്തായിരിക്കുമ്പോൾ ദൈവം നമുക്കു വലുതാണ്.

എലീശായുടെ ദൈവം എത്രമാത്രം വലുതാണെന്നും, അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ വലുപ്പം എത്രമാത്രമാണെന്നുമുള്ള കാഴ്ചകൾ കാണാൻ നമുക്കു ബൈബിളിൽ നോക്കാം:
1 രാജാക്കന്മാർ 19:19-21 *"[19]അങ്ങനെ ഏലീയാവു അവിടെനിന്നും പോയി, അദ്ദേഹം ശാഫാത്തിന്റെ മകനായ എലീശായെ കണ്ടെത്തി. അദ്ദേഹം പന്ത്രണ്ട് ഏർ കാളകളെ പൂട്ടി ഉഴുതുകൊണ്ടിരിക്കുകയായിരുന്നു. പന്ത്രണ്ടാമത്തെ ജോഡിയെ തെളിച്ചിരുന്നത് അദ്ദേഹം തന്നെയായിരുന്നു. ഏലീയാവ് അദ്ദേഹത്തിന്റെ അടുത്തേക്കു ചെന്ന് തന്റെ പുതപ്പ് അദ്ദേഹത്തിന്റെമേൽ ഇട്ടു. [20]എലീശാ ഉടനെതന്നെ തന്റെ കാളകളെ വിട്ട് ഏലീയാവിന്റെ പിന്നാലെ ഓടിച്ചെന്നു. ഞാൻ എന്റെ മാതാപിതാക്കളെ ചുംബിച്ചു യാത്ര പറയട്ടെ? പിന്നെ ഞാൻ അങ്ങയുടെ കൂടെവരാം എന്ന് എലീശാ പറഞ്ഞു. പോയി വരിക; എന്നാൽ ഞാൻ നിനക്ക് എന്തു ചെയ്തിരിക്കുന്നുവെന്ന് ഓർക്കുക എന്ന് ഏലീയാവ് മറുപടി പറഞ്ഞു. [21]അങ്ങനെ എലീശാ അദ്ദേഹത്തെ വിട്ട് മടങ്ങിവന്നു. തന്റെ കാളകളുടെ നുകം അഴിച്ചുമാറ്റി; അവയെ കൊന്നു. ഉഴവിനുള്ള തടിയുപകരണങ്ങൾ കൊണ്ട് മാംസം പാകം ചെയ്ത് ജനങ്ങൾക്കു കൊടുത്തു; അവർ ഭക്ഷിച്ചു. അനന്തരം ഏലീയാവിനെ അനുഗമിക്കുവാനായി അദ്ദേഹം പുറപ്പെട്ട് അദ്ദേഹത്തിന്റെ ശുശ്രൂഷകനായി തീർന്നു."*

ദൈവശുശ്രൂഷയ്ക്കായി ഏലിയാവ് എലീശാവിനെ വിളിക്കുന്ന കാഴ്ചയാണ് നമുക്കിവിടെ കാണാനാ

കുന്നത്. തന്നെ അനുഗമിക്കുവാനായി യേശു ശിഷ്യരെ വിളിച്ചതിനു സമാനമാണിത്. മുക്കുവരായ ചിലരെ യേശു വിളിച്ചപ്പോൾ അവർ തങ്ങളുടെ വലയെല്ലാം ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു.

എലീശാവ് ഇവിടെ ചെയ്തത് ഇതുപോലൊരു പ്രവൃത്തിയാണ്. സകലതും ഉപേക്ഷിച്ച് അവൻ ഏലിയാവിനെ അനുഗമിച്ചു. അതിൽ കൂടുതലായ ഒരു കാര്യവും എലീശാ ചെയ്തു. തന്റെ ഉഴവുകാളകളെ അറവുചെയ്തു, തന്റെ ഉഴവുതടി കത്തിച്ചു, എന്നിട്ട് അദ്ദേഹം ഏലീയാവിനെ പിന്തുടർന്നു. അതിനർത്ഥം, തനിക്കിനി ഒരു തിരിച്ചുപോക്കില്ല എന്ന തീരുമാനമാണ് അവൻ എടുത്തത് എന്നതാണ്. തന്റെ വലിയ ദൈവത്തെ അദ്ദേഹം കണ്ടു, ആ ദൈവത്തെ ശുശ്രൂഷിക്കുന്നതിൽ നിന്നും താൻ പിറകോട്ടു പോകില്ല എന്ന തീരുമാനവും അദ്ദേഹം കൈക്കൊണ്ടു.

യേശുവിന്റെ ശിഷ്യനാകുവാൻ ഞാൻ തീരുമാനമെടുത്ത സമയത്ത്, എന്റെ ചുറ്റിലുമുണ്ടായിരുന്ന ധാരാളം ആളുകൾ എന്നെ ശക്തമായി എതിർത്തു, ചിലസമയങ്ങളിൽ, “ഇത്രയും ആളുകളെയെല്ലാം മുറിപ്പെടുത്തിയിട്ട്, ഞാൻ യേശുവിനെ ശരിക്കും പിന്തുടരേണ്ടിയതുണ്ടോ” എന്ന ചിന്തയും എന്നിൽ ഉണ്ടായി. ക്രിസ്തുവിലുള്ള സഹോദരീസഹോദരന്മാർ എന്നെ സമീപിച്ച് എനിക്കു പ്രോത്സാഹനം നല്കി, ദൈവത്തെക്കുറിച്ചുള്ള ഒരു വലിയ ചിത്രം കാണുവാൻ അവർ എന്നെ സഹായിച്ചു. ഉറച്ചു നില്ക്കാൻ അവർ എന്നെ സഹായിച്ചു. ദൈവത്തെക്കുറിച്ച് കൂടുതൽ വലിയ ഒരു ചിത്രം കാണാൻ എനിക്കിടയായി. ഇത്തരം പ്രോത്സാഹനങ്ങൾ എന്റെ കണ്ണുകളെ തുറപ്പിക്കുകയും ചെയ്തു.

നമുക്കു നമ്മിലേക്കു തിരിഞ്ഞുനോക്കാം, നമ്മുടെ ദൈവം എത്രവലിയവനായിരുന്നുവെന്ന് തിരിച്ചറിയാം.

വിശ്വാസത്തിൽ ക്ഷീണിതമായിരിക്കുന്ന ഒരാളെ സമീപിച്ച് ഒരുമിച്ചു സമയം ചിലവഴിക്കുക, ദൈവത്തെക്കുറിച്ചുള്ള വലിയ ഒരു ചിത്രം കാണാൻ അവനെ/അവളെ സഹായിക്കുക.

സുഭാഷ്

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 19** തീയതി:.....................

## രാഹാബിന്റെ ദൈവം

യോശുവ രണ്ടാം അദ്ധ്യായത്തിൽ തുടങ്ങി, യോശുവ 6, മത്തായി 1:5-6, യാക്കോബ് 2:25-26 എബ്രായർ 11:31 എന്നീ ഭാഗങ്ങളിലായി തുടരുന്ന ഈ കഥ വായിക്കുന്നവരെ കാത്തിരിക്കുന്നത് രോമാഞ്ചം തന്നെയാണ്. രാഹാബ് എന്നുപേരുള്ള ഒരു സ്ത്രീയാണ് ഇവിടുത്തെ കേന്ദ്രകഥാപാത്രം. പേരുകേട്ട ഒരു സത്ര/വേശ്യാഗൃഹ സൂക്ഷിപ്പുകാരി, വേശ്യ എന്ന പേരുള്ള ഒരാൾ. ഇക്കാര്യങ്ങൾ പ്രാർത്ഥനാസമയകുറിപ്പിൽ എഴുതണമോ എന്നുപോലും ഞാൻ പലപ്രാവശ്യം ചിന്തിക്കുകയുണ്ടായി. ദേശം ഉറ്റുനോക്കാൻ വേണ്ടി ചെന്ന ഇസ്രായേൽ ചാരന്മാർ എന്തുകൊണ്ട് ഒരു വേശ്യാഗൃഹത്തിൽ എത്തിപ്പറ്റി എന്നു ചോദിച്ചാൽ, ഒരു ദേശം ഉറ്റുനോക്കാൻ വേണ്ടി പോകുന്ന ചാരന്മാർക്ക് ദേശത്തെക്കുറിച്ചുള്ള രഹസ്യവിവരങ്ങൾ ശേഖരിക്കാൻ അനുയോജ്യമായ സ്ഥലമാണത് എന്ന ഉത്തരമാണ് ലഭ്യമായിട്ടുള്ളത്. രാഹാബിന്റെ ജീവിതത്തിൽനിന്നും അനേകം പാഠങ്ങൾ പഠിക്കാൻ നമുക്കു കഴിയുമെങ്കിലും, രാഹാബിന്റെ ദൈവത്തെക്കുറിച്ച് രണ്ടു കാര്യങ്ങൾ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

**1. രാഹാബിന്റെ ദൈവത്തിന്, ചേറുനിറഞ്ഞ നമ്മുടെ ഭൂതകാലം ഒരു പ്രശ്നമേയല്ല**

നേരത്തെ സൂചിപ്പിച്ചതുപോലെ, വേശ്യയെന്നും വേശ്യാഗൃഹം എന്നുമൊക്കെയുള്ള വാക്കുകൾ ഉച്ചരിക്കാൻ പോലും നമുക്ക് പ്രയാസമുണ്ടെങ്കിലും, പരിശുദ്ധനിൽ പരിശുദ്ധനായ ദൈവത്തിന് രാഹാബ് അവിടുത്തെ സൃഷ്ടിയാണ് - നിങ്ങളും ഞാനും ഉൾപ്പെടുന്ന സകലമനുഷ്യജീവികളും. സകലരെയും ഭയത്തോടും അത്ഭുതത്തോടും കൂടി അവിടുന്ന് സൃഷ്ടിച്ചതാണ്. എല്ലാവരും അവിടുത്തെ കണ്ണിൽ വിലപിടിപ്പുള്ളവരുമാണ്. ഇന്നലെകളിൽ നിങ്ങൾ എന്തായിരുന്നു എന്നത് ദൈവം പരിഗണിക്കുന്നില്ല, എന്നാൽ ഇന്നും നാളെയും നിങ്ങൾ എങ്ങനെയാകാൻ പോകുന്നു എന്നത് ദൈവത്തിന്റെ പരിഗണനയിൽ ഉള്ള കാര്യമാണ്. യോശുവ രണ്ടാം അദ്ധ്യായത്തിൽ കാണുന്ന ഈ രാഹാബുതന്നെയാണ്, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വംശാവലിയിൽ കാണപ്പെടുന്ന, ദാവീദ് രാജാവിന്റെ അമ്മയുടെ അമ്മൂമ്മയായ രാഹാബാണെന്നു ഉറപ്പുവരുത്താൻ എനിക്കു പലപ്രാവശ്യം ബൈബിൾ വീണ്ടും വീണ്ടും നോക്കേണ്ടിവന്നു എന്നത് വാസ്തവം.

എബ്രായർക്കെഴുതിയ ലേഖനത്തിലെ, വിശ്വാസനായകരുടെ പട്ടികയിൽ, വാഗ്ദത്ത ദേശത്തു പ്രവേശിക്കാൻ ഭാഗ്യം ലഭിച്ചവരുടെ പട്ടികയിൽ രാഹാബിനെ നമുക്കുകാണാം. ആ പട്ടികയിലെ, തന്റെ പ്രാർത്ഥനയാൽ സൂര്യൻ അസ്തമിക്കാതെ ഒരു ദിവസം മുഴുൻ നിശ്ചലമാക്കിയ യോശുവ എവിടെ നിൽക്കുന്നു? തന്റെ 85-ാം വയസ്സിലും ദൈവത്തോടുള്ള തീക്ഷ്ണതയും ഭക്തിയും ധൈര്യവും തെല്ലും കെടാതെ നിർത്തിയ കാലെബ് എവിടെ നില്ക്കുന്നു? ആ ദിവസത്തെ തന്റെ തീരുമാനവും പിന്നീടു വന്ന ദിവസങ്ങളിലെ തന്റെ തീരുമാനങ്ങളും, രാഹാബിനു കൈമോശം വന്ന, ഭയത്തോടും അത്ഭുതകരമായും സൃഷ്ടിക്കപ്പെട്ടതെന്ന മേൽവിലാസം അവൾക്കു തിരികെ കിട്ടി. അവൾ ദൈവത്തിൻ കണ്ണിൽ അമൂല്യയായി മാറി.

പ്രിയ സഹോദരികളേ, സുഹൃത്തുക്കളേ, ഭൂതകാലത്തിലെ മലീമസമായ ഏത് ഏടുകളാണ് നിങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കുന്നത്? കുറ്റബോധവും, മോശമാണെന്ന തോന്നലും, ചെറുതാണെന്നോ പരിഗ

ണിക്കാൻ അർഹയല്ല എന്ന ചിന്തയും നിങ്ങളെക്കുറിച്ച് ഉണ്ടാക്കിയത്? നിങ്ങളെ ഭയത്തോടെയും അത്ഭുതകരമായും ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടതാണെന്നുള്ള തോന്നൽ കൈമോശപ്പെടുത്തിയത്? ദൈവദൃഷ്ടിയിൽ അമൂല്യരാണെന്നുള്ള തോന്നൽ കൈമോശംവരാൻ ഇടയാക്കിയത്? ഇന്നു നിങ്ങൾ തിരഞ്ഞെടുക്കേണ്ട ചിന്തയെന്താണെന്നുവച്ചാൽ, രാഹാബിന്റെ ദൈവത്തിന് (എന്റേയും ദൈവത്തിന്) എന്റെ ചേറുനിറഞ്ഞ ഭൂതകാലം ഒരു പ്രശ്നമേയല്ല എന്നതാണ്. ദൈവം പരിഗണിക്കുന്ന ഏകകാര്യം എന്താണെന്നുവച്ചാൽ, ഇന്നു ഞാൻ എന്തു തീരുമാനിക്കുന്നു, നാളെകളിൽ ഞാൻ എന്തു തീരുമാനങ്ങൾ കൈക്കൊള്ളാൻ പോകുന്നു എന്ന കാര്യം മാത്രമാണ്. സന്തോഷപൂർണ്ണമായ, സ്വസ്ഥമായ, സുരക്ഷിത ബോധത്തോടുകൂടിയുള്ള, എന്നെയും മറ്റുള്ളവരെയും ഹൃദയംകൊണ്ടു സ്വീകരിക്കുന്ന, ഒരു ജീവിതം കൊണ്ട്, ഈ ഒരു തിരിച്ചറിവു ഞാൻ പ്രകടിപ്പിക്കാൻ പോകുന്നു.

**2. രാഹാബിന്റെ ദൈവത്തിന്റെ ശക്തിയും പ്രതാപവും ഓരോ മുക്കിലും മൂലയിലും എത്തിക്കഴിഞ്ഞിരിക്കുന്നു**

ഈജിപ്റ്റിൽ നിന്നും 700 കിലോമീറ്റർ അകലെയാണ് യെരിഹോ സ്ഥിതി ചെയ്യുന്നത്. എന്നിട്ടുപോലും പത്ര-ദൃശ്യമാധ്യമങ്ങളും, ഇന്റർനെറ്റും സോഷ്യൽമീഡിയയുമൊന്നും ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ പോലും, ദൈവം തന്റെ ജനയ്ക്കുവേണ്ടി പോരാടിയതും ചെങ്കടലിനെ പിളർന്നതുമെല്ലാം യെരീഹോയിൽ എത്തിച്ചേർന്നിരുന്നു, ഇസ്രായേൽ മക്കൾ അറിഞ്ഞിരുന്നില്ലെങ്കിലും. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവാണ് അവിടുന്നെന്ന കാര്യം യെരീഹോ നിവാസികൾ മനസ്സിലാക്കി വച്ചിരുന്നു. വിജാതീയരുടെ ഇടയിൽ ആദ്യമായി ദൈവവചനം എത്തിക്കുന്നവർ നമ്മൾ മാത്രമല്ല എന്ന സത്യം നമുക്കും ഉൾക്കൊള്ളാം. ക്രിസ്തുവിന്റെ സ്നേഹവും അവിടുത്തെ രക്ഷാകരദൗത്യവും ലോകത്തിന്റെ മുക്കിലും മൂലയിലുമെല്ലാം പലതലമുറകൾക്കുമുന്നേതന്നെ അവിശ്വാസികളുടെ ഇടയിൽ എത്തപ്പെട്ടിട്ടുണ്ട്. ഇക്കാലഘട്ടത്തിൽ നടന്നുകൊണ്ടിരിക്കുന്ന ആഗോള പകർച്ചവ്യാധി അവരുടെ ഉള്ളിലുള്ള വിശ്വാസത്തെ വീണ്ടും ഉണർത്തുകയും ചെയ്തിട്ടുണ്ട്. രാഹാബിന്റെ ദൈവത്തിന്റെ ശക്തിയും പ്രതാപവും കൃപയും മഹത്വവും അതിവിശിഷ്ടമാണ്, കുരുടർക്കുപോലും അതു കാണാം, ചെകിടർക്കുപോലും അതു കേൾക്കാം, പാപത്തിൽ മരിച്ചവർക്കും അവിടുത്തെ രക്ഷയുടെ സന്ദേശം അനുഭവിക്കാം. നാം ചെയ്യേണ്ടതെന്തെന്നാൽ, നമ്മുടെ വാക്കുകളിൽ അല്ലാതെ, ജീവിതത്തിലൂടെയും പ്രവൃത്തികളിലൂടെയും നമ്മുടെ വിശ്വാസത്തിന്റ വിശ്വസ്ത വേലക്കാരായി തുടരുകയെന്നതാണ്.

ഓരോ ഇന്നലെകളിലും നാം തിരഞ്ഞെടുത്ത മോശം തിരഞ്ഞെടുപ്പുകളെ ഓരോ ദിവസവും വിട്ടുകളയാം. സംതൃപ്തരായിരിക്കുന്ന കാര്യത്തിലും, ദൈവീകരായിരിക്കുന്ന കാര്യത്തിലും (മത തീക്ഷ്ണതയുള്ളവർ മാത്രമാകാതെ), ആത്മനിയന്ത്രണം പാലിക്കുന്നതിന്റെ കാര്യത്തിലും, സദൃശവാക്യം 31ൽ പറയുന്നതുപോലെയുള്ള ഒരു വിശിഷ്ടസ്ത്രീയായിരിക്കുന്നതുപോലെ നമുക്കു തിരഞ്ഞെടുപ്പുകൾ നടത്താം. രാഹാബിന്റെ ദൈവം, നിശ്ചയമായും നിങ്ങളെ വാഗ്ദത്തദേശത്തേക്കു കൂട്ടിക്കൊണ്ടുപോകും, നിങ്ങളിൽനിന്നും നിങ്ങളിലൂടെയും അതിശ്രേഷ്ഠരായ ദൈവപുരുഷന്മാരെ, നിങ്ങളുടെതന്നെ കുടുംബത്തിൽനിന്നും തെരുവീഥികളിൽനിന്നും കൊണ്ടുവരും. അനുഗ്രഹീതരായിരിക്കുക

- റീന വിൻസെന്റ്

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 20** തീയതി:.....................

## നോഹയുടെ ദൈവം

മനുഷ്യന്റെ "ദുഷ്ടതയെ"ക്കുറിച്ചും, "അവന്റെ ഹൃദയവിചാരങ്ങൾ എല്ലായ്പോഴും ദോഷത്തിലേക്കാകുന്നു"എന്നതിനെക്കുറിച്ചും, വസ്തുനിഷ്ഠമായ വിശദാംശങ്ങളോടെ വിവരിക്കുന്ന ഒരു വേദഭാഗകാലഘട്ടത്തിലാണ് നോഹ ജീവിച്ചിരുന്നത് (ഉല്പത്തി 6:5). ഭൂമിമുഴുവൻ അഴിമതിയും അക്രമവും നിറഞ്ഞ ഒരു കാലഘട്ടമാണത് (ഉല്പത്തി 6:11-12). ഇനി മതിയാക്കാം എന്ന രീതിയിൽ, മനുഷ്യകുലത്തെയും അവർ അധിവസിക്കുന്ന ഭൂമിയെയും നശിപ്പിക്കാൻ ദൈവം തീരുമാനിച്ച ഒരു സമയവുമായിരുന്നു അത് (ഉല്പത്തി 6:13). എന്നാൽ, താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ ജനങ്ങളെ വച്ചുനോക്കുമ്പോൾ നോഹയുടെ ജീവിതം തികച്ചും വ്യത്യസ്തമായിരുന്നു. കർത്താവിന്റെ കണ്ണുകളുടെ കരുണാർദ്രമായ കടാക്ഷത്തിന് നോഹ അർഹനായി എന്നുള്ളതാണ് ഇതിൽ ഏറ്റവും ശ്രദ്ധേയമായ കാര്യം (ഉല്പത്തി 6:8). അതുകൊണ്ടാണ് നോഹയെ നീതിമാൻ എന്നും, തന്റെ തലമുറയിലെ കുറ്റമറ്റവൻ എന്നും, ഹാനോക്കിനെപോലെ ദൈവത്തോടൊത്തു നടന്നവൻ എന്നും ചിത്രീകരിക്കപ്പെട്ടത് (ഉല്പത്തി 6:9, 5:22; യെഹെസ്കേൽ 14:14, 20).

യാതൊരു നിയന്ത്രണങ്ങളുമില്ലാതെ തിന്മപ്രവർത്തിച്ചുകൊണ്ടിരുന്ന ആ ആളുകളുടെയിടയിൽ, ദൈവവുമായി നോഹ നിലനിർത്തിയ നീതിപൂർവ്വകമായ ഒരു ബന്ധം മികച്ചു നില്ക്കുന്ന ഒന്നാണ്. സമ്പൂർണ്ണമായ അധാർമ്മികതയുടെ ഇടയിൽ, ഇത്തരത്തിൽ ഇളക്കമില്ലാത്ത ഒരു ദൈവീകതവിശ്വസ്തത നിലനിർത്തി ജീവിക്കുന്നതിനെക്കുറിച്ചു ചിന്തിക്കാൻ പോലും സാദ്ധ്യമല്ല, എന്നിരുന്നാലും, നോഹയുടെ കഥ നമ്മെ പഠിപ്പിക്കുന്നത് ഈ സത്യമാണ്. "ദൈവം കല്പിച്ചതുപോലെതന്നെ നോഹ എല്ലാം ചെയ്തു" എന്ന പ്രസ്താവന നമുക്ക് ബൈബിളിൽ ഉടനീളം കാണാം. 950 വർഷക്കാലം നീണ്ട തന്റെ ജീവിതം അനുസരണത്തിന്റെ മാതൃകയായി വിളങ്ങുന്നു.

പുതിയനിയമത്തിൽ നോഹയെക്കുറിച്ചു പരാമർശിക്കുന്നത് നീതിയുടെ പ്രവാചകൻ എന്നാണ് (2 പത്രോസ് 2:5). നോഹ പെട്ടകം പണിയാൻ എടുത്ത കാലയളവിനെ, ദുഷ്ടരുടെമേലുള്ള ദൈവത്തിന്റെ വലിയ ക്ഷമയെന്ന രീതിയിൽ ഉയർത്തിക്കാട്ടിയിരിക്കുന്നു (1 പത്രോസ് 3:20). തന്റെ രണ്ടാം വരവിനു തൊട്ടുമുന്നിലുള്ള നാളുകൾക്ക് സമാനത കല്പിക്കുന്ന ദിവസങ്ങളായി നോഹയുടെ ദിനങ്ങളെ യേശു വീക്ഷിക്കുകയും ചെയ്യുന്നു (മത്തായി 24:37-39).

ദൈവത്തെ വ്യക്തിപരമായി അറിയുന്ന ഒരുവൻ എന്ന നില്യ്ക്ക് മാത്രമല്ല നോഹ ദൈവത്തെ അനുസരിച്ചത്, ദൈവത്തിന്റെ വാക്കുളോടുള്ള തന്റെ വിശ്വാസത്തെ മുൻനിറുത്തിയും കൂടിയാണ് - തന്റെ ചുറ്റുമുള്ള ലോകത്തിന് ആ വാക്കുകൾ വിഡ്ഢിത്തമായി മാത്രം തോന്നുന്ന ഒന്നാണെങ്കിൽ പോലും.

നാം ഇന്നു ജീവിക്കുന്ന സാഹചര്യങ്ങൾ നോഹ ജീവിച്ചിരുന്ന കാലഘട്ടത്തിനു വളരെ സമാനമായതാണെന്ന് നിസ്സംശയം പറയാം. എന്നാൽ നാം എപ്രകാരമാണു ജീവിക്കുന്നത്? നാം ദൈവത്തോടുമാത്രം അനുസരണയുള്ളവനായിട്ടാണോ ജീവിക്കുന്നത്? നോഹയോടു സംസാരിച്ചപോലെ തന്നെ ദൈവം നമ്മോടും തന്റെ വചനം സംസാരിക്കുന്നു. ദൈവവചനത്തെ വിശ്വസിക്കുന്നവരും, തിരുവചനങ്ങളെ പൂർണ്ണമായി അനുസരിക്കുന്നവരുമായ ഒരു ജനതയായി നമുക്കു മാറാം
- കുര്യൻ ജോർജ്ജ്

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 21** തീയതി:.....................

## ശമുവേലിന്റെ ദൈവം

**1 ശമുവേൽ 3:1–21**

ദൈവത്തിന്റെ പ്രവാചകനായി ശമുവേൽ മാറിയതിനെക്കുറിച്ചും, ദൈവം ഏല്പിച്ചുകൊടുത്ത ആ ഉത്തരവാദിത്വം എപ്രകാരം താൻ എറ്റെടുത്തു എന്നതിനെക്കുറിച്ചും, ഒരു പ്രവാചകനെന്ന നിലയിലുള്ള തന്റെ വളർച്ചയെക്കുറിച്ചുമെല്ലാം ഇവിടെ നമുക്കു കാണാൻ കഴിയുന്നു.

ബാലനായ ശമുവേൽ പുരോഹിതൻ ഏലിയുടെ കൂടെ ദൈവാലയശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അക്കാലങ്ങളിൽ ദൈവവചനവും ദൈവദർശനങ്ങളും വിരളമായിരുന്നു. ന്യായാധിപരുടെ കാലഘട്ടത്തിൽ നിലനിന്നിരുന്ന ഇരുണ്ട സമയങ്ങളെ വിവരിക്കുന്ന വാക്കുകൾ ആണിവ.

ദൈവശുശ്രൂഷ ചെയ്യുന്ന ഒരുവനായിരുന്നു ശമുവേൽ എന്നിരുന്നാലും, അവൻ ദൈവത്തെ അറിയുന്നില്ലായിരുന്നു, കാരണം അവൻ ദൈവത്തെ കേട്ടിട്ടില്ലായിരുന്നു. അക്കാലത്തു നിലനിന്നിരുന്ന ഇരുണ്ടദിനങ്ങളുടെ പ്രത്യാഖാതമായിരിക്കാം ഇത്.

ദൈവം അവനെ വിളിച്ചപ്പോൾ, ദൈവത്തിന്റെ ശബ്ദം അവനു പരിചിതമല്ലാത്തതായിരുന്നതിനാൽ, ശമുവേൽ, ഏലിയുടെ അടുത്തേക്കോടി, “ഇതാ ഞാൻ, എന്നെ വിളിച്ചോ” എന്നു ചോദിച്ചു. ഞാൻ വിളിച്ചില്ല എന്ന് ശമുവേൽ അവനോടു പറഞ്ഞു. മൂന്നു പ്രാവശ്യം ഇപ്രകാരം സംഭവിച്ചപ്പോൾ, ഏലിക്കുമനസ്സിലായി കർത്താവാണ് ശമുവേലിനെ വിളിക്കുന്നതെന്ന്.

ദൈവമാണു തന്നെ വിളിക്കുന്നതെന്ന് ശമുവേലിനു മനസ്സിലായപ്പോൾ മുതൽ ശമുവേൽ വളരാനും പക്വതപ്രാപിക്കാനും തുടങ്ങി. അവസാനത്തെ ന്യായാധിപനും ആദ്യത്തെ പ്രവാചകനുമായി ശമുവേൽ എണ്ണപ്പെടുന്നു. മോശയുടെ കാലഘട്ടത്തിനുശേഷം, ഏകദേശം നാനൂറ് വർഷത്തോളം ഇസ്രായേലിൽ കാര്യമായ പ്രവാചകർ ഉണ്ടായിരുന്നില്ല. ഇസ്രായേലിന്റെ ചരിത്രത്തിലെ ഈ പ്രധാനകാലഘട്ടത്തിൽ, ദൈവം ശമുവേലിനെ ഒരു പ്രവാചകനായി ഉയർത്തി.

ശമുവേൽ ദൈവത്തെ സ്നേഹിച്ചു, പൂർണ്ണഹൃദയത്തോടെ അവിടുത്തെ അനുസരിച്ചു. സത്യസന്ധനും നീതിമാനുമായ ഒരു ന്യായാധിപനായി അദ്ദേഹം മാറി, മുഖം നോക്കാതെ ദൈവ നീതി കല്പിച്ചു. ഇസ്രായേലിനെ വിഗ്രഹാരാധനയിൽനിന്നും അകറ്റാനും ദൈവത്തെ മാത്രം സേവിക്കാനും പ്രവാചകനെന്ന നിലയിൽ ശമുവേൽ ഇസ്രായേലിനെ ഉദ്ബോധിപ്പിച്ചു.

ഇസ്രായേലിന്റെ ചരിത്രത്തിലെ പ്രധാനപ്പെട്ട രണ്ടു രാജാക്കന്മാരെ അഭിഷിക്തരാക്കാൻ ദൈവം ശമുവേലിനെ ഉപയോഗിച്ചു.

ശമുവേലിന്റെ വളർച്ചയിൽ ദൈവം അവനോടൊപ്പം ഉണ്ടായിരുന്നു, അവന്റെ വാക്കുകൾ ഒന്നും പാഴാ

യിപ്പോകാൻ ദൈവം അനുവദിച്ചതുമില്ല.

നമ്മുടെ ജീവിതത്തിൽ ഏലിയെപ്പോലെ ഒരു വ്യക്തി ഉണ്ടോ, ദൈവശബ്ദം തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നതിനും, അതുവഴി നമ്മുടെ ആത്മീയ വളർച്ചയ്ക്കു പാതയൊരുക്കാനും നമ്മെ സഹായിക്കുന്ന ഒരു ഏലി?

എന്തൊക്കെ കാര്യങ്ങളാണ് വ്യക്തിപരമായി നമുക്ക് ശമുവേലിന്റെ ജീവിതത്തിൽ നിന്നും പഠിക്കാൻ കഴിയുന്നത്? ദൈവത്തിന്റെ ശബ്ദം/വിളി നമുക്കു തിരിച്ചറിയാനാകുന്നുണ്ടോ? ദൈവത്തിന്റെ ലക്ഷ്യങ്ങൾക്കുവേണ്ടി നമ്മെ വിട്ടുകൊടുക്കാൻ നാം തയ്യാറാണോ?

- സോജൻ അല്ക്സ്

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 22** തീയതി:....................

## കാലേബിന്റെ ദൈവം

സംഖ്യ പുസ്തകം പതിമൂന്നാം അദ്ധ്യായത്തിൽ, 12 ഗോത്രത്തലവന്മാരെ മോശ തിരഞ്ഞെടുക്കുന്നത് നമുക്കു കാണാം. യൂദാ ഗോത്രത്തിന്റെ തലവനായിരുന്നു കാലേബ്. യോശുവയോടും മറ്റു പത്തു പുരുഷന്മാരോടുമൊപ്പം കാലേബിനെ മോശ കനാൻ ദേശം ഉറ്റുനോക്കാൻ അയച്ചു. ആ ദേശം നല്ലതാണോ എന്നും ആ ദേശത്തിനുവേണ്ടി യുദ്ധംചെയ്യുന്നത് ഗുണപ്രദമാണോ എന്നുമൊക്കെ പരിശോധിച്ചറിയുവാനാണിത്. നാല്പതു നാളുകൾ അവിടെ ചാരപ്രവർത്തനം നടത്തിയ ഈ ആളുകൾ തിരിച്ചുവന്ന് കനാൻ ദേശത്തിന്റെ ഫലപുഷ്ടിയെക്കുറിച്ചും, അവിടെ ഒഴുകുന്ന പാലിനെയും തേനിനെയും കുറിച്ചൊക്കെ തങ്ങളുടെ അന്വേഷണഫലം അറിയിച്ചു. എന്നാൽ അവിടെ അവർകണ്ട ജനതയെക്കുറിച്ചും അവരുടെ സുരക്ഷിതപ്പെടുത്തിയ പട്ടണങ്ങളെക്കുറിച്ചും അവരുടെ ഉള്ളിൽ ആശങ്ക ഉയർന്നു. പട്ടണങ്ങൾ വലുതും അവയുടെ കോട്ടമതിലുകൾ ശക്തവുമാണെന്ന് അവർ പറഞ്ഞു. അനാകിന്റെ സന്തതി പരമ്പരകൾ, അവർ മല്ലന്മാരായിരുന്നു, അവിടെ വസിച്ചിരുന്നതായും അവർ ധരിപ്പിച്ചു.

ആ പട്ടണങ്ങളുടെ ബലത്തെക്കുറിച്ചും അവിടത്തെ ആളുകളുടെ ശക്തിയെക്കുറിച്ചുമെല്ലാം അവർ ആശങ്കപ്പെട്ടിരുന്നപ്പോൾ, കാലേബ്, ദൈവവാഗ്ദാനത്തിനുവേണ്ടി നിലകൊണ്ടു. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്, തങ്ങൾക്കു വാഗ്ദത്തം നല്കപ്പെട്ട ദേശം കയ്യടക്കാമെന്ന് കാലേബ് മോശയെയും മറ്റുള്ളവരെയും ഉദ്ബോധിപ്പിച്ചു. ബാക്കിയുള്ള എട്ടുപേർ ചേർന്നു നല്കിയ ഭയമുണർത്തുന്ന അന്വേഷണഫലം ഇസ്രായേൽ ജനതയെ ഭയചകിതരാക്കി, ആ രാത്രിമുഴുവൻ അവർ അതെ ചൊല്ലി വിലപിച്ചു. ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ ആശ്രയംവയ്ക്കാൻ യോശുവയും കാലെബും ജനത്തോട് അഭ്യർത്ഥിച്ചു. ദൈവത്തോടു വിശ്വസ്തത പുലർത്തിയ ഈ ദൈവപുരുഷരോട് ഇസ്രായേൽ ജനത്തിനു കോപം വർദ്ധിച്ചു അവരെ കല്ലെറിയണമെന്നുവരെ അവർ തീരുമാനിച്ചു. ദുഃഖകരമായ കാര്യമെന്തെന്നാൽ, ദൈവത്തിൽനിന്നും അവിടുത്തെ വാഗ്ദത്ത ദേശത്തിൽനിന്നും പിൻ തിരിഞ്ഞുപോയ ജനം അടുത്ത നാല്പതു വർഷം മരുഭൂമിയിൽ അലഞ്ഞു നടന്നു, അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന സകല മുതിർന്നവരും മരിച്ചുപോകുന്നതുവരെ, യോശുവയും കാലേബുമൊഴികെ.

യോശുവ 14:6-12 വാക്യങ്ങളിൽ ഇസ്രായേൽ ജനത്തെ പ്രചോദിപ്പിക്കാനായി കാലേബ് സംസാരിക്കുന്നതുകാണാം. ആദ്യമായി കനാൻ ദേശം ഉറ്റുനോക്കുവാൻ വേണ്ടി തന്നെ അയച്ച സമയത്ത് തനിക്ക് നാല്പതുവയസ്സായിരുന്നുവെന്ന് കാലേബ് പറയുന്നു. ഇസ്രായേൽ ദേശത്തോടൊപ്പം പിന്നീടുള്ള നാല്പതുനാളുകളിൽ മരുഭൂവിൽ അദ്ദേഹവും അലഞ്ഞു നടന്നു, ദൈവം തനിക്കായി വാഗ്ദാനം ചെയ്ത ദേശം കൈവശമാക്കുവാനായി ക്ഷമയോടെ കാത്തിരുന്നു. നാല്പതുവർഷത്തെ മരുഭൂപ്രയാണത്തിനും അഞ്ചുവർഷം നീണ്ടുനിന്ന യുദ്ധത്തിനുമൊടുവിൽ, കാലേബ് ഇപ്പോഴും കർത്താവിനുവേണ്ടി യുദ്ധം ചെയ്യാൻ ഒരുക്കമുള്ളവനാണ്. ഇപ്പോൾ, 85 വയസ്സു പ്രായമുള്ളപ്പോഴും, ആദ്യമായി കനാൻ ദേശത്തെ മുന്തിരിക്കുലകൾ കണ്ട ആ നാളുകളിൽ തനിക്കുണ്ടായിരുന്ന ശക്തി ഇപ്പോഴുമുണ്ടെന്ന് കാലേബ് പറയുന്നു. യുദ്ധം ചെയ്യാൻ അന്നുണ്ടായിരുന്ന ഉണർവ്വു തന്നെ ഇപ്പോഴും തനിക്കുണ്ടായിരുന്നു. കാലേബിന്റെ ആത്മവിശ്വാസം തന്റെ ശക്തിയിലോ കഴിവിലോ ഒന്നും അല്ല എന്നതു വ്യക്തമാണ്, തന്റെ ദൈവ

ത്തിന്റെ ശക്തിയിലും അവിടുത്തെ വിശ്വസ്തതയിലുമാണ് കാലേബ് ആത്മവിശ്വാസം കണ്ടെത്തിയത്.

വാഗ്ദാനങ്ങൾ നിറവേറ്റുന്ന ദൈവത്തിൽ കാലേബിന് പൂർണ്ണവിശ്വാസം ഉണ്ടായിരുന്നു. തന്റെ കൂടെയുള്ളവർ ദൈവവാഗ്ദാനങ്ങളിൽ നിശ്ചയമില്ലായ്മ പ്രകടിപ്പിച്ചപ്പോഴും, കാലേബ് അവയിൽ ആശ്രയം വച്ചു. ഈ വാക്കുകൾ പറയുമ്പോൾ, ഇസ്രായേൽ മക്കളുടെ കൂട്ടത്തിലെതന്നെ ഏറ്റവും പ്രായക്കൂടുതലുള്ള പുരുഷനാണ് കാലേബ്. കാലേബിന്റെ വിശ്വസ്തതയെയും ദീർഘക്ഷമയെയും ദൈവം അനുഗ്രഹിച്ചു. ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തരായിരിക്കാൻ എത്രമാത്രം നമ്മെ പ്രോത്സാഹിപ്പിക്കുന്ന ഒരു വചനമാണിത്! ദൈവത്തിന്റെ വാഗ്ദാനങ്ങൾ നമ്മൾ നടത്തിയെടുക്കേണ്ടതില്ല, അവയെ പൂർണ്ണമായി നടപ്പാക്കാൻ കഴിവുള്ളവനാണ് ദൈവം. എന്നാൻ നാം ദൈവത്തെ പിന്തുടരാൻ ഒരുക്കമുള്ളവരും ദൈവ വാഗ്ദാനങ്ങൾ നിറവേറപ്പെടാൻ ക്ഷമയോടെ കാത്തിരിക്കുന്നവരുമാകണം, കാലേബിനെപ്പോലെ.

ദൈവത്തെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചുമുള്ള മോശമായ പ്രചാരണങ്ങൾ കേൾക്കുമ്പോൾ നാം അവയോട് എപ്രകാരമാണു പ്രതികരിക്കുന്നത്? ദൈവവാഗ്ദാനങ്ങളിൽ നിങ്ങൾക്കു വിശ്വസിക്കാൻ ബുദ്ധിമുട്ടു തോന്നുന്നവ ഏതൊക്കെയാണ്? സാത്താൻ എന്ന വലിയ നുണയന്റെ വാക്കുകൾക്കു ചെവികൊടുക്കാനും അവയെ വിശ്വസിക്കാനുമുള്ള പ്രവണത എന്നിൽ ചിലപ്പോഴൊക്കെ ഉണ്ടാകുന്നുണ്ട്. എന്റെ ഉള്ളിൽ വന്നുവീഴുന്ന ഋണമായ ചിന്തകളും വിമർശനാത്മകമായ മനോഭാവങ്ങളുമെല്ലാം ഒരു വലിയ ചതിയന്റെ പണിയാണെന്ന് ഞാൻ തിരിച്ചറിയുന്നു. ബൈബിളിൽ നല്കിയിട്ടുള്ള ദൈവവചനങ്ങളിലും, ദൈവവാഗ്ദാനങ്ങളിലും കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കണമെന്നതും, സാത്താന്റെ സ്വരം അവഗണിക്കണമെന്നതും ഞാൻ പഠിച്ചുകൊണ്ടിരിക്കുന്നു. തന്റെ ദൈവത്തെ ഉന്നതനായി ചിത്രീകരിച്ചുകൊണ്ട് കാലേബ് തന്റെ ദൈവത്തെ മഹത്വപ്പെടുത്തി. നമ്മുടെ വാക്കുകളിലും പ്രവർത്തികളിലും കൂടി പ്രദർശിപ്പിക്കപ്പെടുന്ന ദൈവ വലുപ്പം എത്രമാത്രമാണ്? കൊച്ചി സഭയുടെ മുപ്പതാം വർഷം കൊണ്ടാടുന്ന ഈ സമയത്ത്, ദൈവത്തെ വലുതായി ചിത്രീകരിക്കാൻ നമുക്ക് എപ്രകാരമെല്ലാം കഴിയും എന്ന കാര്യം ഗൗരവതരമായി പരിഗണിക്കാം.

ബോബി ജോസ്.

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 23** തീയതി:.....................

### യാക്കോബിന്റെ ദൈവം

പ്രാർത്ഥനയിലെ വിനയം

അബ്രാഹാമിന്റെ സന്തതതികൾക്ക് ദൈവം നല്കുമെന്നു ഉറപ്പുനല്കിയ വാഗ്ദാനങ്ങൾ നിറവേറപ്പെടാൻ ദൈവം തിരഞ്ഞെടുത്ത മറ്റൊരു വിശ്വാസ വീരനാണ് ഇന്നത്തെ പ്രഭാതപ്രാർത്ഥനയിലെ നമ്മുടെ ചിന്താവിഷയം.

യിസ്ഹാക്കിന്റെ ഇരട്ടകളിൽ ഒരുവനായിരുന്ന യാക്കോബാണ് ആ വ്യക്തി. ആ പേരിന്റെ അർത്ഥം നമുക്ക് സുപരിചിതമാണ് (ചതിയൻ). തന്റെ പേരിനെ അന്വർത്ഥമാക്കുന്ന രീതിയിലായിരുന്ന യാക്കോബിന്റെ ആദ്യകാല ജീവിതവും പ്രവർത്തികളും.

**ഉല്പത്തി 32:9-10**
*പിന്നെ യാക്കോബു പ്രാർത്ഥിച്ചു: "എന്റെ പിതാവായ അബ്രാഹാമിന്റെ ദൈവമേ, എന്റെ പിതാവായ യിസ്ഹാക്കിന്റെ ദൈവമേ, യഹോവേ, അവിടുന്ന് എന്നോട്, 'നിന്റെ നാട്ടിലേക്കും നിന്റെ ബന്ധുക്കളുടെ അടുത്തേക്കും മടങ്ങിപ്പോവുക; ഞാൻ നിന്നെ വർദ്ധിപ്പിക്കും' എന്ന് അരുളിച്ചെയ്തുവല്ലോ! അവിടുത്തെ ദാസനോട് അവിടുന്നു കാണിച്ച ദയയ്ക്കും വിശ്വസ്തതയ്ക്കും ഈയുള്ളവൻ അയോഗ്യനാണ്. ഒരു വടിയോടുകൂടി മാത്രമല്ലോ ഞാൻ ഈ യോർദ്ദാൻ കടന്നത്, എന്നാൽ ഇപ്പോൾ ഇതാ ഞാൻ രണ്ടു സംഘങ്ങളായി വർദ്ധിച്ചിരിക്കുന്നു."*

വെറും ഒരു വടിമാത്രം കൈമുതലായി പദ്ദൻ ആരാമിലുള്ള ലാബാന്റെ അടുക്കലേക്കു തിരിച്ച യാക്കോബ്, തിരിച്ചു സ്വന്തം നാട്ടിലേക്കു മടങ്ങിപ്പോകുന്നത് വലിയ ധനവാൻ ആയിട്ടാണ്. താൻ സമ്പാദിച്ചുകൂട്ടിയ വസ്തുവകകളോ, താൻ ആർജ്ജിച്ചെടുത്ത ആൾബലമോ ഒന്നും യാക്കോബിനെ അഹങ്കാരത്തിലേക്കു നയിച്ചില്ല. തന്റെ പ്രാർത്ഥനയിൽ അദ്ദേഹം ദൈവത്തോടു പറഞ്ഞത്, *അവിടുത്തെ ദാസനോട് അവിടുന്നു കാണിച്ച ദയയ്ക്കും വിശ്വസ്തതയ്ക്കും ഈയുള്ളവൻ അയോഗ്യനാണ്* എന്നാണ്. സ്വന്തം സഹോദരനോടു ദയകാണിക്കാതെ ജേഷ്ഠനു സ്വന്തമായ മൂത്തപുത്രന്റെ അവകാശവും പിതാവിൽനിന്നും ലഭിക്കേണ്ട അനുഗ്രഹവും സൂത്രത്തിൽ സ്വന്തമാക്കിയെടുത്ത ചതിയൻ, കാഴ്ചശക്തി നഷ്ടമായ പിതാവിനോട് താൻ ഏശാവാണെന്നു നുണപറഞ്ഞു വിശ്വസിപ്പിച്ച വഞ്ചകൻ, കാട്ടിറച്ചിയെന്നു പറഞ്ഞ് ആട്ടിറച്ചി പാകം ചെയ്തു കൊടുത്ത് പിതാവിനെ സന്തോഷിപ്പിച്ച്, പിതാവിൽനിന്നും അന്തിമവരം തട്ടിയെടുത്ത വിരുതൻ - യാക്കോബിനുള്ള അയോഗ്യതകൾ നിരവധിയാണ്. ദൈവകോപത്തിനും ദൈവശിക്ഷയ്ക്കും പാത്രമാകേണ്ടവൻ. എന്നിട്ടും ദൈവം യാക്കോബിനോടു ദയകാണിച്ചു. ദൈവം തന്റെ വാഗ്ദത്തങ്ങൾ വിശ്വസ്തതയോടെ യാക്കോബിലൂടെ നിറവേറ്റി.

ചെറുതും വലുതുമായ പ്രതിസന്ധികൾ നിറഞ്ഞ ഒരു ജീവിതമായിരുന്നു ഞങ്ങളുടേത്. അവയെല്ലാം അതിജീവിക്കാനുള്ള ശക്തിയോ ബലമോ ഒന്നും എനിക്കില്ലായിരുന്നു. എന്നാൽ ഇപ്പോഴും, ജീവിതത്തിൽ വിടാതെ പിന്തുടരുന്ന ദുർഘടങ്ങൾ എല്ലാം അതിജീവിച്ചു പിടിച്ചു നിൽക്കുന്നത് സർവ്വശക്ത

നായ ദൈവത്തിന്റെ ദയ ഒന്നുകൊണ്ടുമാത്രമാണ്.

നമ്മുടെ ജീവിതത്തിലേക്ക് ഒരു നിമിഷം നമുക്കൊന്നു തിരിഞ്ഞുനോക്കാം. പല സന്ദർഭങ്ങളിലും നാം യാക്കോബിനോടു സാദൃശ്യമുള്ളവരായിരുന്നില്ലേ? നമ്മിൽ നിരാശനിറഞ്ഞ സന്ദർഭം, ഇനിയെന്തു ചെയ്യണം എന്നറിയാതിരുന്ന അവസ്ഥ, ഇത്തരം അവസ്ഥകളിലെല്ലാം ദൈവത്തിന്റെ ദയ അല്ലെ നമ്മെ മുന്നോട്ടു നയിച്ചത്.

പ്രിയ സഹോദരങ്ങളേ, നമ്മുടെ ജീവിതത്തിലെ ഈ നിമിഷം വരെ നാം ജീവിച്ചതിനും നന്മകൾ പ്രാപിച്ചതിനും കാരണമായത് നമ്മുടെ വിശ്വസ്തതയോ നമ്മുടെ നന്മപ്രവർത്തികളോ അല്ല, ദൈവത്തിന്റെ കൃപ മാത്രമാണ്. (നമ്മുടെ വിശ്വസ്തതയും നന്മപ്രവർത്തികളും അനാവശ്യമാണെന്നോ മോശമാണെന്നോ ഇതിനർത്ഥമില്ല, ദൈവം ഇതു നമ്മിൽനിന്നും പ്രതീക്ഷിക്കുന്നു). ആകയാൽ, നമുക്കു നമ്മെത്തന്നെ താഴ്ത്തി യാക്കോബിന്റെ വാക്കുകളെ ഓർത്ത് ഏറ്റുപറയാം – “ഈയുള്ളവൻ അയോഗ്യനാണ്”.

ദിവ്യ ജോതിസ്, തിരുവനന്തപുരം

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 24** തീയതി:....................

### യോനാഥാന്റെ ദൈവം

**1 ശമുവേൽ 14:6**
**1 ശമുവേൽ 18:1–5**

തന്റെ പ്രവൃത്തികളും മനോഭാവവും ഇടപെടലുകളമെല്ലാം ദൈവത്തെ മഹത്വപ്പെടുത്തുന്ന വിധത്തിൽ കാത്തുസൂക്ഷിച്ച ഒരു ആത്മീയ നേതാവാണ് ശൗലിന്റെ മകനും സൈന്യാധിപനുമായ യോനാഥാൻ. വളരെ ശക്തനും ധീരനുമായ ഒരു വ്യക്തിയായിരുന്നു യോനാഥാൻ. 1 ശമുവേൽ 14:6ൽ, തന്റെ കവചവാഹകനായ യുവാവിനോട് യോനാഥാൻ ഇപ്രകാരം പറയുന്നു: "വരൂ നമുക്ക് പരിച്ഛേദനയില്ലാത്ത ഇവരുടെ സേനാകേന്ദ്രത്തിലേക്കു കടന്നുചെല്ലാം; ഒരു പക്ഷേ യഹോവ നമുക്കു വേണ്ടി പ്രവർത്തിച്ചേക്കാം". ഇതിനുപിന്നാലെ നടന്ന യുദ്ധത്തിൽ അവർ ഫിലിസ്ത്യരെ തുരത്തി ഓടിക്കുകയും ചെയ്തു. ഇത്രയും ധീരനും വീരനുമായിരുന്നിട്ടും യോനാഥാൻ തന്റെ ശക്തിയിൽ ആശ്രയിച്ചില്ല, അതിനുപകരം, "കർത്താവു നമുക്കുവേണ്ടി പ്രവർത്തിച്ചു" എന്ന് ഏറ്റുപറഞ്ഞുകൊണ്ട് കർത്താവിൽ സന്തോഷിക്കുകയായിരുന്നു അദ്ദേഹം. കർത്താവിന്റെ ശക്തിയാണ് തന്നെ വിജയത്തിലേക്കു നയിച്ചത് എന്ന കാര്യത്തിൽ ഉറച്ച ബോധ്യമുണ്ടായിരുന്നതിനാൽ, യോനാഥാൻ അവനെത്തന്നെ മഹത്വപ്പെടുത്തിയില്ല, മഹത്വം മുഴുവൻ അവൻ കർത്താവിനു നല്കി. ഇവിടെ വചനത്തിൽ നാം വായിക്കുന്നതുപോലെ, കർത്താവു നമുക്കു വേണ്ടി പ്രവർത്തിക്കും എന്ന ഉറച്ച ബോധ്യത്താൽ അവൻ നയിക്കപ്പെട്ടതുകൊണ്ട്, തന്റെ സൈന്യത്തിന്റെ ബലത്തിലും എണ്ണത്തിലുമൊന്നും യോനാഥാൻ ആശ്രയം വച്ചില്ല. ദൈവത്തിൽ ആശ്രയം വയ്ക്കുന്നതിലൂടെ ദൈവത്തിൽനിന്നുമുള്ള ശക്തി പ്രാപിച്ച്, ദൈവത്തോടുള്ള സ്നേഹത്താൽ നിറഞ്ഞ് യോനാഥാൻ തന്റെ ജീവിതം ജീവിച്ചു തീർത്തു.

യോനാഥാൻ തന്റെ സ്നേഹം മറ്റുള്ളവരോടു പങ്കുവയ്ക്കുന്നതും നമുക്കു കാണാൻ കഴിയും. ശൗൽ ആയിരങ്ങളെ കൊന്നു: ദാവീദോ പതിനായിരങ്ങളെയും എന്നു ജനം പാടിഘോഷിച്ചപ്പോൾ, ശൗൽ രാജാവിന് ദാവീദിനോട് അസൂയ തോന്നി, എന്നാൽ യോനാഥാനിൽ അത്തരമൊരു വികാരം ഉണ്ടായിരുന്നില്ല.

ശൗലിന്റെ കാലശേഷം രാജപദവിയിലേക്ക് ഉയർത്തപ്പെടേണ്ടത് യോനാഥാനെയായിരുന്നു. എന്നാൽ ദൈവം ദാവീദിനെ രാജപദവിയിലേക്ക് ഉയർത്തിയപ്പോൾ യോനാഥാൻ അസൂയപ്പെട്ടില്ല. "അങ്ങ് യിസ്രായേലിനു രാജാവായിത്തീരും, ഞാൻ അങ്ങേയ്ക്കു രണ്ടാമനും ആയിരിക്കും", എന്നാണ് യോനാഥാൻ പറഞ്ഞത്. ദാവീദിനെ ഇല്ലായ്മചെയ്ത് രാജകിരീടം സ്വന്തമാക്കാൻ അവൻ ശ്രമിച്ചില്ല. യോനാഥാൻ ദാവീദിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിച്ചു. ഫിലിസ്ത്യരുടെ സൈന്യം ഇസ്രായേലിനുനേർക്കുവന്നപ്പോൾ സൈന്യാധിപനായി നിലകൊണ്ടിരുന്നത് യോനാഥാൻ ആയിരുന്നു, എന്നാൽ ഗോലിയാത്തിനെ തോല്പിച്ച് ദാവീദ് യോനാഥാന്റെ ജീവനും ഇസ്രായേൽ മക്കളുടെ ജീവനും രക്ഷിച്ചു. ഗോലിയാത്തിനെ നേരിടാൻ യോനാഥാനാണ് അന്നു പോയിരുന്നതെങ്കിൽ അവൻ തീർച്ചയായും മരിക്കുമായിരുന്നു, എന്നാൽ ദാവീദ് അവനുപകരമായി ഫിലിസ്ത്യമല്ലനെ നേരിട്ട് യോനാഥാനു ജീവൻ തിരിച്ചു നല്കി. തന്റെ ജീവൻ രക്ഷിച്ച ദാവീദിനോട് യോനാഥാനു സ്നേഹവും വിശ്വസ്തതയും ഉണ്ടായിരുന്നു, മുഴുവൻ ഹൃദയത്തോടെ

യോനാഥാൻ ദാവീദിനെ സ്നേഹിച്ചു.

ഒന്നു ചിന്തിച്ചുനോക്കാം സഹോദരീ സഹോദരന്മാരെ, ദൈവം നമുക്കു നല്കിക്കൊണ്ടേയിരിക്കുന്ന വിജയങ്ങളെ തിരിച്ചറിയാനും ഗ്രഹിക്കാനും നമുക്കു കഴിയുന്നുണ്ടോ? നമ്മുടെ ജീവിതത്തിൽ ഇന്നത്തെ ദിവസംപോലും കൈവന്ന വിജയങ്ങൾക്ക് ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള ഒരു മനസ്സ് നമുക്കുണ്ടോ? അതോ, നമ്മുടെ നേട്ടങ്ങളിൽ ഗർവ്വുനിറഞ്ഞവരും, ഇതെല്ലാം കൈവന്നത് സ്വന്തം കഴിവുകൊണ്ടാണെന്നു വിചാരിക്കുന്നവരുമാണോ നാം? നമുക്കു സ്വായത്തമായിട്ടുള്ള നല്ല അറിവും, നല്ല ബുദ്ധിശക്തിയും, നല്ല ജോലിയും, നല്ല സമ്പത്തും, നല്ല സംസാരശക്തിയും, നല്ല ചുറ്റുപാടുകളും, നല്ല ബന്ധങ്ങളുമെല്ലാം നമ്മുടെ കഴിവുകൾ കൊണ്ടു നേടിയതാണെന്ന് നമുക്കു ചിന്തയുണ്ടോ?

ഈവകയെല്ലാം സാദ്ധ്യമായത് ദൈവത്താലാണെന്ന തിരിച്ചറിവും ആത്മബോധവും ഉള്ളവരായി നമുക്കു മാറാം. യോനാഥാനു ദാവീദിനോടുണ്ടായിരുന്ന സ്നേഹം നമുക്കു നമ്മുടെ രക്ഷകനായ ക്രിസ്തുവിനോടും ഉണ്ടാകണം. നാം മരിക്കേണ്ട സ്ഥാനത്ത് ക്രിസ്തു നമുക്കുവേണ്ടി മരിച്ചു, നമ്മെ രക്ഷിച്ചു. യോനാഥാനു ദാവീദിനോടുണ്ടായിരുന്ന സ്നേഹത്തിനു യോഗ്യമായവിധത്തിലുള്ള സ്നേഹം നമ്മുടെ രക്ഷകനും കർത്താവുമായവനോട് പ്രകടിപ്പിക്കാൻ നമുക്ക് തയ്യാറെടുക്കാം.

ദൈവത്തിൽ ആശ്രയം വയ്ക്കുന്നവനും ദൈവത്തിൽ ശക്തികണ്ടെത്തുന്നവനും, ദൈവത്തിന്റെ സ്വഭാവസവിശേഷതകൾ ആർജ്ജിച്ചെടുക്കുമെന്ന സത്യം നമുക്കോർക്കാം. മാറ്റം വരാത്ത ദൈവത്തിന്റെ മാറിപ്പോകാത്ത മക്കളായി നമുക്കു ജീവിക്കാം.

ബെന്നിച്ചൻ, തിരുവനന്തപുരം

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 25** തീയതി:.....................

## ദാനിയേലിന്റെയും സുഹൃത്തുക്കളുടെയും ദൈവം

ദാനിയേലിന്റെ പുസ്തകം പടുതുയർത്തിയിരിക്കുന്നത് ഒരു ഉദാത്തമായ ആശയത്തിനുമേലാണ് - ദൈവത്തിന്റെ പരമാധികാരം. (നമുക്ക് ദൈവത്തെക്കുറിച്ചു ധ്യാനിക്കാം, വേറൊരു മനുഷ്യനെക്കാളുമുപരി).

**ശിക്ഷണം** (ദാനിയേൽ 1:1-2, യിരമ്യാ 32:2-28)
ദാനിയേലിന്റെയും സുഹൃത്തുക്കളുടെയും സർവ്വജ്ഞാനിയായ ദൈവം, തന്റെ മക്കളുടെമേൽ സ്വയം ഏർപ്പെടുത്തുന്ന സ്നേഹപൂർണ്ണമായ ശിക്ഷണത്തിനു തുടക്കം കുറിക്കുന്നതിലൂടെയാണ് ദാനിയേലിന്റെ പുസ്തകം ആരംഭിക്കുന്നത്. യൂദാദേശത്തിന്റെ മേലും അവരുടെ രാജാവിന്റെ മേലും (യെഹോവാകിം) വിവിധ വിജാതീയ രാജാക്കന്മാർ ഒന്നിനു പിന്നാലെ ഒന്നായി അധീശത്വം സ്ഥാപിക്കാൻ ദൈവം അനുവദിച്ചുകൊടുത്തു, ശക്തനായ നെബുഖദ്നെസ്സർ രാജാവിൽ നിന്നും ആരംഭിച്ച്, മകനായ ബെൽശെശ്ശരിലൂടെയും, ദാരിയസ്സിലൂടെയും, കോരെശിലൂടെയും അതു തുടർന്നു. ദൈവത്തിന്റെ ജനതയുടെയും അവരുടെ രാജാക്കന്മാർക്കുമേലെയും, വിജാതീയ ജനതയുടെയും അവരുടെ രാജാക്കന്മാർക്കുമേലേയും, സർവ്വശക്തനായ ദൈവത്തിന് താൻ നിശ്ചയിച്ച സമയക്രമപ്രകാരം ശിക്ഷണനടപടികൾ നിറവേറ്റാനുള്ള പദ്ധതിയുണ്ട്, കാരണം, എല്ലാവരും അവിടുത്തെ സൃഷ്ടികളാണ്.

നിങ്ങളുടെ ജീവിതത്തിലെ ഏതൊക്കെ മേഘലകളിലാണ് ദൈവം നിങ്ങളെ സുശിക്ഷിതരാക്കുന്നതിനുള്ള നടപടികൾ തുടങ്ങിവച്ചിട്ടുള്ളത്/നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്? നിങ്ങളുടെ പ്രതികരണം എന്തായിരിക്കും?

**അനുകൂലം** (ദാനിയേൽ 1:9)
അവരുടെമേൽ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥമേധാവിക്ക് ദാനിയേലിന്റെ മേൽ അനുകൂലം തോന്നാൻ ദൈവം ഇടയാക്കി. ഈ നാലു പേർക്കുമാകട്ടെ, സകലവിധ വിജ്ഞാനശാഖകളിലും ദൈവം അറിവും നൈപുണ്യവും നല്കി. എല്ലാത്തരത്തിലുമുള്ള ദർശനങ്ങളും സ്വപ്നങ്ങളും വിവേചിക്കുവാനുള്ള കഴിവു ദാനിയേലിനും നല്കി (ദാനിയേൽ 1:17). അതിതീവ്രമായി ജ്വലിപ്പിക്കപ്പെട്ട അഗ്നിയിൽ ഈ മൂന്നു സുഹൃത്തുക്കളെയും എറിഞ്ഞപ്പോൾ, ദൈവപുത്രൻ തന്നെ അവരോടൊപ്പം ചേർന്നു, മറ്റുള്ളവർ ആ ദൈവത്തിൽ വിശ്വാസമർപ്പിക്കുന്ന രീതിയിൽ, അവർ അവിടുത്തെക്കുറിച്ച് ഏറ്റുപറയാൻ സാദ്ധ്യമായ രീതിയിൽ, ദൈവം അവരെ അഗ്നിയിൽ നിന്നും മോചിപ്പിച്ചു (ദാനിയേൽ 3:25). ദാനിയേലിനെ സിംഹത്തിന്റെ കുഴിയിൽനിന്നും രക്ഷിക്കാൻ കല്പനപുറപ്പെടുവിച്ച രാജാവുതന്നെ ആകുന്നവിധത്തിലെല്ലാം ശ്രമിച്ചെങ്കിലും അതിനുകഴിഞ്ഞില്ല, കാരണം, ദൈവത്തിന്റെ സമയവും രീതിയും അതല്ലായിരുന്നു (ദാനിയേൽ 6:14). എന്നാൽ, 6:22ൽ *"എന്റെ ദൈവം തന്റെ ദൂതന്മാരെ അയച്ച് സിംഹത്തിന്റെ വായടപ്പിച്ച് എന്നെ രക്ഷിച്ചു"* എന്ന് ദാനിയേൽ പറയുന്നു. ദാനിയേൽ 9:21-23ൽ, ദാനിയേൽ പ്രാർത്ഥനാനിരതനായിരിക്കെ, ഗ്രബ്രിയേൽ ദൂതനെ അയച്ച് ദൈവം ദാനിയേലിനു ഉൾക്കാഴ്ചയും ജ്ഞാനവും നല്കി. ദാനിയേൽ ദൈവസന്നിധിയിൽ ഉയർന്നമാന്യതകല്പിക്കുന്നയാളാണെന്നും, ഭാവിയിലും ദൈവസന്നിധിയിൽനിന്നും കൂടുതൽ ഉൾക്കാഴ്ചകൾ ലഭിക്കുവാൻ പോന്നവനാണെന്നുമുള്ള പ്രോത്സാഹനം ദൂതൻ നല്കി. (ക്രിസ്തുവിന്റെ വരവിനും അതിനുശേഷവുമുള്ള, വരുവാനിരിക്കുന്ന തലമുറകൾക്ക് ഉപയോഗ

പ്രദമാകുന്ന ഉൾക്കാഴ്ചകൾ ദൈവം അവനു നല്കി). ദാനിയേൽ 12:1-3 വാക്യങ്ങളിൽ, "മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും, നിന്റെ ജനം പുസ്തകങ്ങളിൽ എഴുതിക്കാണുന്ന സകലരും രക്ഷപ്രാപിക്കും" (ഫിലിപ്യർ 4, വെളിപാട് 3, 13, 17, 20, 21 അദ്ധ്യായങ്ങൾ). ദാനിയേൽ 12:2ൽ, "ചിലർ നിത്യജീവനായും മറ്റു ചിലർ അപമാനത്തിനും നിത്യനിന്ദയ്ക്കുമായും ഉണരും" എന്നും എഴുതിയിരിക്കുന്നു (1 തെസ്സലോനിക്യർ 4:14-16).

**മഹത്വപ്രഖ്യാപനം**

*(സകല രാഷ്ട്രങ്ങളും, സകല ജനതകളും, സകല ലോകത്തിലും അവിടുത്തെ വിശുദ്ധരുടെ മഹദ്കൂട്ടത്തിലും ദൈവത്തെ പ്രഘോഷിക്കുവിൻ)*

ദാനിയേൽ 2:19-23ൽ, ദാനിയേൽ സ്വർഗ്ഗത്തിലുള്ള ദൈവത്തെ സ്തുതിക്കുകയും, ദൈവത്തിന്റെ ജ്ഞാനത്തെക്കുറിച്ചും, ശക്തിയെക്കുറിച്ചും, അതു മറ്റുള്ളവർക്കുപങ്കുവയ്ക്കുന്നതിനെക്കുറിച്ചും, മാറുന്ന കാലങ്ങളെയും സമയങ്ങളെയും കുറിച്ചും, മറ്റുള്ളവരെ ഉയർത്തുന്നതിനെക്കുറിച്ചും, സ്വപ്നങ്ങൾ വ്യാഖ്യാനിക്കുന്നതിനെക്കുറിച്ചും സംസാരിക്കുകയും ചെയ്യുന്നു. വാ 27-28ൽ ദാനിയേൽ ഇപ്രകാരം പറയുന്നു; *"രാജാവു ചോദിച്ച രഹസ്യകാര്യം രാജാവിനെ അറിയിക്കുവാൻ ജ്ഞാനികൾക്കോ ആഭിചാരകർക്കോ മന്ത്രവാദികൾക്കോ ശകുനവാദികൾക്കോ കഴിയുകയില്ല. എന്നാൽ രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ഒരു ദൈവം സ്വർഗ്ഗത്തിലുണ്ട്."*
ദാനിയേൽ 4:1-3 വാക്യങ്ങളിൽ, *"അത്യുന്നതനായ ദൈവം എനിക്കുവേണ്ടി പ്രവർത്തിച്ച അത്ഭുതങ്ങളും അടയാളങ്ങളും പ്രസിദ്ധമാക്കുന്നതു നല്ലതെന്ന് എനിക്കു തോന്നിയിരിക്കുന്നു. ...അവിടുത്തെ ആധിപത്യം തലമുറതലമുറയായി തുടരുന്നു"*. വാ 17ൽ, *അത്യുന്നതൻ മനുഷ്യരുടെ രാജത്വത്തിന്റേമേൽ വാഴുന്നുവെന്നും തനിക്ക് ഇഷ്ടമുള്ളവന് അതു നല്കുന്നുവെന്നും... ജീവനുള്ളവർ അറിയേണ്ടതിനെന്ന്* ദാനിയേൽ പറയുന്നതുകാണാം. ദാനിയേൽ 7:27ൽ, *"അനന്തരം രാജത്വവും ആധിപത്യവും ആകാശത്തിനു കീഴെ എല്ലായിടത്തുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതനായവന്റെ വിശുദ്ധന്മാരായ ജനത്തിനു നല്കപ്പെടും. അവിടുത്തെ രാജത്വം ഒരു നിത്യ രാജത്വമായിരിക്കും; എല്ലാ ആധിപത്യങ്ങളും അവിടുത്തെ സേവിക്കുകയും അനുസരിക്കുകയും ചെയ്യും."* ദാനിയേൽ 9:4-17ൽ *"വലിയവനും ഭയങ്കരനും തന്നെ സ്നേഹിക്കുന്നവർക്കും തന്റെ കല്പനകളെ പാലിക്കുന്നവർക്കും, നിയമവും ആർദ്രസ്നേഹവും പാലിക്കുന്നവനും... കർത്താവേ, അവിടുത്തെ സർവ്വനീതിക്കും തക്കവണ്ണം... ഇപ്പോൾ അവിടുത്തെ ദാസന്റെ പ്രാർത്ഥനയ്ക്കു യാചനയ്ക്കും ചെവിചായ്ക്കേണമേ..."* എന്നീ വാക്കുകളാൽ ദാനിയേൽ ദൈവകൃപ പ്രഘോഷിക്കുന്നു.

**നിഗമനം:** ലോകത്തുള്ള സകല ജനതകളുടെയും ദൈവമായ കർത്താവു ഞാനാകുന്നു എന്ന് ദൈവം പ്രഖ്യാപിക്കുന്നു. ഭാവിയെക്കുറിച്ചുള്ള അടയാളങ്ങൾ അവൻ നല്കുന്നു, തന്റെ വീര്യപ്രവർത്തികൾ അവിടുന്ന് കാണിച്ചു തരുന്നു. ഏതു കാലഘട്ടത്തിൽ നിലനിൽക്കുന്ന രാജ്യങ്ങളായാലും, അവയെല്ലാം അവിടുത്തെ ശിക്ഷണത്തിനു കീഴിൽ നിൽക്കുന്നു - ഒടുവിൽ തന്റെ രാജ്യം സ്ഥാപിതമാകുകയും തന്റെ വാഴ്ച സകല തലമുറകളിലും നിലവിൽവരുന്നതുവരെയും. ദൈവത്തിന്റെ പ്രഖ്യാപന ശൈലിയും, അവിടുത്തെ വലിയ ആനുകൂല്യവും ഉൾക്കൊള്ളുന്ന വാക്കുകളാണ് ദാനിയേൽ 12:3 - *"ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു നയിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നുമെന്നേയ്ക്കും പ്രകാശിക്കും."* 12:10ൽ ഇപ്രകാരം എഴുതിയിരിക്കുന്നു: *"ധാരാളം പേർ ശുദ്ധീകരിക്കപ്പെട്ടു നിർമ്മലരായി വിശുദ്ധിപ്രാപിക്കും"*.
ദാനിയേൽ 12:13 *"നീയോ അവസാനം വരുവോളം പൊയ്ക്കൊൾക. വിശ്രമിച്ച് കാലാവസാനത്തിൽ നിന്റെ ഓഹരി പ്രാപിക്കുവാൻ നീ എഴുന്നേറ്റുവരും."*
വിജാതീയ രാജാക്കന്മാരോട് ഇക്കാര്യം അറിയിക്കപ്പെട്ടു, ദാനിയേലും സുഹൃത്തുക്കളും ഇക്കാര്യം മനസ്സിലാക്കി.
**പ്രാർത്ഥന: ദൈവത്തിന്റെ ശിക്ഷണം മനസ്സിലാക്കാനും സ്വീകരിക്കാനും നമ്മെ സഹായിക്കാൻ വേണ്ടിയും, അവിടുത്തെ ആനുകൂല്യം ചോദിക്കാനും അതിനു നന്ദിപറയാനും വേണ്ടിയും, അവിടുത്തെ നാമത്തെ പ്രഖ്യാപിക്കുവാൻ ശക്തിയും മനസ്സൊരുക്കവും നല്കാൻ വേണ്ടിയും ദൈവത്തോടു പ്രാർത്ഥിക്കുക.**
നമ്മുടെ ദൈവത്തിന്റെ പരമാധികാരം ബോധ്യപ്പെടാനും, അവിടുത്തെ അധികാരത്തിനു കീഴടങ്ങി അവസാനംവരെ ചേർന്നുനില്ക്കാനും എത്രമാത്രം തയ്യാറാണ്?

ബിനോയ് ഫിലിപ്പ്.

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 26** തീയതി:....................

## ഏലിയാവിന്റെ ദൈവം

നമുക്കു സമസ്വഭാവമുള്ള ഒരു മനുഷ്യനായിരുന്നു ഏലിയാവെന്ന് എഴുതിയിരിക്കുന്നത് നിങ്ങൾ ഓർക്കുന്നുണ്ടാകും (യാക്കോബ് 5:17), എങ്കിലും ഏലിയാവിലൂടെ ദൈവം പ്രവർത്തിച്ച കാര്യങ്ങൾ അനിതര സാധാരണമായ കാര്യങ്ങളാണ്. അത്തരം കാര്യങ്ങൾ ഇന്നു നടന്നുകാണാത്തത് എന്തുകൊണ്ടാണെന്ന് അതു വായിക്കുന്ന ഒരാൾ അതിശയപ്പെടുന്നതരത്തിലുള്ള കാര്യങ്ങളാണവ.

മറ്റുള്ളവരിൽനിന്നും ഇത്രമാത്രം വ്യത്യസ്തനായി ഏലിയാവിനെ കാണുവാനും, പ്രിയപ്പെട്ടവനെന്നു പരിഗണിക്കാനും അവനിൽ ദൈവം എന്താണു കണ്ടത്? ഇക്കാര്യം മനസ്സിലാക്കാൻ നമുക്ക് 2 രാജാക്കന്മാർ 2:11-14 വായിക്കാം. ദൈവത്തിന്റെ പദ്ധതികളിൽ ഏലിയാവിന് വളരെ പ്രധാനമായ ഒരു സ്ഥാനമുണ്ട്.

ദൈവത്തെ മറന്നുപേക്ഷിക്കുകയും, അവിടുത്തെ ബലിപീഠങ്ങൾ എറിഞ്ഞുകളയുകയും ചെയ്യുന്ന രീതിയിൽ അന്ധകാരശക്തികൾ ഇസ്രായേൽ ദേശത്തെ പൂർണ്ണമായതോതിൽ മരവിപ്പിച്ചു കീഴടക്കിയ ഒരു കാലഘട്ടത്തിലാണ് ഏലിയാവ് പ്രവർത്തിപഥത്തിലേക്കു വരുന്നത്. ദൈവത്തിന്റെ ശത്രുക്കളെ ശിക്ഷിക്കാൻ ദൈവം ഒരു ക്ഷാമം കൊണ്ടുവരുമെന്നു പ്രവചിച്ച ആദ്യത്തെ പ്രവാചകനാണ് ഏലിയാവ്. ആകാശം അടച്ചുപൂട്ടിയിട്ട്, അതിന്റെ താക്കോൽ തന്റെ പോക്കറ്റിൽ സൂക്ഷിച്ചുകൊണ്ട്, "എന്റെ വാക്കിനാലല്ലാതെ ഇനി മഴയുണ്ടാകില്ല" എന്നുപറഞ്ഞ ആദ്യപ്രവാചകൻ ഏലിയാവാണ്, ഭക്ഷണം വർദ്ധിപ്പിച്ച ആദ്യപ്രവാചകനും, മരിച്ചവനെ ഉയർപ്പിച്ച ആദ്യപ്രവാചകനും, പ്രാർത്ഥിച്ചു മഴപെയ്യിച്ച ആദ്യപ്രവാചകനും, രാജാവിനു മരണക്കുറിപ്പെഴുതിയ ആദ്യപ്രവാചകനും, ആകാശത്തുനിന്ന് അഗ്നിവിളിച്ചിറക്കിയ ആദ്യപ്രവാചകനും ഏലിയാവാണ്.

ഒരു ചുഴലിക്കാറ്റിലൂടെ ഏലിയാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിനുശേഷം, അദ്ദേഹത്തിന്റെ ദാസനായ എലീശാവ് യോർദ്ദാൻ നദീതീരത്ത് ഒറ്റപ്പെട്ടു. നദിക്കു കുറുകെ പാലം പണിയാനോ, നീന്തി മറുകരപറ്റുവാനോ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. ഒന്നും ചെയ്യാൻ കഴിയാതെ വിഷമിച്ചുനിന്ന അദ്ദേഹത്തിന്റെ ജീവൻ അപകടത്തിലാക്കാൻ ഒരു വന്യമൃഗത്തിനുപോലും കഴിയുമായിരുന്നു. എന്നാൽ, ഏലിയാവ് ഉപേക്ഷിച്ചുപോയ പുതപ്പെടുത്തിട്ട് യോർദ്ദാൻ വെള്ളത്തിൽ അടിച്ച്, "ഏലിയായുടെ ദൈവമായ കർത്താവ് എവിടെ?" എന്ന് എലീശ നിലവിളിച്ചു. അവൻ അപ്രകാരം ചെയ്തപ്പോൾ, ദൈവം മറുപടി നല്കി, യോർദ്ദാൻ നദി ഇടത്തോട്ടും വലത്തോട്ടും പിന്മാറി, എലീശ നദി കുറുകെ കടക്കുകയും ചെയ്തു.

**അപ്പോൾ, ഏലിയാവിന്റെ ദൈവം ആരാണ്?**

1. വഴിയില്ലാത്തിടത്തു വഴിയൊരുക്കുന്ന ഒരുവനാണ് ഏലിയാവിന്റെ ദൈവം. നിങ്ങളുടെ മുന്നിലുള്ള യോർദ്ദാനെ പിളർത്തി നിങ്ങളെ മുന്നോട്ടു നയിക്കാൻ കഴിവുള്ളവനാണ് അവിടുന്ന്.
2. ഒന്നും ഇല്ലായ്മയിൽനിന്നും വർദ്ധിപ്പിച്ച് സമൃദ്ധിയുണ്ടാക്കുന്നവനാണ് അവിടുന്ന്
3. കാണപ്പെടുന്നതിനെ കാണപ്പെടാത്തതിൽനിന്നും ഉരുത്തിരിക്കുന്നവനാണ് ആ ദൈവം
4. മനുഷ്യനാൽ അസാദ്ധ്യമായ വഴികളിൽ തന്റെ ജനതയ്ക്ക് വേണ്ടതു പ്രദാനം ചെയ്യുന്ന കർത്താ

വാണ് അവിടുന്ന്, കാക്കകളുടെ സഹായത്താൽ ഏലിയാവിന് ഭക്ഷണം എത്തിച്ചു കൊടുത്തവനാണ് ഏലിയാവിന്റെ ദൈവം.

5. തനിക്കുവേണ്ടി എല്ലാം നഷ്ടമാക്കുന്നവരെ ഒന്നും കുറയാതെ പരിരക്ഷിക്കുന്നവനാണ് അവിടുന്ന്, സെരാഫത്തിലെ വിധവയുടെ കാര്യത്തിലെന്നപോലെ.

6. മരിച്ചവരുടെ പുനഃരുത്ഥാനത്തിന്റെ ദൈവമാണ് അവിടുന്ന്. മരിച്ചു മണ്ണടിഞ്ഞ അസ്ഥികളെ കൂട്ടി യോജിപ്പിച്ച് അതിനു ജീവൻ നല്കാൻ കഴിവുള്ളവനാണ് ആ ദൈവം.

7. പ്രകൃത്യാതീതമായ ശക്തിനല്കാൻ കഴിവുള്ളവനാണ് ഏലായാവിന്റെ ദൈവം. മുപ്പതു മൈൽ ദൂരം രഥങ്ങളെ പിന്തള്ളി തന്റെ കാലുകളാൽ ഓടിയെത്താൻ ഏലിയാവിനു കഴിഞ്ഞു. പ്രകൃത്യാതീതമായ ഊർജ്ജം പകർന്നു നല്കാൻ കെല്പുള്ളവൻ.

8. അഗ്നിയിറക്കി പ്രാർത്ഥനയ്ക്ക് ഉത്തരം നല്കാൻ കഴിവുള്ളവനാണ് ഏലായാവിന്റെ ദൈവമായ കർത്താവായ ദൈവം.

ഏതെങ്കിലും പ്രശ്നത്താൽ അറ്റംമുട്ടി നില്ക്കുന്നയാളോ, ഏതെങ്കിലും ദുർഘടത്താൽ കൂട്ടിലടയ്ക്കപ്പെട്ടയാളോ ആയിരിക്കാം നിങ്ങൾ. ഏലിയാവിന്റെ ദൈവമായ കർത്താവിനെ വിളിച്ചപേക്ഷിക്കുക, അവൻ അഗ്നിയിറക്കി നിങ്ങൾക്കു മറുപടി നല്കും. പ്രാർത്ഥിക്കാൻ അറിയുന്ന മനുഷ്യന് ഒന്നും ഭയപ്പെടാനില്ല എന്നത് വലിയൊരു സത്യമാണ്.

- തോമസ് പണിക്കർ

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 27** തീയതി:....................

## യിഫ്താഹിന്റെ ദൈവം

**ന്യായാധിപർ 11:1**

ശക്തനായ ഒരു പോരാളിയായിരുന്നു യിഫ്താഹ്, എന്നാൽ അദ്ദേഹം ഒരു വേശ്യാസ്ത്രീയുടെ മകനുമായിരുന്നു. നമ്മെ അതിശയിപ്പിക്കുന്ന കാര്യമെന്താണെന്നുവച്ചാൽ, ജന്മനാതന്നെ കുലീനതയൊന്നും അവകാശപ്പെടാനില്ലാത്തവനും, സ്വന്തം ആൾക്കാർതന്നെ ആട്ടിയകറ്റിയ ഒരാളും, ബാല്യകാലംമുതൽ അവഹേളനവാക്കുകൾക്കു നടുവിൽ വളർന്നവനുമായ ഒരാൾ വിശ്വാസവീരന്മാരിൽ ഒരുവനായിത്തീർന്നു എന്നതാണ്. നാം ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ദൈവം, തന്നിൽ ശരണപ്പെടുന്നവരെ ഉയർത്താനും അവരെ ഉപയോഗിക്കാനും വേണ്ടി നോക്കി നിൽക്കുന്നവനാണെന്ന കാര്യം നമ്മിൽ ധൈര്യമുണർത്തുന്ന ഒരു കാര്യമാണ്.

യിഫ്താഹിന്റെ ജീവിതത്തെക്കുറിച്ചു നാം പഠിക്കുമ്പോൾ, യുദ്ധവീരനായ ഒരുവനായിരുന്നിട്ടും, യിഫ്താഹ് തന്റെ തന്നെ കഴിവുകളിൽ ആശ്രയിക്കാതെ ദൈവത്തിൽ ശരണം വച്ച ഒരുവനായിരുന്നുവെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. അമ്മോന്യർ ഇസ്രായേൽ മക്കളെ പതിനെട്ടു വർഷക്കാലം പീഡിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അമ്മോന്യർക്കെതിരെ യുദ്ധംചെയ്യാൻ മറ്റാരെയും കിട്ടാതിരുന്നതിനാൽ, ഗിലെയാദിലെ മൂപ്പന്മാർ യിഫ്താഹിനെ സമീപിച്ചു. തന്നെ ആട്ടിപ്പായിച്ചു കളഞ്ഞ നാട്ടിലെ പ്രമാണിമാരും പ്രഭുക്കന്മാരും, അവർക്കൊരു ആവശ്യംനേരിട്ടപ്പോൾ അവരുടെ നായകനാകാൻ തന്റെ സഹായം അഭ്യർത്ഥിച്ചു വന്നിരിക്കുന്നു. വാ 9ൽ, "യഹോവ അവരെ എന്റെ കൈയിൽ ഏല്പിക്കുന്നുവെങ്കിൽ നിങ്ങൾ നിശ്ചയമായും എന്നെ തലവനാക്കുമോ?" എന്നവൻ ചോദിക്കുന്നു. ശത്രുസൈന്യത്തിനുമേൽ വിജയം നേടിത്തരുവാൻ പോകുന്നതു ദൈവമാണെന്ന ബോധ്യം യിഫ്താഹിനുണ്ടായിരുന്നെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. വാ 11ൽ സങ്കീർണ്ണമായ ഒരു കാര്യം നമുക്കു കാണാൻ സാധിക്കും; "യിഫ്താഹ് മിസ്പയിൽ യഹോവയുടെ മുമ്പാകെ, താൻ പറഞ്ഞതെല്ലാം വീണ്ടും പ്രസ്താവിച്ചു". ദൈവമുമ്പാകെയുള്ള ഒരു തുറന്ന പ്രാർത്ഥനയായിരുന്നു ഇതെന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. ഓരോന്നും ചിട്ടയോടെ ചെയ്യുന്ന ഒരുവനായിരുന്നു യിഫ്താഹ് എന്നത് അദ്ദേഹത്തിന്റെ നടപടികളിൽനിന്നും നമുക്കു മനസ്സിലാക്കാൻ കഴിയുന്ന വേറൊരു കാര്യമാണ്.

തന്നെ നാട്ടിൽനിന്നും ആട്ടിപ്പായിച്ചവരോടു തനിക്കു പറയാനുണ്ടായിരുന്നത് വ്യക്തമായി സംസാരിച്ചു. പിന്നീട് അദ്ദേഹം ദൈവത്തോടു ഇക്കാര്യങ്ങൾ സംസാരിച്ചു. അതിനുശേഷം ശത്രുദേശത്തോട് അവർക്കുള്ള ശത്രുതയുടെ കാര്യമെന്തെന്ന് ആരാഞ്ഞു.

എന്തെങ്കിലും ചെയ്യുന്നതിനുമുമ്പ്, പ്രാർത്ഥനയോടുകൂടി ദൈവത്തിലേക്കു പോകുന്നതാണ് ഉത്തമമായ കാര്യം. എന്റെ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ, ഫോണെടുത്ത് വ്യക്തികളിൽ നിന്നുമുള്ള സഹായം ആരായുകയാണ് ഞാൻ പലപ്പോഴും ചെയ്യുന്ന കാര്യം, ദൈവത്തിലേക്കു പോകുന്നതിനുപകരം.

യിഫ്താഹിന്റെ വിശ്വാസം പ്രതിധ്വനിക്കുന്ന മറ്റൊരുകാര്യം, യുദ്ധത്തിനായി വന്ന അമ്മോന്യർ, "നിങ്ങൾ കയ്യടക്കിവച്ചിരിക്കുന്ന ഞങ്ങളുടെ ദേശം ഞങ്ങൾക്കു മടക്കി തരിക" എന്ന് ആവശ്യപ്പെട്ടു. അതിനുമറുപടിയായി യിഫ്താഹ് നല്കുന്ന കത്ത്, തങ്ങളുടെ പൂർവ്വപിതാക്കന്മാർക്കായി ദൈവം ചെയ്ത കാര്യങ്ങളെക്കുറിച്ചുള്ള യിഫ്താഹിന്റെ അറിവിനെ വിളിച്ചോതുന്ന ഒന്നാണ്. വാ 23ൽ ഇപ്രകാരം നമുക്കു കാണാം: "യിസ്രായേലിന്റെ ദൈവമായ യഹോവ തന്റെ ജനമായ യിസ്രായേലിന്റെ മുമ്പിൽനിന്നു അമോര്യരെ നീക്കിക്കളഞ്ഞിരിക്കുന്നു..." എന്ന് യിഫ്താഹ് പ്രസ്താവിക്കുന്നത്. ദൈവമാണ് തങ്ങൾക്ക് ഈ ദേശം കൈവശമാക്കിതന്നത് എന്നത് യിഫ്താഹിന്റെ ബോധ്യമായിരുന്നു.

വാ 30-31ൽ യിഫ്താഹ് ഒരു നേർച്ചനേർന്നതായി നാം കാണുന്നു. "ഞാൻ അമ്മോന്യരെ ജയിച്ചു സമാധാനത്തോടെ മടങ്ങിവരുമ്പോൾ എന്റെ വീട്ടുവാതിൽക്കൽ എന്നെ എതിരേറ്റുവരുന്നതു യഹോവെക്കുള്ളതായിരിക്കും."

വാ 34ൽ, താൻ വിജയശ്രീലാളിതനായി തിരിച്ചു ചെന്നപ്പോൾ, തന്റെ ഏകമകളാണ് തന്നെ എതിരേല്ക്കാൻ തപ്പുകൊട്ടി നൃത്തംവച്ച് മുന്നിലേക്കു ചെന്നത്. ഹൃദയഭേദകവും ബുദ്ധിമുട്ടേറിയതുമായ ഒരു കാര്യമായിട്ടുപോലും, യഹോവയുടെ മുന്നിൽ താൻ നല്കിയ വാക്കു നിറവേറ്റാൻ യിഫ്താഹ് തയ്യാറായി. യിഫ്താഹ് തന്റെ മകളെ ദൈവാലയശുശ്രൂഷയ്ക്കായി വിട്ടുനല്കിയെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന കാര്യം, അവളെ നരബലിയായി നല്കിയെന്നതല്ല. (അവൾ ദുഃഖമാചരിക്കാൻ പോയത് അവൾക്കുവിവാഹം കഴിക്കാൻ സാദ്ധ്യമാകില്ല എന്ന സംഗതിയെ ഓർത്തുവിലപിക്കാനാണ് എന്ന് വാ 37ൽ കാണുന്നു).

യിഫ്താഹ് തന്റെ വിശ്വാസം തന്റെ നേട്ടങ്ങളിലൂടെ വെളിവാക്കി. അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നും നമുക്കുപഠിക്കാൻ കഴിയുന്ന ഒരു കാര്യമിതാണ്: നാം എത്ര ചുളിവുകൾ ഉള്ളവരായിരുന്നവരായാലും, ദൈവത്തിനു നമ്മെ വിട്ടുകൊടുക്കുമ്പോൾ, അവിടുന്ന് ശ്രേഷ്ഠമായ രീതിയിൽ നമ്മെ ഉപയോഗിക്കും.

ആത്മാക്കളെ നേടാനുള്ള ഒരു പോരാട്ടത്തിലാണ് നാമിന്ന് ഏർപ്പെട്ടിരിക്കുന്നത് എന്ന കാര്യം ഓർമ്മയിൽ സൂക്ഷിക്കാം, വിശ്വാസത്താൽ മികച്ച പോരാട്ടം നമുക്കു പോരാടാം. ദൈവം അനുഗ്രഹിക്കട്ടെ.

ജോൺസൺ, കൊച്ചിൻ

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 28** തീയതി:....................

## ഹിസ്ക്കീയാവിന്റെ ദൈവം

ഇസ്രായേൽ രാഷ്ട്രം എന്നെന്നും അഭിമാനത്തോടെ ഓർക്കുന്ന ഒരു രാജാവാണ് ഹിസ്ക്കീയാവ് (ഗ്രീക്ക് - ഹെസെക്കിയാ). അതിശയകരമായ വിജയങ്ങളും, അഭിമാനകരമായ ഭരണനേട്ടങ്ങളും കരസ്ഥമാക്കിയ രാജാവാണ് ഹിസ്ക്കീയാവ്. യൂദാദേശത്ത് ദൈവാരാധനയെ വീണ്ടെടുത്ത രാജാവാണദ്ദേഹം, നമുക്കു കാണാവുന്നതുപോലെ, യഹോവയായ ദൈവത്തെ മാത്രം ആരാധിക്കണമെന്നുള്ള വ്യക്തിപരമായ ബോധ്യം ആവോളം ഉള്ള ഒരു വ്യക്തി. അദ്ദേഹത്തിന്റെ ഭരണവും നേട്ടങ്ങളും നല്ലരീതിയിൽത്തന്നെ രേഖപ്പെടുത്തിവച്ചിരിക്കുന്നത് യഹൂദരുടെയും അസ്സീറിയരുടെയും പുരാവസ്തുശേഖരത്തിൽ പ്രകടമാണ്.

കർത്താവിന്റെ ദൃഷ്ടിയിൽ ശരിയായതു പ്രവർത്തിച്ച്, പൂർവ്വപിതാവായ ദാവീദിന്റെ കാല്പാടുകളെ പിന്തുടർന്ന ഒരു രാജാവാണ് ഹിസ്ക്കീയാവ്. തന്റെ പിതാവായ ആഹാസ് രാജാവാകട്ടെ, മക്കളിൽ ഒരാളെ വിജാതീയ ദൈവത്തിന്റെ പ്രീതിക്കുവേണ്ടി അഗ്നിയിൽ ബലിയർപ്പിച്ച ദുഷ്ടനായ ഒരുവനുമായിരുന്നു. അദ്ദേഹത്തിനുമുമ്പു ദേശം വാണിരുന്ന രാജാക്കന്മാരായ യോഥാം, അസ്ഹാരിയ എന്നിവർ സാമാന്യം തരക്കേടില്ലാത്ത രാജാക്കന്മാരായിരുന്നുവെങ്കിലും, അവർ കർത്താവിനോടു പൂർണ്ണസമർപ്പണം ഉള്ളവരായിരുന്നില്ല. ദൈവാരാധന തകർന്നടിയുന്ന ഒരു കാഴ്ചയാണ് നമുക്ക് യൂദാദേശത്തു കാണാൻ കഴിയുന്നത്. താൻ വളർന്നുവന്ന സാഹചര്യത്തിൽ കണ്ടുപഠിക്കാനും കേട്ടുപഠിക്കാനുമുള്ള ഒരു മാതൃകാപുരുഷൻ ഹിസ്ക്കീയാവിന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. എന്നിരിക്കിലും, ദൈവത്തെ പൂർണ്ണഹൃദയത്തോടെ പിന്തുടരാനുള്ള തീരുമാനം ഹിസ്ക്കീയാ രാജാവു കൈക്കൊണ്ടു. ഹിസ്ക്കീയാ രാജാവിന്റെ ഭരണത്തിൻ കീഴിൽ യൂദാദേശം അനുഭവിച്ച സന്തോഷവും ശക്തിയും അനുസ്മരിപ്പിക്കാൻ വേണ്ടി വേദപുസ്തകം പരാമർശിക്കുന്നത് ശലമോൻ രാജാവിന്റെ ഭരണകാലഘട്ടമാണ്. 2 രാജാക്കന്മാർ 18:5 ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: *"ഹിസ്ക്കീയാവ് യിസ്രായേലിന്റെ ദൈവമായ യഹോവയിൽ വിശ്വാസം അർപ്പിച്ചു. യെഹൂദാരാജാക്കന്മാരിൽ അദ്ദേഹത്തിനു മുമ്പാകട്ടെ, പിമ്പാകട്ടെ, അദ്ദേഹത്തെപ്പോലെ യഹോവയിൽ വിശ്വാസം അർപ്പിച്ച മറ്റൊരുവനും ഉണ്ടായിരുന്നില്ല."*

ഹിസ്ക്കീയാവിന്റെ ജീവിതത്തിൽനിന്നും നമുക്കു പഠിക്കാൻ കഴിയുന്ന പാഠങ്ങൾ നിരവധിയാണ്, എന്നിരുന്നാലും ഇന്നത്തെ ഡിവോഷനുവേണ്ടി രണ്ടു കാര്യങ്ങൾ നോക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി: "കർത്താവു പുതുക്കം നല്കുന്നു" (2 ദിനവൃത്താന്തം 30:18-20)
*"ഒരു വലിയ ജനാവലി - എഫ്രയീം, മനശ്ശെ, യിസ്സാഖാർ-സെബുലൂൻ ഗോത്രങ്ങളിൽ നിന്നുള്ള ഭൂരിഭാഗം പേരും - സ്വയം ശുദ്ധീകരിച്ചിരുന്നില്ല. എന്നിട്ടും വിധിപ്രകാരമല്ലാതെ അവർ പെസഹ ഭക്ഷിച്ചു. എന്നാൽ ഹിസ്കിയാവ് അവർക്കുവേണ്ടി ഇപ്രകാരം പ്രാർത്ഥിച്ചു: നല്ലവനായ യഹോവേ, ഏവരോടും ക്ഷമിക്കണമേ! വിശുദ്ധസ്ഥലത്തിന്റെ പവിത്രീകരണവിധിപ്രകാരം വിശുദ്ധരായിത്തീർന്നിട്ടില്ലെങ്കിലും തന്റെ പിതാക്കന്മാരുടെ ദൈവമായ യഹോവയെ അന്വേഷിക്കുവാൻ മനസ്സുവയ്ക്കുന്ന ഏവരോടും അങ്ങു ക്ഷമിക്കേണമേ! യഹോവ ഹിസ്ക്കീയാവിന്റെ പ്രാർത്ഥനകേട്ട് ജനത്തെ സൗഖ്യമാക്കി."*

ദൈവം തിരഞ്ഞെടുത്ത ദേശത്ത് ദൈവാലയ ആരാധനയെ തിരികെക്കൊണ്ടുവരുവാൻ ഹിസ്ക്കീയാവുനുള്ള തീക്ഷ്ണത അതിശയകരമായതാണ്. വലിയ ഒരു പുതുക്കം പ്രാപിക്കൽ യൂദാദേശത്തുണ്ടായി, അനേകം ഹൃദയങ്ങൾ കർത്താവിലേക്കു തിരിഞ്ഞു. എന്നാൽ ഭിന്നിച്ചു നിന്നിരുന്ന ഇസ്രായേൽ ദേശത്തെയും ഒന്നിച്ചുകൂട്ടി കർത്താവിന്റെ പെസഹാ ആചരിക്കാൻ ഹിസ്ക്കീയാവു സകലഗോത്രങ്ങളെയും വിളിച്ചപ്പോൾ ചിലഗോത്രങ്ങൾ പ്രതികരിച്ചില്ല, ചിലരാകട്ടെ അയോഗ്യമായ രീതിയിൽ, തങ്ങളെത്തന്നെ വിശുദ്ധീകരിക്കാതെ പെസഹാവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു. എന്നാൽ രാജാവിന്റെ പ്രതികരണം അതിശയകരമായിരുന്നു, അവർക്കുവേണ്ടി പ്രാർത്ഥിക്കാനും, അവരുടെ തെറ്റുകൾക്കു കർത്താവിൽനിന്നും പാപപ്പൊറുതി തേടാനും രാജാവു തയ്യാറായി. രാജാവിന്റെ പ്രാർത്ഥന കർത്താവു കേൾക്കുകയും ചെയ്തു.

നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തിലേക്കു കടന്നുവന്നിരിക്കുന്ന ആത്മീയ ആലസ്യത്തിനും, വ്യക്തിഗതമായ അലംഭാവത്തിനുമുള്ള മറുമരുന്ന് പ്രാർത്ഥന തന്നെയാണ് - ലൂക്കോസ് 21:34-36
*"അമിതഭക്ഷണത്താലും മദ്യപാനത്താലും ജീവിതത്തിന്റെ ചിന്താകുലങ്ങളാലും നിങ്ങളുടെ ഹൃദയം ഭാരപ്പെടുകയും ആ നാൾ ഒരു കെണി എന്നപോലെ നിങ്ങളുടെ മേൽ വരികും ചെയ്യാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ അതു ഭൂതലത്തിൽ ജീവിക്കുന്ന സകലരുടെ മേലും വരും. സംഭവിപ്പാനിരിക്കുന്ന ഇവയെല്ലാറ്റിൽനിന്നും രക്ഷപെടുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്ക്കുവാനും നിങ്ങൾ പ്രാപ്തരാകണമെന്നു പ്രാർത്ഥിച്ചുകൊണ്ട് എല്ലായ്പ്പോഴും ജാഗ്രതയുള്ളവരായിരിപ്പിൻ."*

രണ്ടാമതായി: കർത്താവു നിർമ്മലീകരിക്കുന്നു (2 രാജാക്കന്മാർ 20:19)
എല്ലാം നല്ല ശ്രേഷ്ഠമായി കാണപ്പെടുകയും, തന്നെക്കുറിച്ചും തന്റെ വാഴ്ചയെക്കുറിച്ചും ഹിസ്ക്കീയാവിന് നല്ല മതിപ്പുതോന്നുകയും ചെയ്ത സമയത്ത്, ഹിസ്ക്കീയാവിനെ നിർമ്മലീകരിക്കാൻ ദൈവം തീരുമാനിച്ചു. ദൈവം തന്റെ ജീവിതത്തിൽ പ്രവർത്തിച്ച മഹാത്ഭുതത്തെക്കുറിച്ച് കേട്ടറിഞ്ഞ് (സൂര്യന്റെ നിഴൽ പത്തുചുവടു പിന്നോട്ടുപോയത്) ബാബിലോൺ ദേശത്തുനിന്നും രാജപ്രതിനിധികൾ ഹിസ്ക്കീയാവിനെ കാണാൻ വന്നു. തന്റെ കൊട്ടാരത്തിലും രാജ്യത്തിലുമുണ്ടായിരുന്ന ശേഖരങ്ങളെല്ലാം ഹിസ്ക്കീയാവ് ഇവരെ കാണിച്ചുകൊടുത്തു. 2 ദിനവൃത്താന്തം 32:31ൽ ഇപ്രകാരം എഴുതിയിരിക്കുന്നു: *"എന്നാൽ ദേശത്തു സംഭവിച്ച വിസ്മയകരമായ അടയാളത്തെപ്പറ്റി ചോദിച്ചറിയുന്നതിന് ബാബേൽ ഭരണാധികാരികൾ ദൗത്യസംഘത്തെ അയച്ചപ്പോൾ സ്വന്തം ഇഷ്ടമനുസരിച്ചു പ്രവർത്തിക്കാൻ ദൈവം അദ്ദേഹത്തെ അനുവദിച്ചു. ഇത് അദ്ദേഹത്തിന്റെ ഉള്ളറിയുന്നതിനും അദ്ദേഹത്തെ പരീക്ഷിക്കുന്നതിനും വേണ്ടിയായിരുന്നു"*

ഇക്കാര്യത്തെക്കുറിച്ചു ദൈവത്തിനുണ്ടായ അപ്രീതി ഏശയ്യാ പ്രവാചകനിലൂടെ ഹിസ്ക്കീയാവിനെ അറിയിച്ചു. ഹിസ്ക്കീയാവിന്റെ പ്രതികരണമാകട്ടെ, വളരെ തണുപ്പൻ മട്ടിലായിരുന്നു.

ദൈവഭക്തിയിൽ ജീവിച്ചാൽ നമുക്ക് സുരക്ഷിതത്വവും സമാധാനവും സന്തോഷവുമായിരിക്കും ഉണ്ടാവുക എന്നത് നമ്മിൽ ചിലർക്കുള്ള ഒരു ആശയമാണ്. യിസ്ക്കീയാവിന്റെ ദൈവഭക്തി അതിശയകരമായ ഒന്നായിരുന്നു, എന്നിരുന്നാലും, തന്റെ ജീവിതത്തിൽ അഹങ്കാരവും സ്വയാശ്രയവും കടന്നുവന്നപ്പോൾ ദൈവം അവനു ശിക്ഷണം നല്കാൻ തീരുമാനിച്ചു. ബാബിലോൺ ദേശക്കാർ ദേശത്തേക്കു കടന്നു കയറി, ദേശത്തും ദൈവാലയത്തിലുമുണ്ടായിരുന്ന സകലതും കടത്തിക്കൊണ്ടുപോയി. അഹങ്കാരം നമ്മുടെ ഹൃദയങ്ങളിലേക്കു കടന്നു കയറാതെ നാം സൂക്ഷിക്കേണ്ടതുണ്ട്.

ഹിസ്ക്കീയാവിന്റെ ദൈവം, കൊച്ചി സഭയിലെ സകലരുടെയും ഹൃദയം നവീകരിക്കാനായി നമുക്ക് ഗൗരവതരമായി പ്രാർത്ഥിക്കാം. ഓരോ വിജയത്തിന്റെ പിറകിലും അഹങ്കാരം പതിയിരിക്കുന്നുണ്ടെന്ന കാര്യം നമുക്ക് ഓർത്തുവയ്ക്കാം. അഹങ്കാരം നമ്മുടെ ഹൃദയത്തിലേക്ക് നുഴഞ്ഞുകയറുമ്പോൾ, നാം ദൈവത്തിന്റെ ശത്രുവായി മാറുന്നു. നാം വിശുദ്ധരും നിർമ്മലരും ആയിരിക്കണമെന്നാണ് ഹിസ്ക്കീയാവിന്റെ ദൈവം ആഗ്രഹിക്കുന്നത്. ദൈവം അനുഗ്രഹിക്കട്ടെ.

ബെന്നി സോസ

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 29** തീയതി:.....................

## ഇയ്യോബിന്റെ ദൈവം

"നീതിമാൻ എന്തിനു കഷ്ടങ്ങൾ സഹിക്കണം?" എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ഇയ്യോബ്. ഇയ്യോബ് ആരാണെന്നത് ഒന്നാം അദ്ധ്യായത്തിൽതന്നെ പറയുന്നുണ്ട്: *"അയാൾ നിഷ്കളങ്കനും നേരുള്ളവനും ദൈവത്തെ ഭയപ്പെടുന്നവനും തിന്മവിട്ടകലുന്നവനുമായിരുന്നു"* (ഇയ്യോബ് 1:1).

1:4-7 വാക്യങ്ങളിൽ തന്റെ മക്കളുമായി ഒത്തു ചേർന്നു സന്തോഷിക്കുകയും, മക്കളുടെ പാപപരിഹാരത്തിനായി ദൈവത്തിനു ബലിയർപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന ഇയ്യോബിനെ നമുക്കു കാണാൻ കഴിയും.

ഇയ്യോബ് ദൈവത്തിൽ വിശ്വസിച്ചു. അതുപോലെതന്നെ ദൈവം ഇയ്യോബിലും വിശ്വസിച്ചു. വാ 8ൽ നാം കാണുന്നത്, ഒരു മനുഷ്യനു ദൈവം നല്കുന്ന എറ്റവും വലിയ അംഗീകാര വാക്കുകൾ ആണ്.

സമ്പന്നനും ദൈവഭക്തനും നീതിയിൽ സന്തോഷിക്കുന്നവനുമായ ഇയ്യോബിന് ഒരു ദിവസം എല്ലാ സമ്പത്തും നഷ്ടപ്പെടുന്നു. കഠിനമായ ആ സമയത്തും ഇയ്യോബിൽ നിന്നും പുറപ്പെട്ടവാക്കുകൾ വളരെ പ്രചോദനം നല്കുന്ന വാക്കുകൾതന്നെയാണ്. *"എന്റെ അമ്മയുടെ ഗർഭത്തിൽനിന്നു ഞാൻ നഗ്നനായി പുറപ്പെട്ടുവന്നു; നഗ്നനായിത്തന്നെ ഞാൻ മടങ്ങിപോകും. യഹോവ തന്നു; യഹോവ എടുത്തു; യഹോവയുടെ നാമം മഹത്ത്വപ്പെടുമാറാകട്ടെ."* (ഇയ്യോബ് 1:21)

പിന്നീട്, തന്റെ ശരീരത്തിൽ കഠിനമായ അസുഖങ്ങൾ ബാധിച്ചപ്പോഴും, കൂടെയുള്ള ഭാര്യപോലും ദൈവത്തെ തള്ളിപ്പറയാൻ പറഞ്ഞ സമയത്തും, ഇയ്യോബിന്റെ മനോഭാവം എത്രമഹത്തരമായിരുന്നു എന്നു നമുക്ക് കാണാനാകും. *"ഒരു ബുദ്ധികെട്ട സ്ത്രീ സംസാരിക്കുന്നതുപോലെ നീ സംസാരിക്കുന്നു. നാം ദൈവത്തിൽ നിന്നു നന്മ സ്വീകരിക്കുന്നു; തിന്മയും സ്വീകരിക്കേണ്ടതില്ലേ? എന്നായിരുന്നു ഇയ്യോബിന്റെ മറുപടി. ഇതിലൊന്നും ഇയ്യോബ് തന്റെ അധരങ്ങൾകൊണ്ടു പാപം ചെയ്തില്ല."* (ഇയ്യോബ് 2:10)

മറ്റുപലരും ബുദ്ധിമുട്ടിലൂടെ കടന്നുപോകുമ്പോൾ, അവരെ സ്നേഹത്തോടെയുള്ള ഉപദേശത്താൽ ഇയ്യോബ് ആശ്വസിപ്പിച്ചിരുന്നുവെന്നത് അറിയപ്പെടുന്ന ഒരു കാര്യമായിരുന്നു (4:3-4). എന്നിരുന്നാലും തന്റെ കഷ്ടപ്പാടിന്റെ സമയത്ത് കൂടെയിരിക്കാൻ വന്ന സുഹൃത്തുക്കളിൽ നിന്നും ആശ്വാസത്തിന്റെ വാക്കുകൾ അല്ല അവനു കിട്ടുന്നത്.

ഭാര്യതന്നെ തന്റെ വിശ്വാസത്തെ പരിഹസിക്കുന്നു. ആശ്വസിപ്പിക്കാൻ വന്ന സുഹൃത്തുക്കൾ നിരാശപ്പെടുത്തുന്നു. അത്തരം ഒരു സാഹചര്യത്തിൽ ഇയ്യോബ് ദൈവത്തോടു സംസാരിക്കാൻ തുനിയുകയാണു ചെയ്തത് (13:3). ഇയ്യോബിന്റെ മനോഭാവം വ്യക്തമാകുന്ന വാക്കുകൾ വീണ്ടും കാണാം: *"ദൈവം എന്നെ കൊന്നാലും ഞാൻ ദൈവത്തിൽ ആശ്രയിക്കും; എന്റെ വഴികൾ അവിടുത്തെ മുമ്പിൽ ശരിയെന്നു ഞാൻ തെളിയിക്കും."* (13:15)

പിന്നീട് ദൈവത്തോടു ചോദ്യങ്ങൾ ചോദിക്കുന്ന ഇയ്യോബിനെ നമുക്കു കാണാം, അതിനു മറുപടിയായി ദൈവം ഇയ്യോബിനോടും ചില ചോദ്യങ്ങൾ തിരിച്ചു ചോദിക്കുന്നു. ഇന്നുവരെ ലോകത്തുള്ള ഒരു മനുഷ്യനും ഉത്തരം പറയാൻ കഴിയാത്ത കുറേചോദ്യങ്ങളായിരുന്നു അത്.

ഇന്നു നാമും പലപ്പോഴും ദൈവത്തോടു പലചോദ്യങ്ങളും ചോദിക്കാറുണ്ട്. അതിൽ ഒരു ചോദ്യമാണ്, നീതിയായിട്ട് പ്രവർത്തിച്ചിട്ടും എന്തുകൊണ്ടു ജീവിതത്തിൽ കഷ്ടങ്ങൾ കടന്നുവരുന്നു എന്ന ചോദ്യം. അതിന്റെ ഉത്തരം ഇതാണ്: "നമ്മുടെ ബുദ്ധികൊണ്ടും ചിന്തകൾകൊണ്ടും മനസ്സിലാക്കാൻ സാധിക്കാത്ത പല പദ്ധതികളും ദൈവത്തിനുണ്ട്, അതിനെ ചോദ്യം ചെയ്യാൻ നമുക്കു കഴിയില്ല." ഏതൊരവസ്ഥയിലും ദൈവത്തോടുള്ള നമ്മുടെ സമർപ്പണം എങ്ങനെയായിരിക്കണം എന്നത് നാം തിരിച്ചറിയണം.

അവസാന അദ്ധ്യായത്തിൽ ഇയ്യോബ് ദൈവത്തോടു മാപ്പപേക്ഷിക്കുന്നു: *"അറിവില്ലാതെ ആലോചനയെ മറച്ചുവയ്ക്കുന്ന ഇവനാര്? അതിനാൽ എനിക്കറിഞ്ഞുകൂടാത്തത് ഞാൻ പ്രസ്താവിച്ചു; അത് എനിക്കു അത്യന്തം ആശ്ചര്യകരവും അജ്ഞാതവും തന്നെ"* (42:3). താൻ കടന്നുപോയ അനുഭവങ്ങൾ തന്നിൽസൃഷ്ടിച്ച സ്വാധീനം എത്രമാത്രം എത്രവലുതായിരുന്നു എന്ന ഏറ്റുപറച്ചിൽ 42:5ൽ നമുക്കു കാണാം: *"അങ്ങയെക്കുറിച്ച് ഒരു കേൾവി മാത്രമേ ഞാൻ കേട്ടിരിന്നുള്ളൂ; എന്നാലിപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു."*

പിന്നീടു നമുക്കു കാണാൻ കഴിയുന്നത്, ഇയ്യോബ് തന്റെ സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ, യഹോവ അവന്റെ പൂർവ്വസ്ഥിതി ഇരട്ടിയാക്കി പുനഃസ്ഥാപിച്ചു നല്കി എന്ന അതിശയകരമായ കാര്യമാണ്.

സഹോദരീ സഹോദരന്മാരെ, നമ്മുടെ വിശ്വാസജീവിതത്തിൽ നമുക്കു മുന്നിലുള്ള വിശ്വാസവീരന്മാരിൽ ഇയ്യോബ് എന്നും ഒരു ഉത്തമ ഉദാഹരണമാണ്. ഏത് അവസ്ഥയിൽ ആയിരുന്നാലും ദൈവത്തോടുള്ള നമ്മുടെ സമർപ്പണം എപ്രകാരം ആയിരിക്കണം എന്ന് ഇയ്യോബ് നമുക്കു കാണിച്ചുതരുന്നു. നമുക്ക് ഇയ്യോബിനെ മാതൃകയാക്കി മുന്നോട്ടുപോകാം. ദൈവം നമ്മെ സഹായിക്കട്ടെ.

ജോൺസൺ, തൃശ്ശൂർ

# വിശ്വാസവീരർ

## പ്രാർത്ഥനാസമയ പരമ്പര

**ദിനം: 30** തീയതി:....................

### അബ്രാഹാമിന്റെ ദൈവം

പ്രിയ സഹോദരീസഹോദരന്മാരേ, **വിശ്വാസവീരർ** എന്ന തലക്കെട്ടോടുകൂടി, കഴിഞ്ഞ ഒരു മാസം നീണ്ടുനിന്ന ഈ പാഠഭാഗങ്ങളിലൂടെ നല്ല ഒരു പഠനസമയം എല്ലാവർക്കും ഉണ്ടായിരുന്നു എന്ന് ഞാൻ പ്രത്യാശിക്കുന്നു, വിശേഷിച്ച് ഈ വിശ്വാസവീരരുടെ **ദൈവ**ത്തെക്കുറിച്ച്.

അബ്രാഹാമിന്റെ പിതാവായ തേരഹ്, തന്റെ കുടുംബത്തോടൊപ്പം, കല്ദയരുടെ ഊരിൽനിന്നും കനാൻ ദേശത്തേക്കു പുറപ്പെട്ടു, എന്നാൽ ഹാരാൻ ദേശത്തെത്തിയപ്പോൾ അവിടെ സ്ഥിരതാമസമാക്കി (ഉല്പത്തി 11:29).

ഹാരാൻ ദേശത്തുവച്ച് ദൈവം അബ്രാഹാമിനെ വിളിച്ചു, നിന്റെ ദേശത്തെയും നിന്റെ ജനങ്ങളെയും നിന്റെ പിതൃഭവനക്കാരെയും വിട്ട്, ഞാൻ നിന്നെ കാണിക്കാനിരിക്കുന്ന ദേശത്തേക്കു പോകുക (ഉല്പത്തി 12:1). അതുകേട്ട അബ്രാഹാം, ദൈവത്തെ അനുസരിക്കാനായി കനാൻ ദേശത്തേക്കു പുറപ്പെട്ടു.

ഉല്പത്തി 17:4–5ൽ: *"നിന്നോടുള്ള എന്റെ നിയമം എന്തെന്നാൽ; നീ അനേകം ജനതകൾക്കു പിതാവായിത്തീരും. ഇനിമേൽ നീ അബ്രാം എന്നു വിളിക്കപ്പെടുകയില്ല, നിന്റെ പേര് അബ്രാഹാം എന്നായിരിക്കും; ഞാൻ നിന്നെ അനേകം ജനതകൾക്കു പിതാവാക്കിയിരിക്കുന്നുവല്ലോ"*. 'കീർത്തിയേറിയ പിതാവ്' എന്ന നിലവാരത്തിൽനിന്നും 'അനേകർക്കു പിതാവ്' എന്ന സ്ഥാനത്തേക്ക് ദൈവം അവനെ ഉയർത്തി.

തന്നെ അനേകജനതകളുടെ പിതാവാക്കും എന്ന് ദൈവം വാഗ്ദാനം ചെയ്ത സമയത്ത് അബ്രാഹാമും സാറയും പ്രായാധിക്യം ഏറിയവരും, സാറയുടെ ഉദരം വന്ധ്യവുമായിരുന്നുവെന്ന് ഓർക്കുക. സകലപ്രത്യാശാരാഹിത്യത്തിനുമെതിരെ, **അബ്രാഹാം, പ്രത്യാശയോടെ, ദൈവത്തിൽ വിശ്വസിച്ചു, അപ്രകാരം അനേക ജനതകളുടെ പിതാവായിത്തീരുകയും ചെയ്തു**. 'നിന്റെ സന്തതികളെ ഞാൻ വർദ്ധിപ്പിക്കും' എന്ന ദൈവവാഗ്ദാനത്തിന്റെ നിവർത്തനം പോലെ. വിശ്വാസത്തിൽ ബലഹീനപ്പെടാതെ, തന്റെ ശരീരം മൃതപ്രായമായതാണെന്ന സത്യത്തെയും (അദ്ദേഹത്തിന് ഏകദേശം നൂറുവയസ്സായിരുന്നു), സാറായുടെ ഉദരം വന്ധ്യമാണെന്നുള്ള യാഥാർത്ഥ്യത്തെയും അബ്രാഹാം നേരിട്ടു. റോമർ 4:20–21ൽ പറയുന്നതുപോലെ, പ്രായാധിക്യത്തിലും: *"ദൈവത്തിന്റെ വാഗ്ദാനത്തെക്കുറിച്ച്, അവിശ്വാസത്താൽ ചഞ്ചലപ്പെടാതെ, ദൈവം വാഗ്ദാനം ചെയ്തതു നിവർത്തിപ്പാൻ ശക്തനാണെന്നുള്ള **പൂർണ്ണബോധ്യത്തോടെ**, അദ്ദേഹം വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തെ മഹത്വപ്പെടുത്തി."*

ദൈവത്തെ അനുസരിക്കുന്നതിൽ മാത്രം ശ്രദ്ധയൂന്നിക്കൊണ്ട്, തന്റെ ദേശത്തെയും ആളുകളെയും പിതാവിന്റെ ഭവനക്കാരെയുമെല്ലാം വിട്ടുപേക്ഷിച്ച്, കാണപ്പെടാത്ത/അറിയപ്പെടാത്ത ഒരു ദേശത്തേക്ക് യാത്ര തിരിച്ചാണ് അബ്രാഹാം തന്റെ ജീവിത യാത്ര തുടങ്ങിയത്. ദൈവത്തെ പൂർണ്ണമായി ആശ്രയിച്ച്, അവിടുത്തെ വാഗ്ദാനത്തിൽ അനുസരണവും വിശ്വാസവും പ്രകടിപ്പിച്ചു ജീവിച്ചതിനാലാണ് അബ്രാഹാമിനെ വിശ്വാസത്തിന്റെ പിതാവെന്നു വിളിക്കുന്നതെന്നാണ് ഞാൻ കരുതുന്നത്, പുത്രനെ ബലിയർപ്പിക്കാനുള്ള ദൈവകല്പന അനുസരിച്ചതുകൊണ്ടാകണമെന്നില്ല. എബ്രായർ 11:8 ഇക്കാര്യം വ്യക്തമാ

ക്കുന്നു: *"വിശ്വാസത്താൽ അബ്രാഹാം പില്ക്കാലത്തു തനിക്ക് അവകാശമായി ലഭിക്കാനിരുന്ന ദേശത്തേക്കു പോകുവാൻ വിളിക്കപ്പെട്ടപ്പോൾ അനുസരിച്ച്, താൻ എവിടേക്കു പോകുന്നുവെന്നറിയാതെ ഇറങ്ങിപ്പുറപ്പെട്ടു"*. തന്നിൽ വിശ്വാസമർപ്പിക്കുന്നവർ അബ്രാഹാമിന്റെ പുത്രന്മാരും പുത്രിമാരുമെന്ന് അറിയപ്പെടുമെന്ന് യേശു പറഞ്ഞതു വെറുതെയല്ല.

തന്റെ പുത്രനിലൂടെ മനുഷ്യവർഗ്ഗത്തിനു രക്ഷ കൊണ്ടുവരുവാനുള്ള ദൈവത്തിന്റെ പദ്ധതി അബ്രാഹാമിലൂടെ ആരംഭിച്ചു. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയുടെ വേര് അബ്രാഹാമാണ്, യേശുവിന്റെ വംശാവലിയെ സ്ഥാപിതമാക്കാൻ വേണ്ടി ദൈവം തിരഞ്ഞെടുത്ത വ്യക്തി.

നമ്മുടെ വിശ്വാസപ്രയാണം എപ്രകാരമാണിരിക്കുന്നത്? ഹാരാനിൽ തങ്ങിനില്ക്കുകയാണോ? ദൈവവാഗ്ദാനങ്ങളിലുള്ള നമ്മുടെ വിശ്വാസം ആടിക്കളിക്കുന്ന ഒന്നാണോ? കാണപ്പെടാത്തതിനെ അനുഭവിച്ചറിയാനും, എത്തിപ്പെടാൻ സാധിക്കാത്തതിനെ കൈനീട്ടിപ്പിടിക്കാനും, അറിയാൻ സാധിക്കാത്തതിനെ സ്പർശിച്ചറിയാനും, അസാദ്ധ്യമായതിനെ സ്വപ്നം കാണാനും ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

നമ്മുടെ പ്രാർത്ഥനാസമയപരമ്പരയുടെ അവസാന ദിവസത്തിൽ നാം എത്തിനില്ക്കുമ്പോൾ ഇതു തയ്യാറാക്കാൻ സന്മനസ്സു കാണിച്ച സകലരെയും ഞാൻ അഭിനന്ദിക്കുന്നു. പരിഭാഷപ്പെടുത്തി മൊബൈൽ സ്ക്രീനിനനുയോജ്യമായ രീതിയിൽ രൂപപ്പെടുത്തിയ ബെന്നിക്കും, ശബ്ദസന്ദേശരൂപത്തിൽ തയ്യാറാക്കിയ ജോസിനും നന്ദിപറയാനും ഞാൻ ഈ അവസരും ഉപയോഗിക്കുന്നു.

വിശ്വാസ വീരരുടെ പട്ടികയിൽ ഇടം തേടാൻ ദൈവം നിങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ. ഊഷ്മളമായ ആശംസകൾ.

ഫിലിപ്പോസ്